www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 47 | 2017 DEC 02 | ₹10



# സംവരണം വീണ്ടും അട്ടിമറിക്കപ്പെടുകയോ?

സാമൂഹികപരമായ കാരണങ്ങൾ കൊണ്ട് പിന്നാക്കം പോയവരെ ഇതര ജനവിഭാഗങ്ങൾക്കൊപ്പമെത്തിക്കാൻ വേണ്ടി ക്രാന്തദർശിത്വമുള്ള രാഷ്ട്ര ശിൽപികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയതാണ് ഇന്ത്യയുടെ സംവരണനയം. എന്നാൽ രാഷ്ട്രീയ പ്രീണനത്തിന്റെ ഭാഗമായോ പക്ഷപാതപാരമായോ ഇതിനെ സമീപിക്കുന്ന ഭരണകർത്താക്കൾ സമൂഹത്തിന്റെ ആവശ്യങ്ങളെ നിരാകരിക്കുകയാണ് ചെയ്യുന്നത്. സംവരണത്തെ കുറിച്ചുള്ള പുതിയ ചർച്ചയിൽ ശ്രദ്ധേയമായ ഇടപെടൽ.

## കഴുത്തറുക്കുന്ന കലോത്സവങ്ങൾ

**യാദൃച്ഛികതാവാദത്തിലെ നിരർഥകത || മുജാഹിദുകളെ നിഷ്‌ക്രിയരാക്കുവാൻ ശ്രമിക്കുന്നവരോട്...**

**നബിദിനാഘോഷക്കാർ കാണാതെ പോകുന്നത്...!**

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840




നേർപഥം
വാരിക

0047 / 2017 ഡിസംബർ 02 / 1439 റബിഉൽ അവ്വൽ 13 / പുസ്തകം 01 / ലക്കം 47


# സംവരണം വീണ്ടും അട്ടിമറിക്കപ്പെടുകയോ?


സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

വഴിമുടക്കികളോട് / 05
എഡിറ്റർ

**ലേഖനങ്ങൾ**

ആരാണ് ശിയാക്കൾ? / 06
അബ്ദുൽ ജബ്ബാർ മദീനി

നബിദിനാഘോഷക്കാർ കാണാതെ പോകുന്നത്...! / 15
ഉസ്മാൻ പാലക്കാഴി

യാദൃച്ഛികതാവാദത്തിലെ നിരർഥകത / 26
മുഹമ്മദ് അജ്മൽ. സി

മുജാഹിദുകളെ നിഷ്‌ക്രിയരാക്കുവാൻ... / 32
ഫദ്‌ലുൽ ഹഖ് ഉമരി

**ബാലപഥം**

അല്ലാഹുവിന് നന്ദി കാണിക്കുക നാം / 18
അശ്‌റഫ് പുളിമ്പറമ്പ്

**ക്വുർആൻ പഠനം**

അല്ലാഹുവിന്റെ വാഗ്ദാനം / 19
ശമീർ മദീനി

**ചരിത്രപഥം**

മഹാത്യാഗത്തിന്റെ ചരിത്രം / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**

മനസ്സ് മാറിക്കിട്ടാൻ / 25
പ്രൊഫ: ഹാരിസ്ബിൻ സലീം

**പാരന്റിംഗ്**

പെൺമനസ്സിന്റെ ശാക്തീകരണം / 28
അശ്‌റഫ് എകരൂൽ


**നമുക്ക് ചുറ്റും**

കഴുത്തറുക്കുന്ന കലോത്സവങ്ങൾ / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### ഒരു മുസ്‌ലിമിനും തീവ്രവാദിയാവുക സാധ്യമല്ല

ലോകത്തിന് മുഴുവൻ കാരുണ്യമായിക്കൊണ്ടാണ് മുഹമ്മദ് നബിﷺയെ പടച്ച തമ്പുരാൻ ഭൂമിയിലേക്ക് അയച്ചത് എന്നാണ് വിശുദ്ധ ക്വുർആൻ പ്രസ്താവിക്കുന്നത്. കാരുണ്യത്തിന്റെ ആ തിരുദൂതനെ അനുധാവനം ചെയ്യുന്ന ഒരു മുസ്‌ലിമിനും തീവ്രവാദിയാവുക സാധ്യമല്ല.

വിഷം പുരട്ടിയ തന്റെ നാവു കൊണ്ട് പ്രവാചകനെﷺ നിരന്തരം ഉപദ്രവിച്ച, തന്റെ വാക്ചാതുര്യം മുഴുവൻ പ്രവാചകനെ അപമാനിക്കാൻ വേണ്ടി ചെലവഴിച്ച സുഹൈൽബ്നു അംറിനെ യുദ്ധത്തടവുകരനായി കിട്ടിയപ്പോൾ 'പ്രവാചകരേ, സുഹൈലിനെ എനിക്ക് വിട്ടുതരൂ, ഞാനവന്റെ പല്ല് തച്ച്കൊഴിക്കട്ടെ. നാവ് പിഴുതെറിയട്ടെ. എന്നാൽ അയാൾ പിന്നെ അങ്ങേക്കെതിരെ പ്രസംഗിച്ച് നടക്കുകയില്ല.' എന്ന പ്രവാചകാനുയായിയായ ഉമർ(റ)വിന്റെ വാക്കുകളോട് 'അരുത് ഉമർ! ഒരിക്കലും ചെയ്യരുത്. ഞാൻ ഒരിക്കലും അയാളെ അംഗഭംഗപ്പെടുത്തുകയില്ല. അങ്ങനെ ചെയ്താൽ അല്ലാഹു എന്നെയും അതു ചെയ്യും; ദൈവദൂതനാണെങ്കിൽ പോലും.' എന്നു പറഞ്ഞ ആ കാരുണ്യത്തിന്റെ ദൂതന്റെ അനുയായികൾക്ക് ഒരിക്കലും തീവ്രവാദിയാവുക സാധ്യമല്ല.

തങ്ങളെ നിരന്തരം പീഡിപ്പിക്കുകയും തങ്ങൾ നാട് വിട്ടു പോകാനും കാരണക്കാരായ ഖുറൈശികളെ നോക്കി മക്കാവിജയ സമയത്ത് ഇന്ന് 'യൗമുൽ മൽഹമ', അഥവാ യുദ്ധത്തിന്റെ ദിനമാണ്, ആദരവുകൾ കീറിയെറിയപ്പെടുന്ന ദിനം എന്നു വിളിച്ചു പറഞ്ഞ അനുയായിയെ അല്ല ഇന്ന് യൗമുൽ മർഹമ അഥവാ കാരുണ്യത്തിന്റെ ദിനമാണ് എന്നു പ്രഖ്യാപിച്ച ആ മഹാ പ്രവാചകന്റെﷺ അനന്തരാവകാശികൾക്ക് തീവ്രവാദിയാവുക സാധ്യമല്ല.

'ഞാൻ റസൂലുല്ലാഹിﷺക്ക് പത്തുവർഷം സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ തിരുദൂതർ ഛെ! എന്ന വാക്കുപോലും പറഞ്ഞിട്ടില്ല. നീ എന്തിന് ഇതു ചെയ്തു, എന്തുകൊണ്ട് അതു ചെയ്തില്ല എന്നു ചോദിച്ചു കുറ്റപ്പെടുത്തിയിട്ടുമില്ല' എന്ന സേവകന്റെ സാക്ഷ്യം ആ വ്യക്തിത്വം എത്ര കരുണ നിറഞ്ഞവനായിരുന്നു എന്നു നമുക്ക് കാട്ടിത്തരുന്നതാണ്. ആ പ്രവാചകനെ ജീവിത മാതൃകയായി സ്വീകരിക്കുന്ന ഒരൊറ്റ മനുഷ്യനും തീവ്രവാദിയാവുക സാധ്യമല്ല.

വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ തലം ക്ഷമയും സഹിഷ്ണുതയും ആണ് എന്നും അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് ഗുണങ്ങൾ ദയയും സഹിഷ്ണുതയുമാണ് എന്നും സമൂഹത്തെ ഉൽബോധിപ്പിച്ച ആ മഹാനുഭാവന്റെ പിന്തുടച്ചക്കാർക്ക് തീവ്രവാദിയാവുക ഒരിക്കലും ഒരിക്കലും സാധ്യമല്ല.

ഇനിയും നിങ്ങൾക്ക് ആ പ്രവാചകനെ അനുധാവനം ചെയ്യുന്നവരിൽ തീവ്രവാദം ആരോപിക്കണം എന്നുണ്ടെങ്കിൽ അവരുടെ ഹൃദയങ്ങളിൽ നിന്ന് ആ പ്രവാചകനെ അറുത്തു മാറ്റുക. അതല്ലാതെ തരമില്ല...!

'നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും, അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക.' (ക്വുർആൻ 7:199)

**– അബൂ മർയം**

### എത്ര സ്വാദിഷ്ടമാണ് ഈ വിഭവം!

അറബിയിൽ ഒരു പ്രസിദ്ധ ആപ്ത വാക്യമുണ്ട്. 'വാക്കിൽ ഉത്തമം ചുരുങ്ങിയതും (ആശയത്തെ) ദ്യോതിപ്പിക്കുന്നതുമാണ്'. ഈ ആഴ്ചത്തെ 'നേർപഥം' വാരിക വായിച്ചു കഴിഞ്ഞപ്പോൾ ഓർത്തത് ഈ വാക്യമാണ്. ചുരുങ്ങിയ വാചകങ്ങളിലും പേജുകളിലും മുതിർന്നവർക്കും കുട്ടികൾക്കും വേണ്ടി തീർത്തും വ്യത്യസ്തങ്ങളായ വിജ്ഞാന വിഭവങ്ങളെ ഭംഗിയായി ഒതുക്കി വെച്ചിരിക്കുന്നു.

അബ്ദുൽ ജബ്ബാർ മദീനി, പി.എൻ അബ്ദുൽ ലത്തീഫ് മദനി, ഹുസ്സൈൻ സലഫി, ഹാരിസ് ബ്നു സലീം, ടി.കെ അഷ്‌റഫ്, അലി ചെമ്മാട്, മൂസ്സ സ്വലാഹി കാര, അജ്മൽ തുടങ്ങിയ പ്രമുഖരല്ലാം ഈ സ്റ്റാളിൽ ഒരേ നിരയിലുണ്ട്.

'നേർപഥം' വിതരണം ചെയ്യുന്നവരും വാങ്ങി വെക്കുന്നവരും നമ്മിൽ ധാരാളമുണ്ട്. പക്ഷെ അതിന്റെ ഉൾപേജുകളിലെ വിഭവത്തിന്റെ സ്വാദറിഞ്ഞവർ നമ്മിലെത്രയുണ്ട്? തീർച്ച, ഈ സ്വാദറിഞ്ഞാൽ നിങ്ങൾ ഒരോ ആഴ്ചയും 'നേർപഥം' കാത്തിരിക്കും. നേരിന്റെ ഈ വരമൊഴി ഒരു വേറിട്ട വായനാനുഭവം തന്നെ!

**– അബൂ ആമിർ കുവൈത്ത്**

മുഖമൊഴി

# വഴിമുടക്കികളോട്

"ഏത് ഈർക്കിൽ പ്രസ്ഥാനമോ പാർട്ടിയോ, ജില്ലാ സമ്മേളനമോ സംസ്ഥാന സമ്മേളനമോ നടത്തിയാലും ശരി, അതിനോടനുബന്ധിച്ച്, വാടകക്കെടുത്ത വാഹനങ്ങളിൽ കൂലിക്ക് ആളെ കുത്തിനിറച്ച് തിങ്ങിനിറഞ്ഞ നഗരവീഥികളിൽ ചൊരിഞ്ഞശേഷം, വാഹന ഗതാഗതവും എന്തിന് കാൽനട യാത്രപോലും അസാധ്യമാക്കിക്കൊണ്ട് പ്രകടനങ്ങൾ നടത്തുന്നത് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം പതിവുകർമമാണ്. വഴിമുടക്കി പ്രകടനങ്ങൾക്ക് ബഹു. ഹൈക്കോടതി നിയന്ത്രണങ്ങൾ ഏർപെടുത്തിയപ്പോൾ, ആരംഭശൂരത്വം എന്ന് പറയുന്നതുപോലെ, ആദ്യം കുറെ നാളത്തേക്ക് പ്രകടനദാഹികളും പോലീസുകാരും കുറച്ചൊക്കെ ശ്രദ്ധിച്ചിരുന്നു. പക്ഷേ, ഇപ്പോൾ ശങ്കരൻ വീണ്ടും തെങ്ങേൽതന്നെ! തലസ്ഥാന നഗരിയിൽ ഈ അടുത്തകാലത്ത് നടന്ന പ്രകടനങ്ങളെല്ലാം തന്നെ നിരത്തുകൾ മുഴുവൻ കയ്യടക്കിക്കൊണ്ട്, പൂർണമായും ഗതാഗതം സ്തംഭിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. മറ്റ് നഗരങ്ങളിലെ സ്ഥിതിയും മറിച്ചല്ല". ഒരു പ്രമുഖ മലയാള പത്രത്തിൽ വന്ന പ്രതികരണങ്ങളിൽ ഒരു സഹോദരൻ എഴുതിയ വരികളാണിത്.

മണിക്കൂറുകളോളം ഗതാഗത സ്തംഭനമുണ്ടാക്കി യാത്രക്കാരെ വലച്ചും രോഗികളെ പ്രയാസപ്പെടുത്തിയും പ്രകടനം നടത്തുന്നു, ബന്ദിന്റെയും ഹർത്താലിൻെറയും പേരിൽ റോഡുകളിൽ കല്ലും മരവുമിട്ടും ടയറുകൾ കൂട്ടിയിട്ട് കത്തിച്ചും ഗതാഗതം സ്തംഭിപ്പിക്കുന്നു... ഇതെല്ലാം നടക്കുന്നത് പ്രാകൃതയുഗത്തിലല്ല, ആധുനിക കാലഘട്ടത്തിലാണ്; സാംസ്കാരിക കേരളത്തിലാണ്. ഈ കുളിമുറിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും നഗ്നരാണ്; എന്തിനേറെ മതഘോഷ യാത്രകൾ നടത്തി ഗതാഗതക്കുരുക്കുണ്ടാക്കി മതസംഘടനകൾ പോലും ഇതിൽ പങ്കുചേരുന്നു! മതത്തിന്റെ പേരിലുള്ള ഘോഷയാത്രകൾ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിൽ അടുത്തകാലത്തായി മത്സരബുദ്ധി കാണിക്കുന്നുണ്ടോ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു.

ഇവിടെയാണ് മാനവികതയുടെ പ്രവാചകന്റെ "വഴിയിൽനിന്ന് ഉപദ്രവങ്ങൾ നീക്കം ചെയ്യൽ ധർമമാകുന്നു" എന്ന വചനം പ്രസക്തതമാവുന്നത്. ഒരു മനുഷ്യൻ കൊല്ലപ്പെട്ടാൽ വഴിമുടക്കിയും മറ്റും നിരവധിയാളുകളെ കൊല്ലാക്കൊല ചെയ്ത് 'ധാർമികമായി' പ്രതികരിക്കുന്നവർ ശ്രദ്ധിക്കേണ്ട വചനമാണിത്.

വഴിയിൽ കാണുന്ന ഉപദ്രവങ്ങൾ നീക്കം ചെയ്യൽ വിശ്വാസത്തിന്റെ ഭാഗമാണെന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ജന്തുജാലങ്ങളോടുപോലും കാരുണ്യം കാണിക്കുവാൻ പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യ ജീവനും സ്വത്തിനും അഭിമാനത്തിനും പവിത്രത നൽകിയ മതമാണ്. സ്വന്തം താൽപര്യം മാത്രം സംരക്ഷിക്കുകയും അതിന്റെ മാർഗത്തിൽ മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്യുന്ന സ്വാർഥമതികൾ വർധിച്ചുകൊണ്ടിരിക്കെ സത്യവിശ്വാസികൾ ചെയ്യേണ്ടത് പ്രവാചക ശിഷ്യന്മാരെപോലെ അന്യരുടെ സുഖക്ഷേമം ആഗ്രഹിക്കുകയും അതിനുവേണ്ടി തങ്ങളാലാകുന്നത് ചെയ്യുകയുമാണ്.

ഗതാഗതം സ്തംഭിപ്പിക്കുന്ന പ്രകടനങ്ങളിൽനിന്നും മതഘോഷ യാത്രകളിൽനിന്നും ബന്ദ്, ഹർത്താൽ പോലുള്ള ജനദ്രോഹ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കാൻ സത്യവിശ്വാസികൾ തയ്യാറാവേണ്ടതുണ്ട്. വഴിയിലെ ഉപദ്രവകരമായ വസ്തുക്കൾ നീക്കം ചെയ്യൽ ധർമമാണെന്ന പ്രവാചക വചനത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് സകലവിധ ജനദ്രോഹ പ്രവർത്തനങ്ങളിൽനിന്നും സത്യവിശ്വാസികൾ അകന്നുനിൽക്കേണ്ടതുണ്ട്.

ഒരു ജനാധിപത്യ രാഷ്ട്രത്തിലാണ് നാം ജീവിക്കുന്നത്. പൗരന്മാർക്ക് സംഘടിക്കുവാനും അവകാശങ്ങൾ ചോദിച്ചുവാങ്ങുവാനും ഇവിടെ അനുവാദമുണ്ട്; സ്വാതന്ത്ര്യമുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുവാനും കവർന്നെടുക്കുവാനും അവരെ ബുദ്ധിമുട്ടിക്കുവാനും ആർക്കും അവകാശമില്ല. എന്നാൽ അതാണിന്ന് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതും. സത്യവിശ്വാസികളിൽനിന്ന് ഇത്തരത്തിലുള്ള ജനദ്രോഹപരമായ നടപടികൾ ഉണ്ടാകുവാൻ പാടില്ല; ഒരിക്കലും. ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം



# ആരാണ് ശിയാക്കൾ?

ഭാഗം: 2

## ഇസ്മത്ത്

ശിയാക്കളുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സാങ്കേതിക ശബ്ദവും അവരുടെ അടിസ്ഥാനവുമാണ് ഇസ്മത്ത് അല്ലെങ്കിൽ ഇസ്മത്തുൽ ഇമാം. ശിയാ ഇമാമുമാർ എല്ലാവരും തെറ്റുകളിൽനിന്നും മറവി സംഭവിക്കുന്നതിൽനിന്നും സുരക്ഷിതരാണെന്നും വലിയ, ചെറിയ പാപങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് അവർ 'പാപസുരക്ഷിതർ' ആണെന്നുമുള്ള വിശ്വാസമാണ് ഇസ്മത്ത്.

ശിയാ ശെയ്ഖായ അൽമജ്‌ലിസീ പറയുന്നു: "തെറ്റുകൾ ചെറുതാകട്ടെ വലുതാകട്ടെ, അവയിൽ നിന്നെല്ലാം ഇമാമുമാർ സുരക്ഷിതരാണെന്നതിൽ ഇമാമിയ്യഃ വിഭാഗം ഏകോപിച്ചിരിക്കുന്നു. മനഃപൂർവമോ മറന്നോ, വ്യാഖ്യാനത്തിൽവരുന്ന പിഴവിനാലോ, അല്ലാഹു മറപ്പിച്ചതിനാൽ പോലുമോ അടിസ്ഥാനപരമായി അവരിൽനിന്ന് യാതൊരു തെറ്റും സംഭവിക്കുകയില്ല.[4]

ആരാധനകളുടെ യഥാർഥ അർഹനും പരമ പരിശുദ്ധനുമായ അല്ലാഹു മാത്രമാണ് മറവിയും അശ്രദ്ധയും വീഴ്ചയും സംഭവിക്കാത്തവനെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശമായിരിക്കെ അല്ലാഹുവിന് മാത്രമുള്ളത് ഇമാമുമാർക്ക് വകവെക്കുന്ന വിഷയത്തിലാണ് അവർ ഏകോപിച്ചിരിക്കുന്നത്. അല്ലാഹുവേ നിന്റെ കാവൽ!

ആയത്തുല്ലാഹ് ഖുമൈനി പറയുന്നു: "ഇമാമിﷺന്റെ ഭരണവും അധികാരവും സ്ഥിരപ്പെടുന്നത്, അല്ലാഹുവിനടുക്കൽ അദ്ദേഹത്തിനുള്ള പദവിയിൽനിന്ന് അദ്ദേഹം ഒഴിഞ്ഞെന്ന് അർഥമാക്കുന്നില്ല. അദ്ദേഹത്തെ മറ്റു ഭരണാധികാരികളെപ്പോലെ ആക്കുകയും ചെയ്യുന്നില്ല. കാരണം, സ്തുത്യർഹമായ സ്ഥാനവും ഉന്നതമായ പദവിയും ഈ പ്രപഞ്ചത്തിലെ മുഴുവൻ പരമാണുക്കളും കീഴ്പെടുംവിധം അധികാരവും ആധിപത്യവുമുള്ള പ്രാപഞ്ചിക ഖിലാഫത്തും ഇമാമിനുണ്ട്. നമ്മുടെ മദ്ഹബിൽ നിർബന്ധമായും വിശ്വസിക്കേണ്ട കാര്യങ്ങളിൽ പെട്ടതാണ്, നമ്മുടെ ഇമാമുമാർﷺക്ക് ദൈവനിയുക്തനായ നബിക്കോ ദൈവസാമീപ്യമുള്ള മലക്കിനോ പ്രാപിക്കുവാനാകാത്ത സ്ഥാനമാ ണുള്ളത്. നമ്മുടെയടുക്കലുള്ള നിവേദനങ്ങളുടെയും ഹദീഥുകളുടെയും തേട്ടമനുസരിച്ച് മഹാനായ റസൂലുംﷺ ഇമാമുമാരുംﷺ ഈ പ്രപഞ്ചത്തിനുമുമ്പ് പ്രകാശങ്ങളായിരുന്നു. അങ്ങനെ അല്ലാഹു അവരെ തന്റെ അർശിനെ വലയം ചെയ്യുന്നവരാക്കി. അല്ലാഹുവിനു മാത്രമറിയാവുന്നത്ര പദവിയും സാമീപ്യവും അവർക്ക് അവൻ നിശ്ചയിച്ചു. മിഅ്റാജ് സംഭവത്തിന്റെ നിവേദനങ്ങളിൽ വന്നതുപോലെ ജിബ്രീൽ പറഞ്ഞു: ഒരു വിരൽ ഞാൻ അടുത്താൽ ഞാൻ കരിഞ്ഞു പോയതു തന്നെ. ഇമാമുമാർﷺ പറഞ്ഞതായി ഇപ്രകാരം വന്നിട്ടുണ്ട്: അല്ലാഹുവോടൊപ്പം ഞങ്ങൾക്കു ചില അവസ്ഥകളുണ്ട്; ദൈവസാമീപ്യമുള്ള മലക്കുകൾക്കോ ദൈവനിയുക്തരായ നബിമാർക്കോ ആ അവസ്ഥകൾ പ്രാപിക്കുവാനാകില്ല."(5)

**ഗയ്ബത്ത്**

മതപരമായ വീക്ഷണത്തിലായാലും ബുദ്ധിപരമായ വീക്ഷണത്തിലായാലും അല്ലാഹുവിൽ നിന്നുള്ള ഹുജ്ജത്തിൽ നിന്ന് കാലം ഒരിക്കലും മുക്തമാവില്ലെന്നും പ്രസ്തുത ഹുജ്ജത്ത് ഇമാമായിട്ടാണ് നിലനിൽക്കുകയെന്നും ശിയാക്കൾ വിശ്വസിക്കുന്നു. ശിയാ വിഭാഗങ്ങൾ മിക്കതും അദൃശ്യനും ഗോപ്യനുമായ ഒരു ഇമാമിൽ വിശ്വസിക്കുന്നു. മരണശേഷവും ഇമാം മരിച്ചിട്ടില്ലെന്നും നിത്യവാസിയാണെന്നും ജനദൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയാണെന്നും ഭാവിയിൽ മഹ്ദിയായി ദൃശ്യലോകത്തേക്ക് ആഗതനാകുമെന്നും അവർ മൊത്തത്തിൽ വിശ്വസിക്കുന്നു; മടക്കത്തിന് യോഗ്യതയുള്ള ഇമാം ആര് എന്നതിൽ മാത്രമാണ് ശിയാ വിഭാഗങ്ങൾക്കിടയിൽ അഭിപ്രായഭിന്നത നിലനിൽക്കുന്നത്.

പതിനൊന്നാമത്തെ ഇമാമായ ഹസനുൽ അസ്കരി മരണപ്പെട്ടതിൽ പിന്നെ, ശേഷം ആരാണ് ഇമാം എന്നതിൽ ശിയാ ലോകത്ത് ഏറെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. ഈ വിഷയത്തിൽ മാത്രം അവർ ഇരുപത്തിയഞ്ച് കക്ഷികളായി പിരിഞ്ഞു! അതിലൊരു വിഭാഗമാണ് ഇന്നത്തെ ശിയാലോകം അഥവാ ഇഥ്നാഅശരികൾ അല്ലെങ്കിൽ റാഫിദിഖൾ. ഹസനുൽ അസ്കരി മരണപ്പെട്ടിട്ടില്ലെന്നും അദൃശ്യനായി ജവിച്ചിരിപ്പുണ്ടെന്നും അദ്ദേഹമാണ് മഹ്ദിയെന്നും പ്രത്യക്ഷത്തിൽ അദ്ദേഹത്തിന് സന്തതികളില്ലെന്നിരിക്കെ ഭൂമി ഒരു ഇമാമിൽനിന്ന് മുക്തമാകാവതല്ലെന്നതിനാൽ അദ്ദേഹം മരിക്കുവാൻ പാടില്ലെന്നും അന്ന് ഒരു വിഭാഗം വാദിച്ചു. ഹസനുൽ അസ്കരി മരിച്ചെന്നും എന്നാൽ അദൃശ്യനായി കഴിയുന്നുവെന്നും ഭാവിയിൽ രംഗപ്രവേശം ചെയ്യുമെന്നും മറ്റൊരു വിഭാഗവും വാദിച്ചു. ഹസനുൽ അസ്കരിയുടെ സഹോദരനിലേക്ക് ഇമാമത്ത് മാറിയെന്നും അതല്ല വന്ധ്യനായി മരിച്ചതിനാൽ ഹസനുൽ അസ്കരിയുടെ ഇമാമത്തു തന്നെ അസാധുവാണെന്നും മറ്റു വിഭാഗങ്ങളും വാദിച്ചു. പിൻഗാമിയില്ലാതെ ഹസനുൽ അസ്കരി മരിച്ചതിനാൽ ഇമാമത്ത് നിലച്ചിരിക്കുന്നു എന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുന്നവരും ശിയാ കക്ഷികളിലുണ്ടായി.

ഇന്നത്തെ ശിയാലോകം (ഇഥ്നാ അശരികൾ) വിശ്വസിക്കുന്ന ഗയ്ബത്ത് അവരുടെ പൂർവകാലക്കാരുടെതിൽ നിന്ന് വ്യത്യസ്തവും ഏറെ വിചിത്രവുമാണ്. അവരുടെ ജൽപനം ഹസനുൽ അസ്കരിക്ക് സന്താനമുണ്ടായിരുന്നുവെന്നും അദ്ദേഹം അക്കാലത്തിന്റെ പ്രയാസങ്ങൾ കാരണത്താലും അന്നത്തെ ഭരണാധികാരി കുഞ്ഞിനെ ശക്തമായി ആവശ്യപെട്ടതിനാലും അതിനെ ഗോപ്യമാക്കുകയും അതിന്റെ കാര്യം ഒളിപ്പിക്കുകയും ചെയ്തു... എന്നെല്ലാമാണ്!

**ശിയാ വിഭാഗങ്ങൾ മിക്കതും അദൃശ്യനും ഗോപ്യനുമായ ഒരു ഇമാമിൽ വിശ്വസിക്കുന്നു. മരണശേഷവും ഇമാം മരിച്ചിട്ടില്ലെന്നും നിത്യവാസിയാണെന്നും ജനദൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയാണെന്നും ഭാവിയിൽ മഹ്ദിയായി ദൃശ്യലോകത്തേക്ക് ആഗതനാകുമെന്നും അവർ മൊത്തത്തിൽ വിശ്വസിക്കുന്നു; മടക്കത്തിന് യോഗ്യതയുള്ള ഇമാം ആര് എന്നതിൽ മാത്രമാണ് ശിയാ വിഭാഗങ്ങൾക്കിടയിൽ അഭിപ്രായഭിന്നത നിലനിൽക്കുന്നത്.**

ഹസനുൽ അസ്കരിയുടെ ജീവിതനാളുകളിൽ ഒരു പുത്രൻ പ്രത്യക്ഷപ്പെടുകയോ മരണശേഷം പൊതുജനം ആ പുത്രനെ അറിയുകയോ ചെയ്തിട്ടില്ല.

മുഹമ്മദ് ഇബ്നു ഹസനുൽ അസ്കരി എന്ന് പറയപ്പെടുന്ന പന്ത്രണ്ടാമത്തെ ഇമാം ശിയാ വാദ പ്രകാരം അലിയ്യ് ഇബ്നു ഹുസയ്നിന്റെ സന്താനപരമ്പരയിൽപെട്ട വ്യക്തിയാണ്. അലിയ്യ് ഇബ്നുഹസനിന്റെ സന്താനപരമ്പരയിലല്ല.

പ്രസ്തുത ഹുജ്ജത്തായി (തെളിവായി) അവരുടെ പന്ത്രണ്ടാമത്തെ ഇമാം ഹിജ്റയുടെ 260ൽ തന്റെ അഞ്ചാമത്തെ വയസ്സിൽ സാമുർറാ ദേശത്തെ ഒരു ഗുഹയിൽ പ്രവേശിച്ചിരിക്കുകയാണെന്നും ആയിരത്തിലേറെ വർഷമായി അദ്ദേഹം മരിച്ചിട്ടില്ലെന്നും മടങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു.

വസ്തുനിഷ്ഠമായി പറഞ്ഞാൽ ശിയാജൽപനങ്ങൾ തികഞ്ഞ മൗഢ്യമാണ്. യാതൊരു തെളിവും വിളിച്ചറിയിക്കാത്ത കാര്യങ്ങളാണ് ശിയാക്കൾ അവരുടെ മഹ്ദിയുടെ വിഷയത്തിൽ എഴുന്നള്ളിച്ചിരിക്കുന്നത്. കെട്ടുകഥകളെ പോലും നാണിപ്പിക്കുന്ന വ്യാജവാദങ്ങളാണ് തങ്ങളുടെ പന്ത്രണ്ടാമത്തെ ഇമാമിനെ പടയ്ക്കുന്നതിൽ അവർക്കു നടത്തേണ്ടിവന്നിട്ടുള്ളത്.

ഇമാം ഇബ്നുകഥീർ പറഞ്ഞതുപോലെ 'അവരുടെ ജൽപനം ഒരു തരം പുലമ്പലും പിശാചിൽനിന്നുള്ള തരംതാഴ്ത്തലിന്റെ വലിയൊരു ഭാഗവുമാണ്. അവരുടെ ജൽപനത്തിന് യാതൊ രുവിധ തെളിവോ പ്രമാണമോ ഇല്ല തന്നെ.[6]

ഇമാം ഇബ്നുൽക്വയ്യിം പറഞ്ഞു: 'ഈ വിഭാഗം, മനുഷ്യ മക്കൾക്ക് അപമാനവും ബുദ്ധിയുള്ളവർക്കെല്ലാം പരിഹസിച്ച് ചിരിക്കുവാനുള്ള ഒരു വിഷയവുമത്രെ.'

**റജ്അത്ത്**

മരണപ്പെട്ട കുറെയാളുകൾ അന്ത്യനാളിനുമുമ്പ് ഈ ഭൗതികലോകത്തേക്ക് മടങ്ങിവരുമെന്നതും അവർ മരിച്ചതിൽ പിന്നെ ജീവിതത്തിലേക്ക് മടങ്ങുമെന്നതുമാണ് റജ്അത്ത് കൊണ്ട് ശിയാക്കൾ ഉദ്ദേശിക്കുന്നത്.

ഇന്നത്തെ ശിയാലോകം (ഇഥ്നാ അശരികൾ) വിശ്വസിക്കുന്ന റജ്അത്തിന്റെ താൽപര്യം ഇപ്രകാരം സംഗ്രഹിക്കാം:

സിർദാബിൽ അദൃശ്യനായി കഴിഞ്ഞുകൂടുന്ന മുഹമ്മദ് ഇബ്നു ഹസനുൽ അസ്കരി എന്ന പന്ത്രണ്ടാമത്തെ ഇമാം, കാലാവസാനത്തിൽ അല്ലാഹുവിന്റെ കൽപനയുണ്ടാവുമ്പോൾ തന്റെ അദൃശ്യ വാസത്തിൽനിന്ന് മടങ്ങിവരും. അന്യായവും അനീതിയും നിറഞ്ഞ ഭൂമിയിൽ അതുപോലെ അദ്ദേഹം നീതിയും ന്യായവും നിറയ്ക്കും. ചരിത്ര നാളുകളിൽ തങ്ങളുടെ പ്രതിയോഗികളായിരുന്നരോട് പ്രതിക്രിയ ചെയ്യലായിരിക്കും ഇമാമിന്റെ പ്രധാന ധർമം.

അബൂബകർﷺ, ഉമർﷺ ഉഥ്മാൻﷺ ഉൾപ്പടെയുള്ള ഭരണാധികാരികൾ നബിﷺയുടെ വിയോഗത്തിനു ശേഷം ഭരണം തട്ടിയെടുത്തതിനാൽ പ്രതിക്രിയക്ക് ഇരകളാകുവാൻ അവരും ഉയിർത്തെ ഴുന്നേൽപിക്കപ്പെടുമെന്നും ഭൗതികലോകത്തേക്ക് മടങ്ങുമെന്നും ശിയാക്കൾ ജൽപിക്കുന്നു. മഹ്ദി മടങ്ങിയാൽ നിർവഹിക്കുവാനുള്ള ധർമങ്ങളിലൊന്നാണ് ശിയാവാദ പ്രകാരം ഈ പ്രതിക്രിയ. മഹ്ദിയുടെ വർത്തമാനം മജ്ലിസീ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: 'ഞാൻ യഥ്രിബിലേക്ക് വരും. ഞാൻ ഹുജ്റ പൊളിക്കും. അതിലുള്ള രണ്ടു പേരെ അവരുടെ പച്ച ശരീരങ്ങളോടെ ഞാൻ പുറത്തെടുക്കും...'[7]

മറ്റു പതിനൊന്നു ഇമാമുമാർ അന്ത്യനാളിനുമുമ്പ് പുനർജീവിച്ച് ഈ ഭൗതികലോകത്തേക്ക് മട ങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു.

'വാഗ്ദത്ത മഹ്ദിയുടെ ദൗത്യങ്ങൾ' എന്ന പേരിൽ ഒരു അധ്യായം വഴിയെ വരുന്നുണ്ട്. മഹ്ദിയുടെ റജ്അത്തുണ്ടായാൽ ശിയാലോകം സ്വപ്നം കാണുന്ന ക്രൂരതകളും ഹീനതകളും അവിടെ മനസ്സിലാക്കാം. റജ്അത്തെന്ന ഈ ആശയം കേവലം ശിയാ ജൽപനമാണ്. സ്ഥിരപ്പെട്ട പ്രമാണങ്ങളുടെ യാതൊരു പിൻബലവും ഇതിന് ഇല്ല തന്നെ.

**ദ്വുഹൂർ**

മരണാനന്തരം ഇമാമുമാർ തങ്ങളുടെ ക്വബ്റുകളിൽ നിന്ന് പ്രത്യക്ഷപ്പെടുമെന്നും പിന്നീട് ക്വബ്റിലേക്ക് തന്നെ മടങ്ങുമെന്നുമുള്ള ശിയാ വിശ്വാസമാണ് ദ്വുഹൂർ. എന്നാൽ റജ്അഃയെ പോലെ പ്രത്യേ

**പതിനൊന്നാമത്തെ ഇമാമായ ഹസനുൽ അസ്കരി മരണപ്പെട്ടതിൽ പിന്നെ, ശേഷം ആരാണ് ഇമാം എന്നതിൽ ശിയാ ലോകത്ത് ഏറെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. ഈ വിഷയത്തിൽ മാത്രം അവർ ഇരുപത്തിയഞ്ച് കക്ഷികളായി പിരിഞ്ഞു! അതിലൊരു വിഭാഗമാണ് ഇന്നത്തെ ശിയാലോകം അഥവാ ഇഥ്നാഅശരികൾ അല്ലെങ്കിൽ റാഫിദ്വികൾ.**

**ശിയാ വിശ്വാസത്തിലെ മറ്റൊരു മൂലശിലയാണ് തക്വിയ്യത്ത്. എതിരാളികളുടെ ഉപദ്രവം ഭയന്ന് വിശ്വാസം മറച്ചുപിടിക്കലും എതിരാളികൾക്കെതിരിൽ പുറപ്പെടുന്നത് ഒഴിവാക്കലുമാണ് തക്വിയ്യത്ത്. ശിയാക്കൾക്ക് ശത്രുക്കൾ അഹ്ലുസ്സുന്നഃയാണ്. തക്വിയ്യത്ത് അവരുടെമേൽ വാജിബായ ബാധ്യതയാണെന്നതും സിർദാബിൽ അദൃശ്യനായി കഴിയുന്ന ഇമാമിന്റെ പുറപ്പാടുണ്ടാകുന്നതുവരെ തക്വ്യ്യത്തിന്റെ വിധി നിലനിൽക്കുമെന്നതും അത് ഉപേക്ഷിക്കുന്നവന്റെ മതവിധി നമസ്കാരം ഉപേക്ഷിക്കുന്നവന്റെ മതവിധിയാണെന്നതും ശിയാ ആദർശമാണ്.**

ക സമയമോ കാലമോ ദ്വുഹൂറിനില്ല. ഇമാമുമാർ എപ്പോഴാണോ ഉദ്ദേശിക്കുന്നത് അപ്പോഴാണത്രെഅതിന്റെ സമയം!

ശിയാ ശെയ്ഖായ അൽമജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ൽ ഇപ്രകാരമുണ്ട്: 'ഒരാൾ അബൂഅബ്ദില്ലായുടെ അടുക്കൽ പ്രവേശിച്ചു. അയാളോട് അബൂ അബ്ദില്ല ചോദിച്ചു: നിനക്ക് (മരിച്ചുപോയ) അബൂജഅ്ഫറിനെ കാണുവാൻ ആഗ്രഹമുണ്ടോ?' അയാൾ പറഞ്ഞു: 'അതെ.' അബൂഅബ്ദില്ല പറഞ്ഞു: 'എഴുന്നേറ്റ് വീട്ടിൽ പ്രവേശിക്കുക.' ഞാൻ വീട്ടിൽ പ്രവേശിച്ചു. അപ്പോഴതാ അബൂജഅ്ഫർ.[8]

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "ഒരാൾ അബുൽഹസന്റെയടുക്കൽ പ്രവേശിച്ചു. അയാളോട് അബുൽഹസൻ ചോദിച്ചു: 'നിനക്ക് (മരിച്ചുപോയ) അബൂഅബ്ദില്ലയെ കാണുവാൻ കൊതിയുണ്ടോ?' അയാൾ പറഞ്ഞു: 'അല്ലാഹുവാണെ എനിക്ക് കൊതിയുണ്ട്.' അബുൽഹസൻ പറഞ്ഞു: 'എഴുന്നേറ്റു ചെന്ന് ആ വീട്ടിൽ പ്രവേശിക്കുക.' ഞാൻ ആ വീട്ടിൽ പ്രവേശിച്ചു. അപ്പോഴതാ അബൂഅബ്ദില്ല ഇരിക്കുന്നു.[9]

പ്രാമാണികമായി യാതൊരു അടിസ്ഥാനവുമില്ലാത്ത വിഷയങ്ങളാണിതെല്ലാം. കെട്ടുകഥകളും വ്യാജ നിവേദനങ്ങളുമാണ് ഇതിനെല്ലാം അവരുടെ തെളിവുകൾ. ഒരു മറുപടി പോലും അർഹിക്കാത്ത വിശ്വാസങ്ങളും വാർത്തകളും.

**തക്വിയ്യത്ത്**

ശിയാ വിശ്വാസത്തിലെ മറ്റൊരു മൂലശിലയാണ് തക്വിയ്യത്ത്. എതിരാളികളുടെ ഉപദ്രവം ഭയന്ന് വിശ്വാസം മറച്ചുപിടിക്കലും എതിരാളികൾക്കെതിരിൽ പുറപ്പെടുന്നത് ഒഴിവാക്കലുമാണ് തക്വിയ്യത്ത്. ശിയാക്കൾക്ക് ശത്രുക്കൾ അഹ്ലുസ്സുന്നഃയാണ്. തക്വിയ്യത്ത് അവരുടെമേൽ വാജിബായ ബാധ്യതയാണെന്നതും സിർദാബിൽ അദൃശ്യനായി കഴിയുന്ന ഇമാമിന്റെ പുറപ്പാടുണ്ടാകുന്നതുവരെ തക്വ്യ്യത്തിന്റെ വിധി നിലനിൽക്കുമെന്നതും അത് ഉപേക്ഷിക്കുന്നവന്റെ മതവിധി നമസ്കാരം ഉപേക്ഷിക്കുന്നവന്റെ മതവിധിയാണെന്നതും ശിയാ ആദർശമാണ്.

തങ്ങളുടെ ഇമാമായ അലിയ്യ് ഇബ്നു മൂസർരിദ്വാ പറഞ്ഞതായി ശിയാ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നു: "തക്വിയ്യത്ത് ഇല്ലാത്തവന് ഈമാനില്ല. അല്ലാഹുവിങ്കൽ നിങ്ങളിൽ അത്യാദരണീയൻ നിങ്ങളിൽ തകിയ്യത്തുകൊണ്ട് നന്നായി പ്രവർത്തിക്കുന്നവനത്രെ... അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'റസൂലുല്ലാന്റെ പൗത്രരേ, ഏത് കാലം വരെ?' അദ്ദേഹം പറഞ്ഞു: 'ഒരു നിർണിത നാളുവരെ. അഥവാ നമ്മുടെ മഹ്ദി പുറപ്പെടുന്നതുവരെ. വല്ലവനും നമ്മുടെ മഹ്ദി പുറപ്പെടുന്നതിനുമുമ്പായി തക്വിയ്യത് ഉപേക്ഷിച്ചാൽ അവൻ നമ്മിൽ പെട്ടവനല്ല."[10]

തനി കളവും കാപട്യവുമാണ് ശിയാ തക്വിയ്യത്ത്. കപട വിശ്വാസികളുടെ നിലപാടുകളും ഇടപാടുകളുമാണ് തക്വിയ്യത്ത് എന്ന ആദർശത്തിലൂടെ ശിയാലോകം കാഴ്ചവെക്കുന്നത്.

ആദർശത്തിൽ പരീക്ഷിക്കപ്പെടുകയും കുഫ്‌റിനു നിർബന്ധിക്കപ്പെടുകയും ചെയ്യുമ്പോൾ ഒരു വിശ്വാസിക്ക് കുഫ്‌റിന്റെ പദം ഉച്ചരിക്കുവാൻ ഇളവുണ്ട്. അപ്രകാരം തന്നെ അക്രമികളായ അവിശ്വാസികൾക്കിടയിൽ ജീവിക്കുവാൻ നിർബന്ധിതനായ ഒരു വിശ്വാസി; ആദർശം വെളിപ്പടുത്തുവാനോ സമരത്തിലേർപെടുവാനോ കഴിയാത്ത അവസ്ഥയിൽ അവരിൽ നിന്ന് ഈമാൻ മറച്ചു പിടിക്കുവാനും അയാൾക്ക് ഇളവുണ്ട്. ഇത്തരം മതപരമായ ഇളവുകൾ അറിയിക്കുന്ന പ്രമാണ വചനങ്ങളെ തക്വിയ്യത്തിനു തെളിവാക്കി അവതിരിപ്പിക്കുകയാണ് ശിയാ ഗ്രന്ഥങ്ങൾ.

**Ref:**

4. ബിഹാറുൽ അൻവാർ വാ: 25, പേ: 211.

5. ഇസ്‌ലാമിക ഗവൺമെന്റ്, പേ: 52.

6. അന്നിഹായഃ ഫിൽഫിതനി വൽ മലാഹിം, പേജ: 17.

7. ബിഹാറുൽ അൻവാർ. വാ: 53, പേ: 104,105.


8. ബിഹാറുൽ അൻവാർ, വാ: 27, പേ: 303, ബസ്വാഇറുദ്ദറജാത്, പേ: 78.

9. ബിഹാറുൽഅൻവാർ, വാ: 27, പേ: 304, ബസ്വാഇറുദ്ദറജാത് പേ: 78

10. അഅ്‌ലാമുൽവറാ, ത്വബ്‌റസി. പേ: 408.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# സംവരണം വീണ്ടും അട്ടിമറിക്കപ്പെടുകയോ?

**സാമൂഹികപരമായ കാരണങ്ങൾ കൊണ്ട് പിന്നാക്കം പോയവരെ ഇതര ജനവിഭാഗങ്ങൾക്കൊപ്പമെത്തിക്കാൻ വേണ്ടി ക്രാന്തദർശിത്വമുള്ള രാഷ്ട്ര ശിൽപികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയതാണ് ഇന്ത്യയുടെ സംവരണ നയം. എന്നാൽ രാഷ്ട്രീയ പ്രീണനത്തിന്റെ ഭാഗമായോ പക്ഷപാതപാരമായോ ഇതിനെ സമീപിക്കുന്ന ഭരണകർത്താക്കൾ സമൂഹത്തിന്റെ ആവശ്യങ്ങളെ നിരാകരിക്കുകയാണ് ചെയ്യുന്നത്. സംവരണത്തെ കുറിച്ചുള്ള പുതിയ ചർച്ചയിൽ ശ്രദ്ധേയമായ ഇടപെടൽ.**

കേരളം വീണ്ടും സംവരണം ചർച്ച ചെയ്യുകയാണ്. ഹൈന്ദവ സമുദായത്തിന് മാത്രം പ്രാതിനിധ്യമുള്ള ദേവസ്വം ബോർഡിൽ ഹിന്ദു സമുദായത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം അനുവദിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ് സംവരണ ചർച്ചയെ ചൂട് പിടിപ്പിച്ചിരിക്കുന്നത്. ഹൈന്ദവ സമുദായവുമായി മാത്രം ബന്ധമുള്ള ഒരു വിഷയമെന്ന് ബാഹ്യതലത്തിൽ തോന്നിയേക്കാമെങ്കിലും ഹൈന്ദവരിലെ പിന്നാക്കക്കാരുടെയും മുസ്‌ലിംകൾ അടക്കമുള്ള മറ്റു സംവരണ സമുദായാംഗങ്ങളുടെയും സംവരണാനുകൂല്യങ്ങളെ ഒരുപോലെ ബാധിക്കുന്ന തീരുമാനമാണതെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ ബോധ്യമാവും. ജാതീയമായ തൊട്ടുകൂടായ്മകൊണ്ടും വർണാശ്രമം ഭാരതീയസമൂഹത്തിൽ ചെലുത്തിയ ദുഃസ്വാധീനങ്ങൾ കൊണ്ടും സവർണവിഭാഗങ്ങളുടെ അധീശത്വം കൊണ്ടും പിന്നാക്കം പോയ സമുദായങ്ങളെ ഭരണ ഉദ്യോഗ മേഖലകളിലേക്ക് കൈപിടിച്ചുയർത്തി കൊണ്ടുവരാൻ ഭരണഘടന ശിൽപികൾ തന്നെ രൂപകൽപന ചെയ്ത തത്ത്വമാണ് സംവരണം. വരേണ്യ വർഗങ്ങൾ മാത്രം കയ്യടക്കി വെച്ചിരുന്ന

ഉദ്യോഗ, ഭരണ മേഖലകളിൽ പിന്നാക്കവിഭാഗങ്ങളിൽ നിശ്ചിത ശതമാനം സീറ്റുകൾ സംവരണം നൽകി സാമൂഹികസന്തുലിതത്ത്വം നടപ്പാക്കാനുള്ള ദീർഘവീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഭാരതത്തിൽ സംവരണമെന്ന ആശയം അംഗീകരിക്കപ്പെട്ടത്. സാമുദായികമായി നിശ്ചയിക്കപ്പെട്ട ഈ സംവരണാനുകൂല്യത്തിൽ വെള്ളം ചേർത്ത് അതിലേക്ക് സാമ്പത്തിക പിന്നാക്കാവസ്ഥയെ കൂടി കൂട്ടിച്ചേർക്കാനുള്ള ഇപ്പോഴത്തെ ശ്രമം വരും ദിവസങ്ങളിൽ കേരളത്തിന്റെ സാമൂഹികതലങ്ങളിൽ ശക്തമായ ചർച്ചകളാലും പ്രതിഷേധങ്ങളാലും മുഖരിതമാവുമെന്ന കാര്യത്തിൽ സംശയമില്ല. മുസ്‌ലിം ക്രൈസ്തവ സംഘടനകളും പട്ടികജാതി പട്ടിക വർഗ ഈഴവ സമുദായങ്ങളുമൊക്കെ ഇതിനകം മുഖ്യമന്ത്രിയെ കണ്ടു അവരുടെ പ്രതിഷേധം അറിയിച്ചിരിക്കുകയാണ്.

ഭരണഘടന ശിൽപികൾ സംവരണത്തിന് നൽകിയ നിർവചനങ്ങളും പ്രയോഗവൽക്കരണത്തിനായി രാഷ്ട്രം ഇന്നേ വരെ സ്വീകരിച്ച മാർഗനിർദേശങ്ങളും പ്രായോഗിക സമീപനങ്ങളും മനസ്സിലാക്കാതെ സാമ്പത്തികമായി കഷ്ടപ്പെടുന്നവർക്കുള്ള കേവലമൊരു ആനുകൂല്യമായി സംവരണത്തെ വ്യാഖ്യാനിക്കാനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംവരണവും സാമ്പത്തികമായ നിമ്നോന്നതികളും തമ്മിൽ യാതൊരു ബന്ധവുമില്ല. രാജ്യത്തെ ജാതിവ്യവസ്ഥയുടെ ഭാഗമായി ഉൽഭൂതമായ പിന്നാക്കാവസ്ഥയെ മറികടക്കാനും അടിച്ചമർത്തലുകൾ കാരണമായി അന്തസ്സും ആഭിജാത്യവും നഷ്ടപ്പെട്ട സമൂഹങ്ങൾക്ക് അവ വീണ്ടെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് സംവരണത്തിലൂടെ രാഷ്ട്രം ലക്ഷ്യമാക്കിയിട്ടുള്ളത്. ബുദ്ധമതത്തെ തകർത്ത് ബ്രഹ്മണിസം കേരളത്തിന്റെ സാമൂഹികമണ്ഡലത്തെ കീഴ്പ്പെടുത്തുകയും ഭരണ ഉദ്യോഗസ്ഥ മേഖലകളെ കയ്യടക്കുകയും ചെയ്തത് ഒരു ചരിത്രമാണ്. നായർ സമുദായത്തിന് പോലും പ്രാതിനിധ്യം നൽകാതെ കേരളത്തിലെ ബ്രാഹ്മണരും തമിഴ് ബ്രാഹ്മണരടക്കമുള്ള കേരളത്തിന് പുറത്തുള്ള സവർണരും കേരളത്തിലെ ഉദ്യോഗസ്ഥമേഖലയെ കുത്തകയാക്കി വെച്ചപ്പോഴായിരുന്നു തിരുവിതാംകൂറിൽ ഉദ്യോഗസ്ഥ രംഗങ്ങളിൽ മലയാളികൾക്ക് പ്രാമുഖ്യം നൽകണമെന്ന ആവശ്യവുമായി 1891ൽ മലയാളികൾ അന്നത്തെ തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാളിനു മെമ്മോറാണ്ടം നൽകിയത്. 'മലയാളി മെമ്മോറിയൽ' എന്ന പേരിലറിയപ്പെടുന്ന ഈ നിവേദനത്തിൽ ജാതി മത പരിഗണന കൂടാതെ ഉദ്യോഗസ്ഥ രംഗങ്ങളിൽ എല്ലാവർക്കും പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഫലത്തിൽ മലയാളി മൊമ്മോറിയലിന്റെ ഗുണങ്ങൾ നായർ സമുദായത്തിന് മാത്രം അനുഭവിക്കാനായിരുന്നു യോഗം. ഹൈന്ദവ വിഭാഗങ്ങളിൽ എണ്ണം കൊണ്ട് ഏറ്റവും കൂടുതലുള്ള ഈഴവ സമുദായം അകറ്റി നിർത്തപ്പെടുകയുണ്ടായി. ബ്രിട്ടനിൽ പോയി വൈദ്യശാസ്ത്രത്തിൽ ഉന്നത ബിരുദം നേടിയ ഡോ: പത്മനാഭ പൽപുവിനോട് ഈഴവസമുദായക്കാരനായത് കൊണ്ടുമാത്രം 'കുലത്തൊഴിൽ' ചെയ്താൽ മതിയെന്ന് തിരുവിതാംകൂർ ഗവർമെന്റ് നിർദേശിച്ചിരുന്നുവെന്നു പ്രമുഖ ചരിത്രകാരൻ ഡോ: എം.എസ് ജയപ്രകാശ് രേഖപ്പെടുത്തുന്നു. ഇതിനെത്തുടർന്നാണ് 1896ൽ ഡോ: പൽപുവിന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ മഹാരാജാവിനു ഹർജി നൽകുകയുണ്ടായി. ഇതാണ് ഈഴവ മെമ്മോറിയൽ എന്ന പേരിൽ അറിയപ്പെടുന്നത്. ഈഴവസമുദായത്തിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഡോ: പൽപുവാണ് 1903ൽ ശ്രീനാരായണ ധർമ്മ പരിപാലന സംഘം (എസ്.എൻ.ഡി.പി) സ്ഥാപിച്ചത്.

പക്ഷെ കാര്യങ്ങൾ ഇതുകൊണ്ടൊന്നും പരിഹരിക്കപ്പെട്ടിരുന്നില്ല. ബ്രിട്ടീഷുകാർ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1888ൽ ചില നാട്ടുരാജ്യങ്ങൾക്ക് നിയമനിർമ്മാണസഭകൾ രൂപീകരിക്കാനുള്ള അനുമതി നൽകി. തിരുവിതാംകൂറിൽ നിയമ നിർമ്മാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനുള്ള അവകാശം ബ്രാഹ്മണർ, ക്ഷത്രിയർ, നായർ വിഭാഗങ്ങൾക്ക് മാത്രമായിരുന്നു നൽകപ്പെട്ടിരുന്നത്. ജനസംഖ്യയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഈഴവർ, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ എന്നിവർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടു. 1933ൽ ഇതിനെതിരെ ഈഴവ മുസ്‌ലിം ക്രിസ്ത്യൻ ജനവിഭാഗം ഒന്നിച്ചു പ്രക്ഷോഭം നയിച്ചു. ഇതാണ് നിവർത്തന പ്രക്ഷോഭം എന്ന പേരിൽ അറിയപ്പെടുന്നത്. ദിവാനായിരുന്ന സർ സി.പി നിവർത്തന പ്രക്ഷോഭത്തെ അടിച്ചൊതുക്കാൻ ശ്രമിച്ചെങ്കിലും വെല്ലസ്ലി പ്രഭുവിന്റെ ഇടപെടൽ വഴി പ്രക്ഷോഭകരുടെ ആവശ്യം അംഗീകരിക്കപ്പെടുകയായിരുന്നു. സർക്കാർ സർവീസിൽ എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ സർക്കാർ ഒരു കമ്മീഷനെ നിയോഗിച്ചു. സർക്കാർ സർവീസിലേക്ക് കഴിവും, സമുദായ മുൻഗണനയും പരിഗണിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു. നിയോജക മണ്ഡലങ്ങൾ പുനർനിർണയം ചെയ്തു. ഈഴവർ, ക്രൈസ്തവർ, മുസ്‌ലിംകൾ എന്നി



**ഭരണഘടന ശിൽപ്പികൾ സംവരണത്തിന് നൽകിയ നിർവചനങ്ങളും പ്രയോഗവൽക്കരണത്തിനായി രാഷ്ട്രം ഇന്നേ വരെ സ്വീകരിച്ച മാർഗനിർദേശങ്ങളും പ്രായോഗിക സമീപനങ്ങളും മനസ്സിലാക്കാതെ സാമ്പത്തികമായി കഷ്ടപ്പെടുന്നവർക്കുള്ള കേവലമൊരു ആനുകൂല്യമായി സംവരണത്തെ വ്യാഖ്യാനിക്കാനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ജാതിവ്യവസ്ഥയുടെ ഭാഗമായി ഉൽഭൂതമായ പിന്നാക്കാവസ്ഥയെ മറികടക്കാനും അടിച്ചമർത്തലുകൾ കാരണമായി അന്തസ്സും ആഭിജാത്യവും നഷ്ടപ്പെട്ട സമൂഹങ്ങൾക്ക് അവ വീണ്ടെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് സംവരണത്തിലൂടെ രാഷ്ട്രം ലക്ഷ്യമാക്കിയിട്ടുള്ളത്.**

വർക്ക് നിയമസഭയിലെ നിശ്ചിത ശതമാനം സീറ്റുകൾ സംവരണം ചെയ്തു. ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള അവകാശങ്ങൾക്കുപുറമെ സ്വന്തം സമുദായത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുക എന്ന നിവർത്തന പ്രക്ഷോഭത്തിന്റെ ലക്ഷ്യം ഏറെക്കുറെ സാധൂകരിക്കപ്പെട്ടു. മാത്രവുമല്ല, ഈ പ്രക്ഷോഭമാണ് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ (പി.എസ്.സി)യുടെ രൂപീകരണത്തിലേക്ക് നയിച്ചത്. ഈ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നത് സംവരണം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം മാത്രം ആവിഷ്കരിക്കപ്പെട്ടതല്ലെന്നും അത് സാമ്പത്തിക പരാധീനതകൾ പരിഹരിക്കുന്നതിന് വേണ്ടി സംവിധാനിച്ചതല്ലതല്ലെന്നുമുള്ള യാഥാർഥ്യങ്ങളാണ്.

ഇന്ത്യ സ്വതന്ത്രമായപ്പോൾ രാജ്യത്തെ ദളിത് വിഭാഗങ്ങളും മുസ്‌ലിംകൾ അടക്കമുള്ള മറ്റു പിന്നാക്കവിഭാഗങ്ങളും അനുഭവിച്ചുവരുന്ന പ്രശ്നങ്ങൾ ഭരണഘടനാ ശിൽപികൾ മനസ്സിലാക്കി. സവർണമേധാവിത്വത്തിന്റെ പിടിയിലായിരുന്ന ഉദ്യോഗസ്ഥഭരണ മേഖലകളിലേക്ക് പിന്നാക്ക വിഭാഗങ്ങളെ കൈപിടിച്ച് കൊണ്ടുവരുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചെങ്കിൽ മാത്രമേ സാമൂഹിക സന്തുലിതത്വം സാധ്യമാവൂ എന്നും അപ്പോൾ മാത്രമേ ഓരോ ഇന്ത്യക്കാരും സ്വപ്നം കണ്ടിരുന്ന യഥാർഥ സ്വാതന്ത്ര്യം പുലരുകയുള്ളൂവെന്നും അവർ മനസ്സിലാക്കി. സവർണരുടെ ഒട്ടേറെ പീഡനങ്ങൾ സ്വജീവിതത്തിലൂടെ അനുഭവിച്ചറിഞ്ഞ ഡോ: ബാബ സാഹേബ് അംബേദ്കർ ഭരണഘടനാ രൂപീകരണത്തിന് നേതൃത്വം ഏറ്റെടുത്തപ്പോൾ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഇത് സംബന്ധമായി അദ്ദേഹത്തിന്റെ വാദങ്ങൾ അവതരിപ്പിച്ചു. ഒടുവിൽ സാമൂഹിക പിന്നാക്കാവസ്ഥ അനുഭവിക്കുന്ന സമുദായങ്ങൾക്ക് സംവരണം അനുവദിക്കണമെന്ന കാര്യം ഭരണഘടനയിൽ സ്ഥിരപ്രതിഷ്ഠ നേടി. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, സംസ്ഥാനങ്ങളിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത സാമൂഹിക വിദ്യാഭ്യാസ പിന്നാക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾക്ക് ഭരണഘടനയുടെ 15ാം അനുച്ഛേദം സംവരണം ഉറപ്പുവരുത്തുന്നുണ്ട്. സാമുദായിക പിന്നാക്കാവസ്ഥയാണ് സംവരണത്തിന്റെ അടിസ്ഥാനമെന്നാണ് ഭരണഘടന പറയുന്നതെന്ന് ഇതിൽ നിന്നും വളരെ വ്യക്തമാണ്.

ഇങ്ങനെ സാമുദായികമായി വിന്യസിക്കപ്പെട്ടിരിക്കുന്ന സംവരണത്തിന്റെ ആനുകൂല്യം പറ്റാനും പിന്നീട് കാലങ്ങൾ കൊണ്ട് സാമുദായിക സംവരണത്തെ ഇല്ലായ്മ ചെയ്യാനും വരേണ്യ വർഗങ്ങൾ പതിറ്റാണ്ടുകളായി തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്. സംവരണപ്പട്ടികയിലേക്ക് കടന്നുകൂടാനുള്ള തന്ത്രത്തിന്റെ ഭാഗമായിട്ടാണ് സാമ്പത്തിക പിന്നാക്കാവസ്ഥയെ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കാൻ ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പിന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി അൽപം മെച്ചപ്പെട്ടു നിൽക്കുന്നവർക്ക് എങ്ങനെയെങ്കിലും സംവരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടുത്തുവാനാണ് ആദ്യമായി ഇവർ പരിശ്രമിച്ചത്. 'ക്രീമിലെയർ' എന്ന സാങ്കേതികപദം ഇതിന്റെ ഭാഗമായി അവതരിച്ചതാണ്. 'പാൽപാട' എന്നർഥം വരുന്ന ഈ പദം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പിന്നാക്കസമുദായത്തിലെ സാമ്പത്തികമായി സുസ്ഥിതി കൈവരിച്ചവരാണ്. സംവരണത്തെ സാമ്പത്തിക നേട്ടങ്ങളുടെ ഉപാധിയായി അവതരിപ്പിക്കാൻ ഇവർക്ക് ഒട്ടൊക്കെ സാധിച്ചുവെന്നത് നേരാണ്. രാജ്യത്തെ നിയമ നിർമ്മാണസഭകളിലും കോടതികളിലുമെല്ലാം ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമാവുകയും ചെയ്തു. അങ്ങനെ ക്രീമിലെയറിനു തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഭരണഘടനയുടെ 16(4) വകുപ്പ് ഭേദഗതി ചെയ്യാതെ സംവരണതത്വങ്ങളിൽ മായം ചേർക്കാൻ ഒരു കോടതിക്കോ സർക്കാരിനോ സാധ്യമല്ല. പക്ഷെ ക്രീമിലെയറിന്റെ കാര്യത്തിൽ സുപ്രീംകോടതി ഈ വകുപ്പ് ഭേദഗതി ചെയ്യാതെ തന്നെ ചില നിയമങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. ഇതൊരു സാധാരണ വിധിന്യായമല്ല. കേരള നിയമസഭാ നേരത്തെ പാസാക്കിയ സംവരണ സംരക്ഷണ നിയമത്തെ അസാധുവാക്കിക്കൊണ്ട് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി കോടതി നിർമ്മിച്ച് സർക്കാരിനോട് നടപ്പാക്കാൻ ആവശ്യപ്പെട്ട രേഖയായിരുന്നു അത്. അവർണർക്കും പിന്നാക്ക സമുദായങ്ങൾക്കും സാമ്പത്തിക സുസ്ഥിതി ഉണ്ടായാലും അവർ ഉദ്യോഗ-ഭരണ തലങ്ങളിൽ പ്രവേശിക്കുന്നത് തടുത്തു നിർത്തുകയെന്ന ഗൂഢലക്ഷ്യ

മാണ് ക്രീമിലെയർ നിയമത്തിന്റെ പിറകിലുള്ളത്. തിരുവിതാംകൂർ ചരിത്രത്തിൽ അറിയപ്പെടുന്ന ഒരു ഈഴവനായിരുന്ന ആലുംമൂട്ടിൽ ചാന്നാർ അതിസമ്പന്നനായിരുന്നുവെങ്കിലും അസ്പൃശ്യനായിരുന്നതിനാൽ എല്ലാ പൊതുനിരത്തുകളിലൂടെയും യാത്ര ചെയ്യാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹം 'ക്രീമിലെയർ' ആയിരുന്നു. പക്ഷെ ജാതീയമായ വേർതിരിവ് കാരണം അദ്ദേഹത്തിന് ഇത്തരത്തിലുള്ള വിഷമതകൾ അനുഭവിക്കേണ്ടി വന്നു. ഈഴവർ എത്ര സമ്പന്നരായിരുന്നാലും അവരുടെ കുലത്തൊഴിലായ കള്ളുചെത്തും കയർപിരിയും കൊണ്ടു മാത്രം അവർ ജീവിച്ചാൽ മതിയെന്നാണ് സവർണർ പറഞ്ഞിരുന്നത്. സാമ്പത്തികമായി ഉയർന്നാൽ സംവരണം പാടില്ലെന്ന് പറയുകയും അതെ സമയം സമ്പന്നരാണെങ്കിൽ പോലും കുലത്തൊഴിൽ മാത്രം നിർവഹിച്ചാൽ മതിയെന്നു പറയുകയും ചെയ്യുക. സവർണമേധാവിത്വത്തിന്റെ ഇരട്ടത്താപ്പാണ് ഇവിടെ കാണുന്നത്. ഒരു കീഴ്ജാതി പിന്നാക്ക സമുദായമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ ആ സമുദായത്തിലെ എല്ലാവരും ധനിക ദരിദ്ര ഭേദമന്യേ സാമൂഹികമായി പിന്നാക്കാവസ്ഥയിലുള്ളവരാണ്. അവർക്ക് സർക്കാർ സർവീസുകളിൽ വേണ്ടത്ര പ്രാതിനിധ്യമില്ലെന്നു സർക്കാരിന് ബോധ്യപ്പെട്ടാൽ സംവരണം നൽകണം എന്നാണു 16(4) വകുപ്പ് അനുശാസിക്കുന്നത്. അവരെ സാമ്പത്തികാടിസ്ഥാനത്തിൽ വിഭജിച്ച് രണ്ടു തട്ടുകളാക്കി ഒരേ സംവരണ നിയമത്തെ രണ്ടു തരത്തിൽ നടപ്പിലാക്കുമ്പോൾ അത് ഒരു വിഭാഗത്തിനെതിരായ വിവേചനപരമായ നടപടിയായിട്ടേ കരുതാനാവൂ. അങ്ങനെ ചെയ്യുന്നത് നിയമത്തിനു മുമ്പിൽ സമത്വം ഉറപ്പാക്കുന്ന ഭരണഘടനയുടെ 14ാം വകുപ്പിന്റെ ലംഘനമാവുകയും ചെയ്യും.

മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം വേണമെന്ന സാമ്പത്തിക സംവരണവാദം ആദ്യമായി ഉയർത്തിയത് 1958ൽ ഇ.എം.എസ് നമ്പൂതിരിപ്പാട് അധ്യക്ഷനായിരുന്ന ഭരണപരിഷ്ക്കാര കമ്മറ്റിയായിരുന്നു. സാമ്പത്തികമായ പരാധീനതകൾ അനുഭവിക്കുന്നവർ എല്ലാ സമുദായങ്ങളിലും ഉണ്ടെന്നിരിക്കെ അതിനെ സംവരണവുമായി കൂട്ടിക്കെട്ടേണ്ട യാതൊരു ആവശ്യവുമില്ല. അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ആവശ്യമായ മറ്റു സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനു പകരം സാമുദായിക സംവരണത്തിൽ വെള്ളം ചേർക്കുകയല്ല വേണ്ടത്. പിന്നാക്കക്കാരിലെ ക്രീമിലെയറിനു സംവരണം നിഷേധിക്കുകയും മുന്നാക്കക്കാരിലെ 'പിന്നാക്കക്കാരെ' കുടിയിരുത്തുകയും ചെയ്തുകൊണ്ട് സംവരണസമുദായങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വരേണ്യവർഗങ്ങൾക്ക് തീറെഴുതിക്കൊടുക്കുന്നത് സ്വാഭാവിക നീതി നിഷേധിക്കലാണ്. ഒട്ടകത്തിന് സ്ഥലം അനുവദിച്ച അറബിയുടെ കഥ പോലെ ഒടുവിൽ സംവരണ സമുദായങ്ങൾ സംവരണകൂടാരത്തിൽ നിന്ന് പുറത്തുപോവുകയും 'വരേണ്യ ഒട്ടകങ്ങൾ' കൂടാരത്തിൽ സ്വതന്ത്രമായി മേയുകയും ചെയ്യുന്ന സ്ഥിതിവിശേഷമായിരിക്കും സംജാതമാവുക.

സംവരണം 'ശരി'യല്ലെന്നു കണ്ടെത്തിയ ഇ.എം.എസ് കമ്മറ്റി പറഞ്ഞ പ്രധാന ന്യായം സംവരണം വഴി ഉദ്യോഗത്തിലെത്തുന്നവർക്ക് കാര്യക്ഷമത ഉണ്ടാവില്ല എന്ന ന്യായമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹികനീതി, ഭരണ പങ്കാളിത്തം തുടങ്ങിയ അടിസ്ഥാനവിഷയങ്ങൾ മറച്ചുപിടിച്ചുകൊണ്ട് കാര്യക്ഷമത, നിലവാരം തുടങ്ങിയ ന്യായങ്ങളായിരുന്നു കമ്മറ്റി സാമ്പത്തിക സംവരണത്തിനു വേണ്ടി ഉന്നയിച്ച വാദങ്ങൾ. മെറിറ്റോ റാങ്കോ കൂടിയാൽ കാര്യക്ഷമത കൂടുമെന്നു സിദ്ധാന്തിക്കുന്നത് ശരിയല്ല. സ്വാതന്ത്ര്യത്തിനു ശേഷം കുറേക്കാലം മെറിറ്റിലൂടെ മാത്രമായിരുന്നു ഉത്തർപ്രദേശും ബീഹാറും അടക്കമുള്ള ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ഉദ്യോഗനിയമനങ്ങൾ നടത്തിയിരുന്നത്. എന്നാൽ കേരളം, തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങൾ സംവരണാടിസ്ഥാനത്തിൽ ആയിരുന്നു നിയമനങ്ങൾ നടത്തിയിരുന്നത്. പക്ഷെ കാര്യക്ഷമതയുടെയും നിലവാരത്തിന്റെയും കാര്യത്തിൽ ഉത്തർപ്രദേശിനും ബീഹാറിനും മുകളിലാണ് കേരളവും തമിഴ്നാടും കർണാടകയുമെന്നത് ഏവരാലും അംഗീകരിക്കപ്പെട്ടതാണ്. അവസരങ്ങൾ നിഷേധിക്കപ്പെട്ടത് കൊണ്ട് മെറിറ്റിലും റാങ്കിലും എത്തിപ്പെടാൻ സാധിക്കാതെ വന്നവരിൽ ധിഷണയും നൈപുണ്യവുമൊന്നും ഇല്ലെന്നു വിലയിരുത്തുന്നത് നീതി

**ബ്രിട്ടീഷുകാർ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1888ൽ ചില നാട്ടുരാജ്യങ്ങൾക്ക് നിയമനിർമ്മാണസഭകൾ രൂപീകരിക്കാനുള്ള അനുമതി നൽകി. തിരുവിതാംകൂറിൽ നിയമനിർമ്മാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനുള്ള അവകാശം ബ്രാഹ്മണർ, ക്ഷത്രിയർ, നായർ വിഭാഗങ്ങൾക്ക് മാത്രമായിരുന്നു നൽകപ്പെട്ടിരുന്നത്. ജനസംഖ്യയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഈഴവർ, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ എന്നിവർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടു. 1933ൽ ഇതിനെതിരെ ഈഴവ മുസ്‌ലിം ക്രിസ്ത്യൻ ജനവിഭാഗം ഒന്നിച്ചു പ്രക്ഷോഭം നയിച്ചു. ഇതാണ് നിവർത്തന പ്രക്ഷോഭം എന്ന പേരിൽ അറിയപ്പെടുന്നത്.**

ബോധമുള്ളവർക്ക് അംഗീകരിക്കാൻ കഴിയില്ല. എല്ലാ വിഷയങ്ങളിലും എ പ്ലസ് വാങ്ങി വിജയിക്കുന്ന കുട്ടികളെക്കാൾ പ്രയോഗികതലങ്ങളിൽ മാർക്ക് കുറഞ്ഞവർ കഴിവ് തെളിയിച്ചതിന്റെ ഉദാഹരണങ്ങൾ ധാരാളമാണ്.

മുസ്‌ലിംകൾ അടക്കമുള്ളവർ സംവരണത്തിന് അർഹരാണോ എന്നും രാജ്യം സ്വതന്ത്രമായി 70 വർഷം പിന്നിട്ടിട്ടും എന്തിനാണ് സംവരണം തുടരുന്നതെന്നും ചോദിക്കുന്നവരുണ്ട്. ദേശീയാടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്വാതന്ത്ര്യത്തിനു ശേഷം പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് മാത്രമേ സംവരണം ലഭിച്ചുവന്നിരുന്നുള്ളൂ. മുസ്‌ലിംകൾ അടക്കമുള്ള ഒ.ബി.സി വിഭാഗങ്ങൾക്ക് ദേശീയാടിസ്ഥാനത്തിൽ സംവരണം ലഭിച്ചു തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി ആയിരിക്കെ പിന്നാക്കവിഭാഗങ്ങളുടെ സംവരണത്തെ കുറിച്ച് പഠിക്കാൻ നിശ്ചയിക്കപ്പെട്ട കാക കാലേൽക്കർ കമ്മീഷൻ 1955ൽ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഒ.ബി.സി സംവരണം പാടില്ലെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നെഹ്റു ഒ.ബി.സി സംവരണം തടഞ്ഞു വെച്ചിരുന്നു. പിന്നീട് ബിഹാർ മുഖ്യമന്ത്രിയായിരുന്ന ബി.പി മണ്ഡൽ 1979ൽ മൊറാർജി ദേശായി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിലാണ് ഒ.ബി.സി സംവരണമെന്ന നിർദേശം വീണ്ടും ഉയർന്നു വന്നത്. ഹിന്ദു സമുദായത്തിൽ എത്ര ശതമാനം ഒ.ബി.സിയുണ്ടോ അത്രയും ശതമാനം മുസ്‌ലിംകൾക്കിടയിലും ഒ.ബി.സിയുണ്ടെന്ന നിലപാടാണ് മണ്ഡൽ സ്വീകരിച്ചത്. പക്ഷേ, ആ റിപ്പോർട്ട് പുറത്ത് വന്നപ്പോഴേക്കും മൊറാർജി ദേശായി ഗവൺമെന്റ് പോയി പകരം ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള സർക്കാർ വന്നു. അവർക്കും അത് നടപ്പാക്കാൻ സാധിച്ചില്ല. പിന്നീട് 1990ൽ വി.പി സിംഗിന്റെ ജനതാ ഗവൺമെന്റാണ് മണ്ഡൽ റിപ്പോർട്ട് അംഗീകരിക്കുന്നത്. അങ്ങനെ അത് പഠിച്ച് സംസ്ഥാന തലങ്ങളിൽ നടപ്പിലാക്കാൻ കമീഷനുകൾ നിലവിൽ വന്നു. അവർ നിർദേശങ്ങൾ സമർപ്പിക്കാൻ വീണ്ടും വർഷങ്ങളെടുത്തു. അങ്ങനെ 1994-95ലാണ് ആദ്യമായി ഒ.ബി.സി സംവരണം പ്രായോഗികമായി നടപ്പാക്കുന്നത്. അപ്പോൾ ഒ.ബി.സി സംവരണം നടപ്പിലാക്കിയിട്ട് വെറും 22 വർഷം മാത്രമേ ആയിട്ടുള്ളൂ എന്നു ചുരുക്കം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒ.ബി.സിക്ക് സംവരണം നടപ്പിലാക്കിയത് 2006ൽ അർജുൻസിംഗ് മാനവ വിഭവശേഷി മന്ത്രിയായിരിക്കുമ്പോൾ ആണ്. കേവലം പത്ത് വർഷം മുമ്പ് മാത്രം. അപ്പോൾ അര നൂറ്റാണ്ടിലേറെ പഴക്കമുണ്ടെന്ന് പറയുന്ന സംവരണം എസ്.സി/എസ്.ടി വിഭാഗക്കാരുടേത് മാത്രമാണ്. ഇത് ബോധപൂർവം മറച്ചുവെച്ചാണ് കഴിഞ്ഞ 70 വർഷമായി സംവരണം തന്നില്ലേ എന്ന ചോദ്യം സംവരണ വിരുദ്ധർ ഉയർത്തുന്നത്. ഈ കുറഞ്ഞ കാലയളവിൽ ഈ സംവരണം കൊണ്ട് പിന്നാക്ക വിഭാഗക്കാർ എവിടെ എത്തി എന്ന കണക്കും പരിശോധിക്കേണ്ടതാണ്. 2015 ലെ റിപ്പോർട്ട് പ്രകാരം 54 ശതമാനമുള്ള ഇന്ത്യയിലെ സംവരണ പിന്നാക്ക വിഭാഗങ്ങൾ വെറും എട്ട് ശതമാനം മാത്രമാണ് ഉദ്യോഗ തലങ്ങളിൽ എത്തിയത്. ഇതിനർഥം സാമുദായിക സംവരണം വെള്ളം ചേർക്കപ്പെടാതെ ഇനിയും പതിറ്റാണ്ടുകൾ തുടർന്നെങ്കിൽ മാത്രമേ 8 ശതമാനത്തിൽ നിന്നും 54 ശതമാനത്തിലേക്ക് കടന്നുകയറാൻ സാധിക്കുകയുള്ളൂ.


വസ്തുതകൾ ഇങ്ങനെയായിരിക്കെ സാമുദായിക സംവരണത്തിലേക്ക് മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികപിന്നാക്കം അനുഭവിക്കുന്നവരെ കൂട്ടിച്ചേർക്കുന്നതും പിന്നാക്ക സമുദായങ്ങളിലെ 'സമ്പന്നർ' എന്ന് പറയപ്പെടുന്നവരെ 'പാൽപാടക്കാർ' എന്ന് വിളിച്ചുകൊണ്ട് സംവരണത്തിൽ നിന്ന് അകറ്റി നിർത്തുന്നതും ഭരണഘടനാ വിരുദ്ധമാണെന്നു നമുക്ക് ബോധ്യമാകും. അതെ സമയം സംവരണത്തിന്റെ ആനുകൂല്യങ്ങൾ ഭരണഘടനാപരമായി ലഭിച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങൾ അവ വേണ്ടവിധം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ജനറൽ മെറിറ്റിൽ തന്നെ കയറിക്കൂടാനുള്ള ശ്രമങ്ങൾ ഉണ്ടാവുകയും അതെ സമയം റിസർവേഷനിൽ പറയപ്പെട്ടിട്ടുള്ള തസ്തികകളിൽ കയറിക്കൂടി രാഷ്ട്രസേവനത്തിലൂടെ മുഖ്യധാരയിൽ എത്തേണ്ടതുമുണ്ട്. മുസ്‌ലിംകൾ അടക്കമുള്ള പിന്നാക്കവിഭാഗങ്ങളിൽ നിന്നും രാജ്യത്തിന്റെ ഉന്നത ശ്രേണികളിലും തസ്തികകളിലും എത്തിയിട്ടുള്ളവരുടെ എണ്ണം വളരെ കുറവാണ്. മുഖ്യധാരയിലേക്ക് കടന്നുചെല്ലാനുള്ള വിമുഖത ഒഴിവാക്കുവാനും സംവരണം വേണ്ടവിധം ഉപയോഗപ്പെടുത്താനും സമുദായ സംഘടനകൾ അവരുടെ അംഗങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്.

സംവരണസമുദായങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളിന്മേൽ കൈവെച്ചുകൊണ്ടല്ല സർക്കാരുകൾ മുന്നാക്കവിഭാഗങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടത്. സാമ്പത്തികവൈഷമ്യം അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള പ്രത്യേക പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. ഹൈന്ദവ സമുദായത്തിലെ ജാതിവ്യവസ്ഥ ഇല്ലായ്മ ചെയ്യുകയും രാജ്യത്തെ ന്യൂനപക്ഷ ദുർബ്ബല വിഭാഗങ്ങളോട് മാതൃകാനുസാരമായ സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ സാമുദായിക സംവരണമില്ലാത്ത ഏകാത്മകമായ ഒരു ജനതയായി രാജ്യത്തെ പരിവർത്തിപ്പിക്കാൻ സാധിക്കൂ എന്ന തിരിച്ചറിവാണ് മതരാഷ്ട്രീയഭരണസാമൂഹിക മണ്ഡലങ്ങളിലെ നേതൃത്വങ്ങൾക്ക് ഉണ്ടാവേണ്ടത്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം

# നബിദിനാഘോഷക്കാർ കാണാതെ പോകുന്നത്...!



വർഷത്തിലൊരിക്കൽ മീലാദുന്നബി ആഘോഷിച്ചാൽ യഥാർഥ പ്രവാചക സ്നേഹമായി എന്ന് വിശ്വസിക്കുന്നവരാണ് സമൂഹത്തിലെ നല്ലൊരു ശതമാനവും! അതിന് മതത്തിൽ തെളിവുണ്ടോ ഇല്ലേ എന്ന ചർച്ച പോലും അവർക്ക് അസഹനീയമാണ്. അങ്ങനെയാണ് മതം പഠിപ്പിക്കുന്നവർ(?) അവർക്ക് പകർന്നു നൽകിയിരിക്കുന്ന ബോധം! തെളിവുണ്ടോ ഇല്ലേ എന്ന് അന്വേഷിക്കുന്നത് പോലും പ്രവാചകനിന്ദയാണ് എന്ന് സാധാരണക്കാരെ വിശ്വസിപ്പിച്ചാൽ പിന്നെ അതിനെതിരായി എന്ത് തെളിവ് നൽകിയാലും ഫലമുണ്ടാകില്ലല്ലോ! അത് കേൾക്കാനും അവർ മനസ്സു കാണിക്കില്ല.

ഇന്നയിന്ന രാഷ്ട്രങ്ങളിലൊക്കെ മീലാദുന്നബി ആഘോഷിക്കുന്നുണ്ട്; ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആഘോഷിക്കുന്നുണ്ട്. കേരളത്തിലെ മുജാഹിദുകൾ മാത്രമാണ് അത് പാടില്ലെന്നു പറയുന്നത് എന്നാണ് ഇപ്പോൾ സാധാരണക്കാർ ഈ വിഷയം സംസാരിക്കുമ്പോൾ പറയുന്നത്! അതിന് തെളിവെന്നോണം വാട്സാപ്പ് വഴി വിവിധ രാജ്യങ്ങളിൽ മീലാദുന്നബി ആഘോഷിക്കുന്നതിന്റെ വീഡിയോ ക്ലിപ്പുകളും പ്രചരിപ്പിക്കുന്നുണ്ട്!

ഇസ്‌ലാമിൽ ഒരു കാര്യം ഇബാദത്താകുന്നത് അത് ലോകത്ത് ഏതൊക്കെ രാജ്യങ്ങളിൽ അനുഷ്ഠിക്കുന്നു എന്ന് നോക്കിയോ, ഭൂരിപക്ഷം ജനങ്ങളും ആചരിക്കുന്നുണ്ടോ എന്ന് നോക്കിയോ അല്ലല്ലോ! അത് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നാണല്ലോ പരിശോധിക്കേണ്ടത്. എന്നാൽ ഇങ്ങനെ ചിന്തിക്കാൻ മതത്തെക്കുറിച്ച അടിസ്ഥാനപരമായ വിവരം പോലുമില്ലാത്തവർക്ക് എങ്ങനെ കഴിയും?

**ജനങ്ങളുടെ യാത്രക്ക് പ്രയാസം സൃഷ്ടിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും നടത്തുന്ന ഘോഷയാത്രയുടെ ഇസ്‌ലാമിക മാനമെന്താണ്? സ്ത്രീകൾ പള്ളിയിൽ പോയി നമസ്കരിക്കുന്നത് വലിയ ഫിത്നയായി കാണുന്നവർ മീലാദുന്നബിക്ക് നടക്കുന്ന സ്ത്രീ-പുരുഷ കൂടിക്കലരൽ കണ്ടില്ലെന്നു നടിക്കുന്നു.**

ജനങ്ങളുടെ യാത്രക്ക് പ്രയാസം സൃഷ്ടിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും നടത്തുന്ന ഘോഷയാത്രയുടെ ഇസ്‌ലാമിക മാനമെന്താണ്? സ്ത്രീകൾ പള്ളിയിൽ പോയി നമസ്കരിക്കുന്നത് വലിയ ഫിത്നയായി കാണുന്നവർ മീലാദുന്നബിക്ക് നടക്കുന്ന സ്ത്രീ-പുരുഷ കൂടിക്കലരൽ കണ്ടില്ലെന്നു നടിക്കുന്നു. യുവാക്കൾ നടത്തുന്ന ആഭാസകരമായ 'ചാടിക്കളി'യും മറ്റും കാണുമ്പോൾ പടച്ചവനേ, ഇതൊക്കെ ദീനിന്റെ പേരിലാണല്ലോ എന്ന് വേദനയോടെ പറഞ്ഞുപോകും.

'മനുഷ്യ സ്നേഹത്തിന്റെ മകുടോദാഹരണമായ മുത്ത്നബി ഭൂജാതനായതിന്റെ മഹത്തായ സ്മരണയുമായി...' കഴിഞ്ഞ വർഷം മലപ്പുറം ജില്ലയിൽ നടന്ന ഒരു നബിദിന ഘോഷയാത്രയിൽ ഉയർന്നു കേട്ട വാക്കുകളാണിത്! ആ സമയം ഈയുള്ളവർ സഞ്ചരിക്കുന്ന ബസ് 'നബിദിന'ക്കാർ സൃഷ്ടിച്ച ബ്ലോക്കിൽ പെട്ട് മുന്നോട്ടു പോകാനാവാതെ നിൽക്കുകയായിരുന്നു! യാത്രക്കാരുടെ മുറുമുറുപ്പിൽ പ്രവാചകനോടുള്ള വെറുപ്പ് നിറഞ്ഞുനിന്നിരുന്നുവെങ്കിൽ ആ വെറുപ്പിന് കാരണക്കാരായവരെ അല്ലാഹു വെറുതെ വിടുമോ?

അല്ലാഹുവിന്റെ റസൂലിന്റെ കൽപനാനിർദേശങ്ങൾക്ക് വിരുദ്ധമല്ലേ ഈ വഴിതടയലും അനുബന്ധ ചടങ്ങുകളും? അത്രമാത്രം പുണ്യകരമാണ് നബിദിനാഘോഷമെങ്കിൽ എന്തുകൊണ്ട് പ്രവാചകനും സ്വഹാബത്തും അത് നടപ്പിലാക്കിയില്ല? 'അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് പ്രഖ്യാപിക്കുന്നവർക്ക് ആ പ്രവാചകനെ ധിക്കരിക്കുവാൻ അവകാശമുണ്ടോ? റസൂലിനെ ധിക്കരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിക്കുക കൂടിയല്ലേ ചെയ്യുന്നത്?

അല്ലാഹു പറയുന്നു: "തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹു

വോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്..." (അൽഫത്ഹ്: 10).

"(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു" (അന്നിസാഅ്: 80).

ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറയ്റ ﷺയിൽ നിന്ന് ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിച്ചാൽ അവൻ അല്ലാഹുവിനെയാണ് ധിക്കരിച്ചത്."

ഇമാം ബുഖാരി അബൂഹുറയ്റ(റ)യിൽ നിന്ന് ഉദ്ധരിക്കന്നു. നബിﷺ പറഞ്ഞു: "എന്റെ ഉമ്മത്ത് മുഴുവൻ സ്വർഗത്തിൽ പ്രവേശിക്കുന്നവരാണ്; വിസമ്മതിച്ചവരൊഴികെ." സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് വിസമ്മതിക്കുന്നത്?" നബിﷺ പറഞ്ഞു: "ആർ എന്നെ അനുസരിച്ചുവോ അവർ സ്വർഗത്തിൽ പ്രവേശിക്കും. ആർ എന്നോട് അനുസരണക്കേട് കാണിക്കുന്നുവോ അവരാണ് വിസമ്മതിച്ചത്."

അല്ലാഹു പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക" (അൽഹശ്ർ: 7).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

ഈ ആയത്തിന്റെ വിവരണത്തിൽ മുഫസ്സിറുകൾ പറഞ്ഞിട്ടുള്ളത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥ(ക്വുർആനിലേക്ക്)ത്തിലേക്ക് എന്നാണ്. നബിﷺയിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്.

അബൂറാഫിഅ്ﷺനിവേദനം റസൂലുല്ലാഹിﷺ പറഞ്ഞു: "ഞാൻ നിങ്ങളിലാരെയും ഇപ്രകാരം കാണാതിരിക്കട്ടെ: തന്റെ സോഫയിൽ ചാരിയിരിക്കുന്ന അവസ്ഥയിൽ ഞാൻ നിർദേശിച്ച വല്ല കാര്യമോ, വിലക്കിയ വല്ല സംഗതിയോ അയാളുടെ അടുക്കൽ എത്തിയാൽ അയാൾ പറയും; നമുക്കറിയില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നാം കണ്ടതെന്തോ അത് നമുക്ക് പിൻപറ്റാം" (അബൂദാവൂദ്, ബൈഹക്വി).

ഇമാം ശാഫിഈ പറയുന്നു: 'ഈ ഹദീഥിൽ നബിﷺയിൽ നിന്നുള്ള റിപ്പോർട്ടുകളെ സ്ഥിരീകരിക്കലും അത് സ്വീകരിക്കൽ അനിവാര്യമാണെന്ന അ

**ഈ ആഘോഷത്തിൽ സാധാരണക്കാരും വിവരമില്ലാത്തവരുമായ ഒരുകൂട്ടം ജനങ്ങൾ പങ്കെടുക്കുന്നു. ക്രിസ്ത്യാനികൾ ഈസാനബി(അ)യുടെ ജന്മദിനമാണെന്ന് വാദിച്ച് ക്രിസ്മസ് ആഘോഷിക്കുന്നു. ഇതിനോട് സാമ്യത പുലർത്തിക്കൊണ്ട് ഇക്കൂട്ടരും ഇത്തരം പുതുനിർമിതികൾ നടത്തി. ഈ ആഘോഷം പുത്തനാചാരവും ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, മാത്രമല്ല അത് ശിർക്കും നിഷിദ്ധവുമായ പ്രവർത്തനങ്ങൾ അടങ്ങിയതുമാണ്.**

റിയിപ്പുമുണ്ട്. അല്ലാഹുവിന്റെ ഗ്രന്ഥമായ ക്വുർആനിൽ വ്യക്തമായ പരാമർശമില്ലാത്ത ഒരു കാര്യമാണ് നബി(സ) തന്റെ ഹദീഥിലൂടെ വിശദീകരിച്ചത് എങ്കിൽ പോലും.'

വിശുദ്ധ ക്വുർആനിൽ നബിദിനാഘോഷത്തിന് തെളിവില്ല. മുഹമ്മദ് നബി(സ) സ്വന്തം ജന്മദിനം കൊണ്ടാടിയിട്ടില്ല; മറ്റു പ്രവാചകന്മാരുടെ മൗലിദ് കഴിക്കുകയോ അതിന് നിർദേശിക്കുകയോ ചെയ്തിട്ടുമില്ല. സ്വഹാബികളാരും ആരുടെയെങ്കിലും ജന്മദിനം ആഘോഷിച്ചതായി യാതൊരു തെളിവുമില്ല! അതുകൊണ്ടുതന്നെ ഇത് പുത്തനാചാരമാണ് എന്നതിൽ സംശയമില്ല. ശൈഖ് ഫൗസാൻ ബിദ്അത്തിനെക്കുറിച്ചെഴുതിയ ലഘുകൃതിയിൽ പറയുന്നു:

"മുസ്‌ലിം സമൂഹത്തിലെ ചില മൂഢൻമാർ അല്ലെങ്കിൽ വഴിപിഴപ്പിക്കുന്ന പണ്ഡിതന്മാർ മുഹമ്മദ് നബി(സ)യുടെ ജന്മദിനമെന്ന പേരിൽ എല്ലാവർഷവും റബീഉൽ അവ്വൽ മാസത്തെ ആഘോഷമാക്കുന്നു. അവരിലെ ചിലർ ഈ ആഘോഷം പള്ളികളിൽവെച്ച് ആഘോഷിക്കുന്നു. മറ്റുചിലർ വീടുകളിലും അതല്ലെങ്കിൽ പ്രത്യേകം തയാറാക്കപ്പെട്ട സ്ഥലങ്ങളിൽവെച്ചും നടത്തുന്നവരാണ്.

ഈ ആഘോഷത്തിൽ സാധാരണക്കാരും വിവരമില്ലാത്തവരുമായ ഒരുകൂട്ടം ജനങ്ങൾ പങ്കെടുക്കുന്നു. ക്രിസ്ത്യാനികൾ ഈസാനബി(അ)യുടെ ജന്മദിനമാണെന്ന് വാദിച്ച് ക്രിസ്മസ് ആഘോഷിക്കുന്നു. ഇതിനോട് സാമ്യത പുലർത്തിക്കൊണ്ട് ഇക്കൂട്ടരും ഇത്തരം പുതുനിർമിതികൾ നടത്തി. ഈ ആഘോഷം പുത്തനാചാരവും ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, മാത്രമല്ല അത് ശിർക്കും നിഷിദ്ധവുമായ പ്രവർത്തനങ്ങൾ അടങ്ങിയതുമാണ്.

അല്ലാഹുവിന് പുറമെ പ്രവാചകനെ വിളിച്ച് പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യുന്ന രൂപത്തിൽ പ്രവാചകൻ അർഹിക്കുന്നതിലും അതിരുകവിഞ്ഞ കാവ്യങ്ങൾ നിർമിച്ചുകൊണ്ടാണ് ഇത്തരം ആളുകൾ വഴിപിഴച്ചത്. എന്നാൽ നബി(സ) ആകട്ടെ അദ്ദേഹത്തെ അതിരുവിട്ട് പ്രശംസിക്കുന്നത് വിലക്കിയിട്ടുണ്ട്. നബി(സ) പറഞ്ഞു:

"ക്രിസ്ത്യാനികൾ മറിയമിന്റെ പുത്രനെ അമിതമായി പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ അമിതമായി പുകഴ്ത്തരുത്. തീർച്ചയായും ഞാനൊരു ദാസനാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലും എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക."

"...ഈ ആഘോഷങ്ങളെ അനുഗമിക്കുന്ന ഹീന കൃത്യങ്ങളിൽപെട്ടതാണ് സംഗീതത്തിന്റെ അകമ്പടിയോടെയുള്ള ഗാനങ്ങൾ, ചെണ്ടമേള, സ്വൂഫികളുടെ പുത്തൻനിർമിതികളായ പ്രാർഥനകൾ നിർവഹിക്കൽ തുടങ്ങിയവ. സ്ത്രീ-പുരുഷ ഇടകലരൽ ഇത്തരം ആഘോഷങ്ങളിൽ ഉണ്ടാകാറുണ്ട്. ഇനി അവർ വാദിക്കാറുള്ളത് പോലെ ഈ ആഘോഷം ഇത്തരത്തിലുള്ള വിപത്തുകളിൽനിന്ന് ഒഴിവാകുകയും ഒരുമിച്ച്കൂടുക, ഭക്ഷണം കഴിക്കുക, സന്തോഷം പ്രകടിപ്പിക്കുക എന്നിവയുടെമേൽ പരിമിതപ്പെടുകയും ചെയ്താലും ശരി ഈ ആഘോഷം പുത്തനാചാരമാണ്. നബി(സ) പറഞ്ഞു: 'എല്ലാ പുതുനിർമിതികളും പുത്തനാചാരമാണ്. എല്ലാ പുത്തനാചാരങ്ങളും വഴികേടിലാണ്.'

അവരുടെ ന്യായം ഘട്ടംഘട്ടമായി പരിണമിച്ച് മറ്റ് ആഘോഷങ്ങളിൽ സംഭവിക്കാറുള്ള ഹീന കൃത്യങ്ങൾ ഇതിലും സംഭവിക്കും. ഈ ആഘോഷം ബിദ്അത്താണെന്ന് പറയാനുള്ള കാരണം ഇതിന് ക്വുർആനിലോ പ്രവാചകചര്യയിലോ സച്ചരിതരായ പൂർവസൂരികളുടെ പ്രവർത്തനങ്ങളിലോ ശ്രേഷ്ഠമായ നൂറ്റാണ്ടുകളിലോ ഇതിന് യാതൊരു അടിസ്ഥാനവുമില്ല എന്നതാണ്. ഹിജ്റ നാലാം നൂറ്റാണ്ടിനുശേഷം രംഗത്തുവന്ന പുത്തനാചാരമാണിത്. ഫാത്വിമിയാക്കളാണ് ഇത് നിർമിച്ചത്."

എന്നാൽ നബി(സ) പത്നി ഖദീജ(റ)യുടെ മൗലിദ് കഴിച്ചിട്ടുണ്ട് എന്ന വ്യാജവാദം മൗലിദനുകൂലികൾ അവതരിപ്പിക്കാറുണ്ട്. സാധാരണക്കാർ അത് വലിയ തെളിവായി കൊണ്ടുനടക്കുന്നത് കാണാം. മറ്റു ഭാര്യമാരോട് ഖദീജ(റ)യുടെ നന്മകൾ പറഞ്ഞതിനെയും ഖദീജ(റ)യുടെ കൂട്ടുകാരികൾക്ക് അവിടുന്ന് ആടിനെ അറുത്ത് മാംസം വിതരണം ചെയ്തതിനെയുമാണ് ഇവർ മൗലിദായി വ്യാഖ്യാനിക്കുന്നത്! അതിന് ജന്മദിനവുമായി യാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാണ്.

നബി(സ) ചെയ്യാൻ പറഞ്ഞതെല്ലാം നാം ചെയ്യേണ്ടതുണ്ട്. വർജിക്കാൻ പറഞ്ഞതെല്ലാം വർജിക്കേണ്ടതുണ്ട്. നബിദിനാഘോഷം നബി(സ)യുടെ ചര്യയിൽ പെട്ടതല്ല എന്നും ഉത്തമമെന്ന് അവിടുന്ന് പ്രഖ്യാപിച്ച മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായതാണെന്നും ഇത് ആഘോഷിക്കുന്നവർ തന്നെ പലപ്പോഴും സമ്മതിക്കാറുണ്ട്! എങ്കിൽ മതത്തിൽ മാതൃകയില്ലാത്ത ഈ പരിപാടി അവസാനിപ്പിച്ചു കൂടേ? ●

ബാലപഥം

അശ്റു പുളിമ്പറമ്പ്
mail@nerpatham.com



# അല്ലാഹുവിന് നന്ദി കാണിക്കുക നാം

**ഹം**ദ മോളുടെ പ്രിയപ്പെട്ട ഇത്താത്തയാണ് സഹദിയ.

ഇത്താത്തയുടെ കൂടെ ഭക്ഷണം കഴിക്കാനാണ് ഹംദ മോൾക്ക് ഇഷ്ടം.

ഇണങ്ങിയും പിണങ്ങിയും ഭക്ഷണം കഴിക്കുന്നതിനിടയിൽ സഹദിയ കഥകൾ പറഞ്ഞു കൊടുക്കും.

അന്ന് സഹദിയ മദ്റസ വിട്ടു വന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോഴേക്കും ഹംദ മോൾ കഴിക്കാൻ തുടങ്ങിയിരുന്നു.

“ബിസ്മില്ലാഹ് എന്ന് പറഞ്ഞ് കൊണ്ട് മാത്രമെ ഭക്ഷണം കഴിക്കാൻ പാടുള്ളൂ. നീ ബിസ്മി ചൊല്ലിയോ?” സഹദിയ ചോദിച്ചു.

“ഇല്ല, ഞാൻ ചൊല്ലിയില്ല” ഹംദ പറഞ്ഞു.

അപ്പോൾ സഹദിയ പറഞ്ഞു: “ബിസ്മി ചൊല്ലാൻ മറന്ന് ഭക്ഷണം കഴിച്ച് തുടങ്ങിയാൽ ‘ബിസ്മില്ലാഹി അവ്വലുഹു വആഖിറുഹു’ എന്നാണ് പറയേണ്ടത്. ഹംദ മോൾ അത് പോലെ പറഞ്ഞു.

“ബിസ്മില്ലാഹ്’ എന്ന് എന്തിനാ പറയുന്നത്” ഹംദ മോളുടെ സംശയം.

ഈ ചോദ്യം കേട്ടപ്പോൾ സഹദിയക്ക് ചിരി വന്നു.

ഉസ്താദിനോട് ഇതേ ചോദ്യം സഹദിയ ചോദിച്ചിരുന്നു.

ഉസ്താദ് പറഞ്ഞ മറുപടി ഓർത്തെടുത്ത് കൊണ്ട് സഹദിയ പറഞ്ഞു:

“അല്ലാഹുവാണ് നമുക്ക് ഭക്ഷണം തരുന്നത്. ഭക്ഷണം കഴിക്കാൻ ഉണ്ടായിട്ടും കഴിക്കാൻ കഴിയാത്തവരും ഭക്ഷണം കഴിക്കാൻ കിട്ടാതെ പ്രയാസപ്പെടുന്നവരും എത്രയോ ലോകത്തുണ്ട്. അല്ലാഹു നൽകിയ വലിയ അനുഗ്രഹമാണ് ഭക്ഷണം. അതിനാൽ ഭക്ഷിക്കുമ്പോഴും കുടിക്കുമ്പോഴുമെല്ലാം നാം അവന്റെ നാമത്തിൽ ആരംഭിക്കണം.”

“ഭക്ഷണം കഴിക്കാൻ ഇല്ലാത്തവരുടെ കാര്യം കഷ്ടമാ അല്ലേ, ഇത്താത്താ?”

“അതെ. ഇല്ലാത്തവരെ ഉള്ളവർ സഹായിക്കണം.”

“പിന്നെ ഭക്ഷണം കഴിക്കുമ്പോൾ നാം എന്താണ് ശ്രദ്ധിക്കേണ്ടത്?”

“വലത് കൈകൊണ്ട് മാത്രമേ ഭക്ഷണം കഴിക്കാൻ പാടുള്ളൂ. കുടിക്കുമ്പോഴും വലത് കൈ കൊണ്ട് മാത്രമേ പാടുള്ളൂ. നമുക്ക് ആവശ്യത്തിന് വേണ്ടുന്ന ഭക്ഷണമേ പ്ലേറ്റിൽ എടുക്കാൻ പാടുള്ളൂ. ബാക്കിയാക്കി വെറുതെ കളയരുത്. പ്ലേറ്റിലുള്ളത് മുഴുവൻ കഴിച്ച് വിരലുകളിൽ പിടിച്ചിരിക്കുന്ന ഭക്ഷണാവശിഷ്ടങ്ങൾ നക്കിത്തുടക്കണം.”

ഭക്ഷണം കഴിച്ച് കഴിഞ്ഞപ്പോൾ ഇത്താത്ത പറഞ്ഞു.

“നേരത്തെ പറഞ്ഞത് ഓർമയുണ്ടല്ലോ. ലോകത്ത് കുറേയാളുകൾ ഭക്ഷണം കിട്ടാതെ കഷ്ടപ്പെടുന്നുണ്ട്. കുറേയാളുകൾ ഭക്ഷണം ഉണ്ടായിട്ടും കഴിക്കാൻ പറ്റാതെ രോഗികളായി കിടക്കുന്നുണ്ട്. അല്ലാഹു നമുക്ക് ഭക്ഷണവും തന്നു; കഴിക്കാനുള്ള അവസരവും തന്നു. അതിനാൽ അല്ലാഹുവിന് നമ്മൾ നന്ദി പറയണം. അവനെ സ്തുതിക്കണം. ഇത്താത്ത പറയുന്നത് പോലെ മോളും പറയണം. അൽഹംദുലില്ലാഹ്.”

“അൽഹംദുലില്ലാഹ്” ഹംദമോൾ അതേറ്റു പറഞ്ഞു.

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# അല്ലാഹുവിന്റെ വാഗ്ദാനം

**"മനുഷ്യരേ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ഐഹികജീവിതം നിങ്ങളെ വഞ്ചിച്ച് കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ."(ക്വുർആൻ 35:5)**

സത്യസന്ധത, വാക്കുപാലനം എന്നിവ നല്ല ഗുണങ്ങളാണ്. അത്തരം സ്വഭാവഗുണങ്ങളുള്ളവരെ നാം അംഗീകരിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യും. അല്ലാഹുവിന്റെ ഗുണ വിശേഷണങ്ങളിലൊന്നായി ക്വുർആനും സുന്നത്തും പഠിപ്പിക്കുന്ന ഒന്നാണ് വാക്കുപാലനവും, സത്യസന്ധതയും. അവനൊരിക്കലും വാക്ക് ലംഘിക്കുകയില്ല ക്വുർആൻ പറയുന്നു.

"അല്ലാഹുവിന്റെ വാഗ്ദാനമത്രെ ഇത്. അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല. പക്ഷെ മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല." (ക്വുർആൻ 30:6)

ക്വുർആനിലും തിരുസുന്നത്തിലും അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ നമുക്ക് കാണാനാവും. എന്നാൽ വിശ്വാസികളായ നമുക്ക് അവയിൽ വിശ്വാസമർപിച്ച് മുന്നോട്ട് പോകാൻ സാധിക്കാറുണ്ടോ എന്ന് നാം ഓരോരുത്തരും ആലോചിക്കേണ്ടതുണ്ട്.

ആവലാതികളും സങ്കടങ്ങളും പറയാൻ സൃഷ്ടികളുടെ അടുക്കലേക്ക് ധൃതിപ്പെടുന്ന നമ്മൾ സ്രഷ്ടാവിനോട് പറയാൻ സമയം കാണാറുണ്ടോ?

രാത്രിയുടെ അന്ത്യയാമങ്ങളിൽ അതിനുള്ള പ്രത്യേക സമയമായി പ്രവാചകൻ ﷺ പഠിപ്പിച്ചിട്ടും ആ സമയവും സന്ദർഭവും ഉപയോഗപ്പെടുത്തി നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആധിയും വ്യഥയുമെല്ലാം റബ്ബിന്റെ മുമ്പിൽ ഇറക്കിവെക്കാൻ നമുക്ക് കഴിയാറുണ്ടോ?

അല്ലാഹു പറയുന്നു: "നിന്നോട് എന്റെദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്." (ക്വുർആൻ 2:186)

വാക്കിലും പ്രവൃത്തിയിലും ഇടപാടുകളിലുമൊക്കെ സത്യസന്ധത പാലിക്കണമെന്നും എങ്കിൽ ഈ ലോകത്തും മരണാനന്തര ജീവിതത്തിനും നമുക്ക് ധാരാളം നന്മകളും നേട്ടങ്ങളുമുണ്ടെന്ന് ക്വുർആനും നബിﷺയുടെ വചനങ്ങളും ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. (ക്വുർആൻ 65:2,3)

നബിﷺ പറഞ്ഞു: "വിശ്വസ്തനും സത്യസന്ധനും വിശ്വാസിയുമായ കച്ചവടക്കാരൻ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ പ്രവാചകന്മാരുടെയും സത്യവാന്മാരുടെയും രക്തസാക്ഷികളുടെയും കൂടെയായിരിക്കും" (ഇബ്നു മാജ)

സ്ത്രീധനം, പലിശ, കൈക്കൂലി, കൊള്ള, തട്ടിപ്പ്... തുടങ്ങിയ ഏത് അക്രമത്തിനും പല ദുർന്യായങ്ങളും പലർക്കും പറയാനുണ്ടാകും. അവരുടെയെല്ലാം അടിസ്ഥാനം സ്രഷ്ടാവായ അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള വിശ്വാസവും പിശാചിന്റെ വാഗ്ദാനങ്ങളിലും ഭീഷണികളിലുമുള്ള വിശ്വാസവുമാണ് എന്ന് കാണാം.

"പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവന്റെ പക്കൽ നിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു."(ക്വുർആൻ 2:268)

അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപിച്ച്, തിന്മകൾക്കെതിരിൽ ശക്തമായ നിലപാടുകളെടുക്കണമെങ്കിൽ നല്ല ക്ഷമയും സഹനവും ഇച്ഛാശക്തിയും നമുക്ക് അനിവാര്യമാണ്.

അല്ലാഹു പറയുന്നു: "ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ."(ക്വുർആൻ 30:60)

പിശാചിന്റെ ദുർബോധനങ്ങളിൽ അടിപതറാത്തവരായി മുന്നേറാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ!

ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

**ഇബ്റാഹീം നബി(അ): 6**



# മഹാത്യാഗത്തിന്റെ ചരിത്രം

"എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക് കീഴ്പെടുകയും, അവനെ നെറ്റി (ചെന്നി) മേൽ ചെരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ഹേ! ഇബ്റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന്ന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലിമൃഗത്തെ നാം നൽകുകയും ചെയ്തു. പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു" (ക്വുർആൻ 37:102-108).

ഇസ്മാഈൽ വളർന്ന് ഓടിച്ചാടി നടക്കുന്ന പ്രായത്തിലെത്തി. മാതാപിതാക്കൾക്ക് കൺകുളിർമ നൽകി ആ മകൻ വളരുമ്പോഴാണ് അവനെ ബലിയറുക്കുവാൻ അല്ലാഹുവിന്റെ കൽപന വരുന്നത്. പരീക്ഷണങ്ങൾ പലതും നേരിട്ട ഇബ്റാഹീം നബിعليه السلامക്ക് അല്ലാഹുവിൽനിന്നുള്ള പുതിയ പരീക്ഷണത്തിൽ തെല്ലും വിഷമം തോന്നിയില്ല. മകനെ വിളിച്ച് കാര്യം ബോധിപ്പിക്കുന്നു. ദൈവ ബോധത്തിൽ ഊട്ടിയുറപ്പിക്കപ്പെട്ടു വളർന്ന മകൻ അല്ലാഹുവിന്റെ കൽപന എന്താണോ അത് നിറവേറ്റണമെന്ന് മറുപടി നൽകുന്നു!

കൽപന നിർവഹിക്കുവാനായി പിതാവ് മകനെ മിനയിലേക്ക് കൊണ്ടുപോയി. മണ്ണിൽ കിടത്തി. ബലികർമത്തിനു മുമ്പ് മകന്റെ നിർദേശം; ഉപ്പാ... ഉപ്പാക്ക് മുഖത്ത് നോക്കി കൃത്യം ചെയ്യാൻ ആവില്ലെങ്കിൽ എന്നെ കമഴ്ത്തിക്കിടത്തുക! ആ ദൃഢവിശ്വാസിയായ മകന്റെ പതറാത്ത ശബ്ദം.

കഴുത്തിൽ കത്തിവെക്കാനൊരുങ്ങുന്ന വേളയിൽ അതാ ഒരു വിളിയാളം വരുന്നു; ഇബ്‌റാഹീം...! താങ്കൾ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നു.

മകനെ അറുക്കേണ്ടെന്നും പകരം ഒരു മൃഗത്തെ നൽകി, അതിനെ അറുക്കുക എന്നും കൽപനയുണ്ടായി. അങ്ങനെ ആ പരീക്ഷണത്തിലും ഇബ്‌റാഹീം(അ) വിജയിച്ചു. ഈ സംഭത്തെ അനുസ്മരിച്ച് നിർവഹിക്കൽ സുന്നത്താക്കപ്പെട്ടതാണ് ബലിപെരുന്നാൾ ദിവസത്തിലെ ബലിയറുക്കൽ.

പ്രവാചകന്മാരുടെ സ്വപ്നം യാഥാർഥ്യമാണ്. അത് സത്യമായി പലരേണ്ടവയാണ്. എന്നാൽ മറ്റുള്ളവരുടെ സ്വപ്നം അങ്ങനെയല്ല. പ്രവാചകന്മാരിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട് മുമ്പ് നാം അത് വിവരിച്ചത് ഓർക്കുമല്ലോ.

ഇബ്‌റാഹീം നബി(അ)യും മകനും ഏറ്റവും വലിയ ഒരു ത്യാഗത്തിനാണ് ഒരുങ്ങിപ്പുറപ്പെട്ടത് എന്നതിൽ യാതൊരു സംശയവുമില്ല. അത് ഈ രൂപത്തിൽ പര്യവസാനിക്കുമെന്ന മുന്നറിവ് അവർക്കുണ്ടായിരുന്നുമില്ല. ഭാവിയിൽ എന്ത് സംഭവിക്കുമെന്ന് അവർക്ക് അറിയാമായിരുന്നെങ്കിൽ അതിനെ ത്യാഗമെന്നോ പരീക്ഷണമെന്നോ വിശേഷിപ്പിക്കുന്നതിൽ അർഥമില്ലല്ലോ.

പ്രവാചകന്മാരും വലിയ്യുകളും മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണെന്ന് വാദിക്കുന്നവരുണ്ട്. ആ വിശ്വാസം ഇസ്‌ലാം പഠിപ്പിക്കുന്ന ഏക ദൈവവിശ്വാസത്തിന് എതിരാണ്. പ്രവാചകന്മാർക്ക് പോലും അല്ലാഹു അറിയിക്കുമ്പോഴല്ലാതെ അദൃശ്യമറിയില്ലെന്ന് നാം പറയുമ്പോൾ അതിനെ ഖണ്ഡിച്ച് ചിലർ ഇബ്‌റാഹീം(അ)ന് മകനെ അറുക്കേണ്ടി വരില്ല എന്ന് നേരത്തെ അറിയാമായിരുന്നു എന്ന് പറഞ്ഞ് ക്വുർആൻ സൂക്തം ഓതാറുണ്ട്. ഇതാണ് ആ സൂക്തം:

“അപ്രകാരം ഇബ്‌റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യവഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത്” (6:75).

ഇതിലെ ‘ആധിപത്യ രഹസ്യങ്ങൾ’ എന്നതിന് പകരം ‘മറഞ്ഞ കാര്യങ്ങൾ’ എന്ന് അർഥം നൽകിയാണ് തൽപരകക്ഷികൾ ഇബ്‌റാഹീം നബി(അ)ക്ക് മറഞ്ഞ കാര്യങ്ങൾ അറിയുമായിരുന്നു, മകനെ അറുക്കേണ്ടിവരില്ല എന്ന് അറിയുമായിരുന്നു എന്നെല്ലാം സമർഥിക്കാൻ ശ്രമിച്ചിട്ടുള്ളത്. ‘തൗഹീദ് ഒരു സമഗ്ര പഠനം’ എന്ന പുസ്തകത്തിൽ ഇത് കാണാം. എന്നാൽ ഇവർ തന്നെ ഇറക്കിയ ‘ഫത്ഹുർ റഹ്മാൻ’ എന്ന ക്വുർആൻ പരിഭാഷയിൽ ശരിയായ അർഥം നൽകിയിട്ടുണ്ട് താനും.

ഇന്നത്തെ ബൈബിളിലുള്ളത് ഇബ്‌റാഹീം(അ) അറുക്കുവാൻ കൊണ്ടുപോയത് ഇസ്മാഈൽ(അ)നെയല്ല ഇസ്ഹാക്വ്(അ)നെയാണ് എന്നാണ്. ഇത് ക്വുർആൻ പഠിപ്പിക്കുന്നതിന് വിരുദ്ധമാണ്. തീ കുണ്ഠാരത്തിൽ നിന്ന് രക്ഷപ്പെട്ട് പോകുമ്പോൾ അദ്ദേഹം പറയുന്നത് കാണുക:

“അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. അവൻ എനിക്ക് വഴി കാണിക്കുന്നതാണ്. എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു. എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത് അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പെടുകയും, അവനെ നെറ്റി (ചെന്നി) മേൽ ചെരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ഹേ! ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന്ന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലിമൃഗത്തെ നാം നൽകുകയും ചെയ്തു. പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്‌റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു. ഇബ്‌റാഹീമിന് സമാധാനം! അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയയും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരിൽ പെട്ടവനാകുന്നു. ഇസ്ഹാക്വ് എന്ന മകന്റെ ജനനത്തെപ്പറ്റിയും അദ്ദേഹത്തിന് നാം സന്തോഷവാർത്ത അറിയിച്ചു. സദ്‌വൃത്തരിൽ പെട്ട ഒരു പ്രവാചകൻ എന്ന നിലയിൽ” (ക്വുർആൻ 37:99-119).

ആദ്യം ബലിയുമായി ബന്ധപ്പെട്ട കാര്യം അല്ലാഹു പേര് പറയാതെ വിവരിച്ചു. അതിന് ശേ



ഷം ഇബ്റാഹീം(عليه السلام)ന് ഇസ്ഹാകിനെ നൽകി എന്നും പറഞ്ഞു. അതിൽനിന്ന് വ്യക്തമാണ്; ഇസ്മാഈലി(عليه السلام)നെ ബലിനൽകുവാനാണ് ഇബ്റാഹീം നബി(عليه السلام)യോട് അല്ലാഹു കൽപിച്ചത് എന്ന്.

ബലി നൽകുവാനായി കൊണ്ടുപോയ ഇസ്മാഈലി(عليه السلام)നെ പറ്റി ക്ഷമാലുക്കളിൽ പെട്ടവൻ എന്ന് ക്വുർആനിൽ വിശേഷിപ്പിച്ചത് നാം കണ്ടു. അതേ വിശേഷണം മറ്റൊരു ഭാഗത്തും കാണാം:

"ഇസ്മാഈലും ഇദ്രീസും ദുൽകിഫ്‌ലിയും എല്ലാവരും ക്ഷമാലുക്കളിൽ പെട്ടവരായിരുന്നു"(21:85). ഈ രണ്ട് സൂക്തങ്ങളിലും ഇസ്മാഈൽ(عليه السلام)നെ ക്ഷമാലുവെന്ന് പേരെടുത്തു പറഞ്ഞ് വിശേഷിപ്പിച്ചു. ഇസ്ഹാക്(عليه السلام)നെ ക്വുർആൻ വിശേഷിപ്പിച്ചത് സദ്വൃത്തൻ എന്നുമാണ്.

"ഇസ്ഹാക് എന്ന മകന്റെ ജനനത്തെപ്പറ്റിയും അദ്ദേഹത്തിന് നാം സന്തോഷവാർത്ത അറിയിച്ചു. സദ്വൃത്തരിൽ പെട്ട ഒരു പ്രവാചകൻ എന്ന നിലയിൽ" എന്ന വചനം ശ്രദ്ധിക്കുക. ബലിയറുക്കുവാൻ കൊണ്ടുപോകുന്നത് ബാല്യ പ്രായത്തിലാണ്. അന്ന് നബി ആയിട്ടുമില്ല. അപ്പോൾ നബിയാകാൻ പോകുന്ന മകനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കപ്പെട്ട സ്ഥിതിക്ക് ഒരു കുട്ടിയെ അതിന് മുമ്പ് ബലിയറുക്കാൻ കൽപിക്കുന്നത് ഒരു പ്രഹസനമാകില്ലേ? അത് പിതാവിനും പുത്രനും കടുത്ത പരീക്ഷണമാകാനും വഴിയില്ലല്ലോ. അപ്പോൾ കാര്യം വ്യക്തം; ഇബ്റാഹീം(عليه السلام) ബലി നൽകുവാനായി കൊണ്ടുപോയത് ഇസ്ഹാകിനെയല്ല ഇസ്മാഈലിനെ തന്നെയാണ്.

വേദക്കാരായ ആളുകൾ ഈ സംഭവം ഇസ്ഹാകിലേക്ക് ചേർത്തു പറഞ്ഞത് അദ്ദേഹത്തിന്റെ പരമ്പരയിൽ പെട്ടവരാണ് ഇസ്റാഈല്യർ എന്നതിനാലാണ്. എന്നാൽ മുഹമ്മദ് നബി(ﷺ) വരുന്നത് അറബി വംശാവലിയിലാണ്. അറബികളാകട്ടെ ഇസ്മാഈലി(عليه السلام)ന്റെ പരമ്പരയിൽ പെട്ടവരുമാണ്. മുഹമ്മദ് നബി(ﷺ)യോട് അവർക്കുള്ള വെറുപ്പിനും അസൂയക്കും കാരണം അദ്ദേഹം അറബികൾക്കിടയിൽനിന്ന് വന്നു എന്നതുമാണല്ലോ. അവർക്ക് അപരിചിതനൊന്നുമല്ലായിരുന്നു മുഹമ്മദ് നബി(ﷺ).

ഇസ്മാഈൽ(عليه السلام) ഉമ്മയായ ഹാജറ(رضي الله عنها)യുടെ കൂടെ ജനവാസമില്ലാത്ത മക്കയിൽ താമസിപ്പിക്കപ്പെട്ടതിന് ശേഷം ഇതര നാടുകളിൽ നിന്ന് ആളുകൾ എത്താൻ തുടങ്ങിയല്ലോ. ഹദീഥിൽ ഇപ്രകാരം കാണാം:

"കുഞ്ഞ് വളർന്ന് വലുതായി, അവരിൽ (ജുർഹും ഗോത്രം) നിന്ന് അറബി ഭാഷ പഠിക്കുകയും ചെയ്തു. കുഞ്ഞിന്റെ വളർച്ച അവരെ അത്ഭുതപ്പെടുത്തി.

ഇസ്മാഈൽ(عليه السلام) വളർന്ന് വിവാഹ പ്രായത്തിലെത്തി. അവിടെയുള്ള ജുർഹും ഗോത്രത്തിൽ നിന്നു വിവാഹം ചെയ്തു. അതിന് ശേഷം മാതാവ് ഹാജറയുടെ വഫാത്തും സംഭവിച്ചു.

ഇസ്മാഈൽ(عليه السلام) തന്റെ ഇണയുമൊത്ത് മക്കയിൽ താമസിക്കുന്നതിനിടയിൽ ഒരു ദിവസം, ഇബ്റാഹീം(عليه السلام) അവിടെ വന്നു.

അപ്പോൾ അവിടെ ഇസ്മാഈലിനെ കണ്ടില്ല. ഇസ്മാഈൽ(عليه السلام)ന്റെ ഇണയോട് അദ്ദേഹത്തെ കുറിച്ച് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങൾക്ക് വേണ്ടി അന്നം തേടി പുറത്ത് പോയതാണ്.' ഇബ്റാഹീം(عليه السلام) അവരോട് അവരുടെ ജീവിതത്തെ കുറിച്ചും അവരുടെ അവസ്ഥയെ കുറിച്ചും പിന്നീട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'പ്രയാസത്തിലാണ്.' (അങ്ങനെ) അവരുടെ അവസ്ഥകളെല്ലാം അദ്ദേഹത്തെ ബോധിപ്പിച്ചു. 'ഞങ്ങൾ വലിയ കഷ്ടതയിലും കുടുസ്സതയിലും തന്നെയാണെന്ന് പറഞ്ഞ് അദ്ദേഹത്തോട് (പിന്നെയും) കുറെ ആവലാതിപ്പെട്ടു.

ഇബ്റാഹീം(عليه السلام) അവരോട് പറഞ്ഞു: 'നിന്റെ ഭർത്താവ് വന്നാൽ ഞാൻ സലാം പറഞ്ഞതായും വാതിലിന്റെ ഉമ്മറപ്പടിയൊന്ന് മാറ്റിവെക്കുവാനും പറയണം.' ഇസ്മാഈൽ(عليه السلام) തിരിച്ചു വന്നപ്പോൾ ആരോ വീട്ടിൽ വന്ന് പോയത് പോലെയുള്ള ഒരു ശങ്ക അദ്ദേഹത്തിനുണ്ടായി. അങ്ങനെ ഇസ്മാ

ഈൽعليه السلام ചോദിച്ചു: 'ആരെങ്കിലും ഇവിടെ വന്നിരുന്നോ?' അവർ പറഞ്ഞു: 'അതെ, ഇങ്ങനെയും ഇങ്ങനെയുമൊക്കെയുള്ള ഒരു പ്രായംചെന്ന ഒരാൾ വന്നിരുന്നു. എന്നിട്ട് അങ്ങയെ അന്വേഷിച്ചു. അപ്പോൾ ഞാൻ അങ്ങയെക്കുറിച്ച് പറഞ്ഞു. നമ്മുടെ ജീവിതം എങ്ങനെയാണെന്ന് ചോദിച്ചു. ഞാൻ അദ്ദേഹത്തോട് കഷ്ടതയിലും പ്രയാസത്തിലുമാണെന്ന് പറഞ്ഞു.' ഇസ്മാഈൽعليه السلام ചോദിച്ചു: 'അദ്ദേഹം നിന്നെ വല്ലതും ഉപദേശിച്ചുവോ?' അവർ പറഞ്ഞു: 'അതെ, നിങ്ങളോട് സലാം പറയുവാനും വാതിലിന്റെ ഉമ്മറപ്പടി മാറ്റിവെക്കുവാൻ നിങ്ങളോട് പറയുവാനും." ഇസ്മാഈൽعليه السلام പറഞ്ഞു: 'അത് എന്റെ പിതാവാണ്. നിന്നെ വേർപെടുത്തുവാനും നീ നിന്റെ കുടുംബത്തോടൊപ്പം ചേരണമെന്നുമാണ് എന്നോട് കൽപിച്ചിരിക്കുന്നത്.' അങ്ങനെ ഇസ്മാഈൽعليه السلام അവരെ വിവാഹ മോചനം ചെയ്തു. ആ ഗോത്രത്തിൽ നിന്ന് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു. അല്ലാഹു ഉദ്ദേശിച്ചത്ര പിന്നെയും ഇസ്മാഈൽعليه السلام താമസിക്കുന്നു.

സ്വന്തം ഭർത്താവിന്റെ കഷ്ടതയും പ്രാരാബ്ധങ്ങളും ആരാണെന്ന് പോലും അറിയാത്തവരുടെ മുന്നിൽ ആ സ്ത്രീ അവതരിപ്പിക്കുകയാണ് ചെയ്തത്. പിതാവിനെ പോലെ തെളിഞ്ഞ ബുദ്ധിയുള്ള മകനാണ് ഇസ്മാഈൽعليه السلام. പിതാവ് കൊടുത്ത സൂചന ആ സ്ത്രീക്ക് മനസ്സിലായില്ല; മകൻ ഇസ്മാഈലിന് മനസ്സിലാവുകയും ചെയ്തു. ബുദ്ധിയുള്ളവർക്ക് സൂചന മതിയാകുമല്ലോ.

പിന്നീടും ഇബ്‌റാഹീംعليه السلام അവിടെ ചെന്നു. ഇസ്മാഈൽعليه السلامനെ വീട്ടിൽ കണ്ടില്ല. അദ്ദേഹത്തിന്റെ ഇണയോട് അദ്ദേഹത്തെക്കുറിച്ച് ആരാഞ്ഞു. അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ അന്നം തേടി (പുറത്ത്) പോയതാണ്.' അദ്ദേഹം അവരുടെ ജീവിതത്തെ കുറിച്ചും അവരുടെ അവസ്ഥയെ കുറിച്ചുമെല്ലാം ചോദിച്ചറിഞ്ഞു. അപ്പോൾ അവർ പറഞ്ഞു: 'നല്ല സുഖത്തിലും വിശാലതയിലുമാണ്.' അവർ അല്ലാഹുവിനെ വാഴ്ത്തുകയും ചെയ്തു. അദ്ദേഹം ചോദിച്ചു: 'എന്താണ് നിങ്ങളുടെ ആഹാരം?' അവർ പറഞ്ഞു: 'മാംസം.' അദ്ദേഹം ചോദിച്ചു: 'എന്താണ് നിങ്ങളുടെ പാനീയം?' അവർ പറഞ്ഞു: 'വെള്ളം.' അദ്ദേഹം പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ മാംസത്തിലും വെള്ളത്തിലും അനുഗ്രഹം ചൊരിയട്ടെ.'

മകൻ രണ്ടാമത് വിവാഹം ചെയ്ത സ്ത്രീ കഷ്ടതകൾ മറച്ചു വെച്ച്, തന്റെ ഭർത്താവിന്റെ അഭിമാനം കാത്തു. ഇബ്‌റാഹീംعليه السلامന് സന്തോഷമായി. അവർക്കായി പ്രാർഥിച്ചു. ആ പ്രാർഥനയുടെ ഫലമെന്നോണം ഇന്നും ലോകത്ത് ഏറ്റവും കൂടുതൽ ബലി അറുക്കപ്പെടുന്ന സ്ഥലമായി മക്ക നിലകൊള്ളുന്നു. നിലയ്ക്കാത്ത വെള്ളം നൽകി സംസം ജനലക്ഷങ്ങളുടെ ദാഹമകറ്റുന്നു. അറഫയിലും മിനയിലും മുസ്ദലിഫയിലും മദീനയിലും ലക്ഷങ്ങൾ ഇടതടവില്ലാതെ കുടിച്ചു കൊണ്ടിരിക്കുന്നു സംസം വെള്ളം. ചിലരെല്ലാം ബുദ്ധികൊണ്ട് പ്രമാണങ്ങളെ അളന്ന് ബറകത്തുള്ള സംസം വെള്ളത്തെ നിസ്സാര വൽക്കരിക്കുന്നുണ്ടെങ്കിലും മുഹമ്മദ് നബിﷺയുടെ വാക്കുകളിൽ ഉറച്ച വിശ്വാസമുള്ളവർ അത് ഉപയോഗിക്കുന്നു. സ്വഹാബിമാർ സംസം കൊണ്ടുപോയതിനെ അടിസ്ഥാനപ്പെടുത്തി ഇന്നും തീർഥാടകർ അവരുടെ ദേശങ്ങളിലേക്ക് അത് കൊണ്ടുപോകുന്നു. എന്തൊരു അത്ഭുതമാണ് ഈ വെള്ളം! എന്തൊരു അനുഗ്രഹമാണീ സംസം!

അവരുടെ അന്നത്തെ അവസ്ഥ നബിﷺ നമുക്ക് വിവരിച്ചു തരുന്നത് ഇപ്രകാരമാണ്: 'അന്നേ ദിവസം അവിടെ ഒരു ധാന്യം പോലും ഉണ്ടായിരുന്നില്ല. അവർക്ക് (അവിടെ വല്ലതും) ഉണ്ടായിരുന്നുവെങ്കിൽ അവർക്ക് വേണ്ടി അതിലും (അനുഗ്രഹത്തിനായി) അദ്ദേഹം പ്രാർഥിക്കുമായിരുന്നു.' അവിടുന്ന് (ഇത്രയും കൂടി) പറഞ്ഞു: 'മക്കക്കാരല്ലാത്തവർ അത് രണ്ടും മാത്രം കഴിച്ച് ജീവിക്കുകയാണെങ്കിൽ അത് അവർക്ക് യോജിക്കുന്നതല്ല.'

ഇബ്‌റാഹീം നബിعليه السلام മകന്റെ ഭാര്യയോട് പറഞ്ഞു: 'നിന്റെ ഭർത്താവ് വന്നാൽ അദ്ദേഹത്തിന് എന്റെ സലാം അറിയിക്കണം. വാതിലിന്റെ ഉമ്മറപ്പടി ഉറപ്പിക്കുവാൻ അദ്ദേഹത്തോട് പറയുകയും ചെയ്യുക.' ഇസ്മാഈൽعليه السلام വന്നപ്പോൾ അദ്ദേഹം (ഭാര്യയോട്) ചോദിച്ചു: 'ആരെങ്കിലും ഇവിടെ വന്നിരുന്നോ?' അവർ പറഞ്ഞു: 'അതെ, ഒരു പ്രായം ചെന്ന നല്ല ഒരാൾ വന്നിരുന്നു. (അങ്ങനെ അവർ അദ്ദേഹത്തെ പുകഴ്ത്തി). എന്നിട്ട് അങ്ങയെ അന്വേഷിച്ചു. അപ്പോൾ ഞാൻ അങ്ങയെക്കുറിച്ച് പറഞ്ഞു. നമ്മുടെ ജീവിതം എങ്ങനെയാണെന്ന്



ചോദിച്ചു. ഞാൻ അദ്ദേഹത്തോട് നല്ല സുഖത്തിലാണെന്ന് പറഞ്ഞു.' ഇസ്മാഈൽ(അ) ചോദിച്ചു: 'അദ്ദേഹം നിന്നെ വല്ലതും ഉപദേശിച്ചുവോ?' അവർ പറഞ്ഞു: 'അതെ, നിങ്ങളോട് സലാം പറയുവാനും വാതിലിന്റെ ഉമ്മറപടി മാറ്റിവെക്കുവാൻ പറയാനും എന്നോട് കൽപിച്ചു.' ഇസ്മാഈൽ(അ) പറഞ്ഞു: 'അത് എന്റെ പിതാവാണ്. നീയാണ് ആ ഉമ്മറപ്പടി. എന്നോട് നിന്നെ കൂടെ നിർത്തുവാനാണ് കൽപിച്ചിരിക്കുന്നത്.'

അല്ലാഹു ഉദ്ദേശിച്ച അത്ര പിന്നെയും പുറത്ത് ഇസ്മാഈൽ(അ) താമസിക്കുന്നു.

ഇബ്റാഹീം(അ) മകനോട് രണ്ടാമത്തെ ഇണയെ നിലനിർത്തുവാൻ കൽപിച്ചല്ലോ. ആദ്യഭാര്യയിൽ നിന്ന് വ്യത്യസ്തമായി എന്ത് ഗുണമാണ് രണ്ടാമത്തെ ഇണയിൽ നിന്ന് ഇസ്മാഈൽ(അ)ന് ലഭിച്ചത്? തന്റെ അഭാവത്തിലും അഭിമാനം കാത്തു. ഉള്ളതിൽ പൂർണ സംതൃപ്തയായി. പ്രിയതമന്റെ വരുമാനത്തിനനുസരിച്ച് മാത്രം ചെലവഴിച്ചു. ഒരാളുടെ ജീവിതത്തിൽ മനസ്സിന് സന്തോഷവും സമാധാനവും ലഭിക്കുന്നതിനുള്ള അടിസ്ഥാന കാരണങ്ങളിൽ പെട്ടവയാണല്ലോ ഇവ. ദാമ്പത്യ ജീവിതത്തിൽ ഈ സൽഗുണത്തിന്റെ പ്രസക്തി എത്രയുണ്ടെന്നത് ഊഹിക്കാവുന്നതേയുള്ളൂ.

മറ്റുള്ളവരുടെ സുഖ സൗകര്യങ്ങൾ നോക്കി തന്റെ ഭർത്താവ് തനിക്ക് ചെയ്ത് തരുന്ന സൗകര്യങ്ങളിൽ തൃപ്തയാവാതെ നന്ദികേട് കാണിക്കുന്ന പെണ്ണിനെക്കുറിച്ച് നബി(സ) പറഞ്ഞു:

"തന്റെ ഭർത്താവിനെ തൊട്ട് ഐശ്വര്യവതിയാവാത്ത, തന്റെ ഇണയോട് നന്ദിയുള്ളവളാകാത്ത പെണ്ണിലേക്ക് തീർച്ചയായും അല്ലാഹു കാരുണ്യത്തിന്റെ നോട്ടം നോക്കുന്നതല്ല."

അല്ലാഹുവിന്റെ കാരുണ്യം ലഭിച്ചില്ലെങ്കിൽ നരകം ഉറപ്പാണെന്നതിൽ സംശയമില്ലല്ലോ. അത് അവിടുന്ന് അരുൾ ചെയ്തിട്ടുമുണ്ട്. പൂർവികർ പറഞ്ഞ ഒരു വാചകം ഇവിടെ കുറിക്കുകയാണ്.

"ഓ, മനുഷ്യാ! ഉള്ളതിൽ സംതൃപ്തിയടയുന്ന മാർഗത്തിൽ നീ പ്രവേശിച്ചാൽ എത്ര കുറച്ചാണെങ്കിലും അത് മതിയാകും നിനക്ക്; അല്ലെങ്കിൽ ദുൻയാവും അതിലുള്ളതും നിനക്ക് മതിവരുത്തില്ല."

നബി(സ) അരുളി: "ഐശ്വര്യം എന്നത് വിഭവങ്ങളുടെ ആധിക്യമല്ല; മറിച്ച് ഐശ്വര്യം എന്നത് മനസ്സിന്റെ ഐശ്വര്യമാണ്" (ബുഖാരി, മുസ്‌ലിം).

മനസ്സിന് ഐശ്വര്യം ലഭിക്കണമെങ്കിൽ താൻ അനുഭവിക്കുന്നതെല്ലാം അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണെന്നുള്ള തിരിച്ചറിവ് ഉണ്ടാവണം. അപ്പോൾ റബ്ബിലേക്ക് വിനീതനാകുവാനും സഹജീവികളോട് കാരുണ്യം കാണിക്കുവാനും ഉള്ളതിൽ തൃപ്തരാകുവാനും കഴിയും.

ഇബ്റാഹീം(അ) മകൻ ഇസ്മാഈൽ(അ)നോട് ആദ്യ ഭാര്യയെ വിവാഹ മോചനം നടത്താൻ കൽപിച്ചപ്പോൾ മകൻ അപ്രകാരം ചെയ്തല്ലോ. പിതാവ് മകനോട് ഇപ്രകാരം ആവശ്യപ്പെട്ടാൽ അത് നടപ്പിൽ വരുത്തേണ്ടതുണ്ടോ എന്ന് ചിലപ്പോൾ സംശയം വന്നേക്കാം. സമാനമായ സംഭവം ഹദീഥുകളിൽ വന്നിട്ടുണ്ട്. അത് ഇപ്രാകാരമാണ്:

ഇബ്നു ഉമർ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "എനിക്ക് ഒരു ഭാര്യയുണ്ടായിരുന്നു. ഞാൻ അവളെ നന്നായി ഇഷ്ടപ്പെട്ടിരുന്നു. എന്റെ പിതാവിന് അവളോട് അനിഷ്ടമായിരുന്നു. അതിനാൽ പിതാവ് എന്നോട് അവളെ ത്വലാക്വ് ചെയ്യാൻ കൽപിച്ചു. അപ്പോൾ ഞാൻ അത് വിസമ്മതിച്ചു. ഞാൻ അത് നബി(സ)യോട് പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: അബ്ദുല്ലാ, നീ നിന്റെ ഭാര്യയെ മോചിപ്പിക്കൂ" (തിർമിദി). മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്: നബി(സ) പറഞ്ഞു: നീ നിന്റെ പിതാവിനെ അനുസരിക്കൂ" (അബൂദാവൂദ്).

മാതാപിതാക്കൾ മക്കളോട് ഇണയെ ഒഴിവാക്കുവാൻ കൽപിച്ചാൽ അവരെ നിരുപാധികം അനുസരിക്കേണ്ടതുണ്ടോ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ ചർച്ച നടന്നിട്ടുണ്ട്. ഈ രണ്ട് സംഭവത്തെ അടിസ്ഥാനപ്പെടുത്തി അത്തരം ഒരു നയം സ്വീകരിക്കാവതല്ല. ഒരു സംഭവം കാണുക:

ഒരാൾ ഇമാം അഹ്മദ്(റഹി)യുടെ അടുത്തു വന്നു പറഞ്ഞു: 'എന്റെ പിതാവ് എന്റെ ഭാര്യയെ മോചിപ്പിക്കുവാനായി കൽപിക്കുന്നു.' ഇമാം അഹ്മദ്(റ) പറഞ്ഞു: 'നീ അവളെ മോചിപ്പിക്കരുത്'. വന്നയാൾ ചോദിച്ചു: 'ഉമർ(റ) മകൻ അബ്ദുല്ല(റ)യോട് തന്റെ ഭാര്യയെ മോചിപ്പിക്കുവാൻ കൽപിച്ചിട്ടില്ലേ?' അദ്ദേഹം (ഇമാം അഹ്മദ്) പറഞ്ഞു: 'നിന്റെ പിതാവ് ഉമർ(റ)വിനെ പോലെ ആകുന്നത് വരെ (നീ കാത്തിരിക്കുക).' മറ്റൊരു റിപ്പോർട്ടിലുള്ളത് 'നിന്റെ പിതാവ് ഉമർ(റ) അല്ലല്ലോ' എന്നാണുള്ളത്.

മാതാപിതാക്കൾ അന്യായം ചെയ്യാൻ ആവശ്യപ്പെട്ടാൽ അതിൽ അവരെ അനുസരിക്കരുത്. ഇസ്മാഈൽ(അ) പിതാവ് ഇബ്റാഹീം(അ)നെയും, അബ്ദുല്ല(റ) പിതാവ് ഉമർ(റ)വിനെയും അനുസരിച്ചുവെങ്കിൽ; ആ പിതാക്കൾ ഉന്നത പദവിയിലുള്ള മഹാന്മാരാണെന്ന് നാം മനസ്സിലാക്കുക. അവർ നിസ്സാര കാര്യങ്ങൾക്കൊന്നും മക്കളെ ത്വലാഖിന് പ്രേരിപ്പിക്കില്ലെന്ന് ഉറപ്പാണ്. ഗുരുതരമായ കാരണം അതിനുപിന്നിൽ ഉണ്ടായിരിക്കും. അല്ലാഹുവിനെ അങ്ങേയറ്റം സൂക്ഷിക്കുന്ന, ഭയപ്പെട്ട് ജീവിക്കുന്ന നല്ലവരായ മാതാപിതാക്കൾ ഇപ്രകാരം ആവശ്യപ്പെടുകയും, അവർ നിരത്തുന്ന കാരണം തികച്ചും ന്യായവുമാണെങ്കിൽ അവരെ അനുസരിക്കണം എന്നതാണ് ഈ രണ്ട് സംഭവങ്ങളിൽ നിന്ന് നാം ഗ്രഹിക്കേണ്ടത്. ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



# മനസ്സ് മാറിക്കിട്ടാൻ

*ചോദ്യം: മകൾ ഒരു യുവാവുമായി അടുപ്പത്തിലായി. വാശി പിടിച്ചപ്പോൾ അയാളുമായി വിവാഹ നിശ്ചയം നടത്തി. പക്ഷേ, ചില തടസ്സങ്ങൾ വന്നു. അത് മുടങ്ങി. ഇപ്പോൾ അവൾ മറ്റൊരു യുവാവുമായി അടുപ്പത്തിലായിരിക്കുന്നു. അയാളുമായുള്ള വിവാഹം നടത്തിക്കൊടുക്കുവാൻ നിർബന്ധിക്കുന്നു. ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവളുടെ മനസ്സു മാറാൻ എന്തുചെയ്യണം?*

ഉത്തരം: പ്രായപൂർത്തിയായാൽ ഉടൻ വിവാഹം നടത്തണം. അത് നബിﷺയുടെ നിർദേശമാണ്. അല്ലെങ്കിൽ വ്യാപകമായ കുഴപ്പങ്ങളുണ്ടാകുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ പെൺകുട്ടിക്ക് ഒരു ജീവിത പങ്കാളി ആവശ്യമാണെന്ന് മാതാപിതാക്കൾക്ക് മനസ്സിലാക്കാൻ മറ്റെന്ത് തെളിവാണിനി വേണ്ടത്? ഒരു പെൺകുട്ടിയിൽ പ്രായപൂർത്തിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നത് മുതൽ തന്നെ ഒറ്റപ്പെടലും മാനസിക പിരിമുറുക്കങ്ങളും തുടങ്ങും. അതിന്റെ അർഥം മനസ്സും ശരീരവും ഒരു ഇണയെ തേടുന്നു എന്നതാണ്. നിസ്സാര കാരണങ്ങൾ പറഞ്ഞ് വിവാഹം നീട്ടിക്കൊണ്ട് പോകുന്നത് അപകടമാണ്. ഇത്തരം അവിഹിത ബന്ധങ്ങളെ പല രക്ഷിതാക്കളും നിസ്സാരമായി കാണുകയാണ് ചെയ്യുന്നത്.


കുട്ടികൾക്കുള്ള ക്ലാസ്സിൽ പ്രേമ വിവാഹങ്ങളുടെ ദുരന്തങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കുട്ടി ചോദിച്ചു; മാതാപിതാക്കൾക്ക് ഇഷ്ടമാണെങ്കിൽ കുഴപ്പമുണ്ടോ എന്ന്! മാതാപിതാക്കളുടെ സമ്മതത്തോടെ നടക്കുന്ന പ്രേമങ്ങളുണ്ടെന്നത് ശരിതന്നെയാണ്. അവിഹിത ബന്ധങ്ങൾ ഉണ്ടാക്കുന്നവൻ എത്ര യോഗ്യനാണെങ്കിലും നമ്മുടെ മകളെ വിവാഹം കഴിക്കുവാൻ അയാൾ തീർത്തും അയോഗ്യനാണ്. നമ്മുടെ മരുമകന് ഒരു സ്ത്രീയുമായി അവിഹിത ബന്ധമുണ്ടെന്ന് തെളിഞ്ഞാൽ മറ്റെന്ത് ഗുണങ്ങൾ അയാൾക്കുണ്ടെങ്കിലും അയാളെ അംഗീകരിക്കാൻ നമുക്ക് കഴിയുമോ? ജോലിയോ പ്രായമോ സൗന്ദര്യമോ എത്ര തന്നെയുണ്ടെങ്കിലും വിശ്വാസ്യതയില്ലെങ്കിൽ ആ ബന്ധത്തിൽ എന്ത് സുരക്ഷിതത്വമാണുള്ളത്?

നിരന്തരം കാമുകന്മാരെ കണ്ടെത്തുകയും അത് തന്നെ നടക്കണമെന്ന് വാശി പിടിക്കുകയും ചെയ്യുന്ന മകളുടെ മനസ്സ് മാറ്റാനുള്ള വഴിയാണ് ഈ പിതാവ് ചോദിക്കുന്നത്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതിരിക്കാൻ നോക്കുന്നതാണ് എന്ന് പറഞ്ഞതുപോലെ അവിഹിത ബന്ധങ്ങളുണ്ടാകാതെ ശ്രദ്ധിക്കുകയാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്. നേരത്തെതന്നെ അവിഹിത ബന്ധങ്ങളുടെ അപകടങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുക. അവിഹിത ബന്ധങ്ങളിൽ പെട്ട ആൺകുട്ടികളെ രക്ഷിതാക്കൾ മനസ്സു മാറ്റാൻ കൗൺസിലിങ്ങിന് വളരെ വിരളമായേകൊണ്ടു വരാറുള്ളൂ. കാരണം അവർക്ക് കാര്യമായ നഷ്ടമൊന്നും സംഭവിക്കാനില്ല. എന്നാൽ ഒരു പെൺകുട്ടിയുടെ ഭാവി അപകടപ്പെടുത്തുന്നതിൽ അവിഹിത ബന്ധങ്ങളെക്കാൾ വലുതായി മറ്റൊരു കാരണമില്ല. ഈ തിരിച്ചറിവില്ലാത്തത് പെൺകുട്ടികളെ ചതിയിൽ പെടുത്തുന്നു. താൻ ഇഷ്ടപ്പെട്ട പുരുഷന് എന്തോ കാര്യമായ സവിശേഷതകളുണ്ടെന്ന് തെറ്റുധരിച്ച പെൺകുട്ടികളുണ്ട്. ഒരാണിന് പെണ്ണിനോട് തോന്നുന്ന ജീവശാസ്ത്രപരമായ ആകർഷണീയത എന്നതിനപ്പുറം അയാൾക്ക് ഒരു പ്രത്യേകതയും ഇല്ല. ഇത്തരം ബന്ധങ്ങളുണ്ടാക്കുന്ന പുരുഷന്മാർ അധികവും മനസ്സിന് രോഗമുള്ളവരായിരിക്കും. അവർക്ക് ഇതല്ലാതെയും ബന്ധങ്ങളുണ്ടാവാൻ സാധ്യതയുണ്ട്. അത് ബോധ്യപ്പെട്ടാൽ മനസ്സിന് മാറ്റമുണ്ടാകാം. ചില പുരുഷന്മാരുടെ വീട്ടുകാർക്ക് ശക്തമായ എതിർപ്പുണ്ടാകാം. അതും മനസ്സ് മാറ്റത്തിന് സഹായകരമാണ്. മാതാവിനും പിതാവിനും അതൃപ്തി ഉണ്ടെന്നറിഞ്ഞാൽ തന്നെ ചില പെൺകുട്ടികൾ പിന്മാറും. സ്നേഹപൂർവമായ സംസാരങ്ങൾക്കേ മനസ്സിനെ സ്വാധീനിക്കാൻ കഴിയൂ. കുറ്റപ്പെടുത്തലും മർദനങ്ങളും വാശി വർധിപ്പിക്കുവാനും കാമുകനിലേക്ക് കൂടുതൽ അടുക്കുവാനും വഴിയൊരുക്കും. നിരന്തരമായി മകളെ ഈ കാര്യത്തിൽ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഉമ്മമാർ മനം മാറ്റത്തെ സഹായിക്കുന്നവരല്ല.

മനസ്സ് മാറ്റാൻ ഏറ്റവും ഫലപ്രദമായ മാർഗം ദീനീബോധം തന്നെയാണ്. അവിഹിത ബന്ധത്തിലൂടെ വിവാഹത്തിലെത്തിയാൽ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കാതെ പോകുമോ എന്ന് ചിന്തിച്ച് പ്രേമത്തിൽ നിന്ന് പിന്തിരിഞ്ഞ എത്രയോ പെൺകുട്ടികളുണ്ട്. മാതാപിതാക്കൾക്ക് തൃപ്തിയില്ലാത്തതിനാൽ അല്ലാഹുവും തൃപ്തിപ്പെടാതിരിക്കുമോ എന്ന് ചിന്തിച്ച് മാറിയവരും കുറവല്ല. മതപരമായി അറിവുള്ള ഒരു കൗൺസിലറുടെ സഹായവും അല്ലാഹുവിന്റെ സഹായവുമുണ്ടെങ്കിൽ മനസ്സ് മാറും. മാതാപിതാക്കളുടെ പ്രാർഥന സ്വീകരിക്കപ്പെടുമെന്നാണല്ലോ ഹദീഥിലുള്ളത്. അല്ലാഹു മക്കളിൽ നിന്ന് നമുക്ക് കൺകുളിർമ നൽകട്ടെ! ●

ലേഖനം

മുഹമ്മദ് അജ്മൽ. സി
mohdajmalc@gmail.com



# യാദൃച്ഛികതാവാദത്തിലെ നിരർഥകത

അന്യഗ്രഹങ്ങളിൽ ജീവന്റെ ചലനങ്ങളന്വേഷിക്കുന്ന ബഹിരാകാശ സംഘത്തിലെ അംഗമാണ് നിങ്ങൾ എന്ന് സങ്കൽപിക്കുക. വർഷങ്ങൾക്ക് ശേഷം, വിദൂരമായ ഒറു ഗ്രഹത്തിലേക്ക് നിങ്ങൾ ഒരു യാത്ര പോകുകയാണ്. ആ ഗ്രഹത്തിൽ നിങ്ങൾക്ക് കണ്ണെത്തുന്ന ദൂരത്തോളം പാറക്കെട്ടുകളും ചരൽകല്ലുകളുമല്ലാതെ മറ്റൊന്നും കാണാനില്ല. എന്നാൽ പാറക്കെട്ടുകൾക്കിടയിലൂടെയുള്ള യാത്രക്കിടയിൽ ഒരു മനോഹരമായ ഉദ്യാനം നിങ്ങളുടെ ശ്രദ്ധയിൽ പെടുകയാണ്. മരങ്ങളും ചെടികളും പൂക്കളും ഒരു ചെറിയ അരുവിയും... അവിടെ മനുഷ്യ സമാനമായ ചില ജീവികളും! അവരവിടെ ശ്വസിക്കുന്നു, ഭക്ഷിക്കുന്നു, ജോലികൾ ചെയ്യുന്നു. ക്ഷണിക്കാതെ വന്ന നിങ്ങളെ ആതിഥേയരായ അവർ ഇരുകയ്യും നീട്ടി സ്വീകരിക്കുന്നു.

അവരുടെ ആവാസ വ്യവസ്ഥയെ കുറിച്ച് അവർ വാചാലരാവുകയാണ്. അവരുടെ ഉദ്യാനത്തിൽ കൃത്യമായ രീതിയിലുള്ള ഓക്സിജൻ ലഭ്യമാണ്. ചുറ്റും പാറക്കെട്ടുകൾ ആണെങ്കിലും അവരുടെ ഉദ്യാനത്തിൽ കൃഷിക്ക് ഉപോൽബലകമായ സമ്പുഷ്ടമായ മണ്ണാണുള്ളത്. ആവശ്യത്തിന് വെള്ളവുമുണ്ട്. എങ്ങനെയാണ് തീർത്തും നിർജീവമായ, പാറക്കെട്ടുകൾ നിറഞ്ഞ ഗ്രഹത്തിൽ ഇത്തരമൊരു ആവാസ വ്യവസ്ഥ നിർമിച്ചെടുക്കുക, അല്ലെങ്കിൽ രൂപംകൊണ്ടത് എന്ന ചോദ്യം സ്വാഭാവികമായും നിങ്ങളിൽനിന്ന് ഉയരും. 'ഇത് വളരെ യാദൃച്ഛികമായി കാലാന്തരത്തിൽ രൂപപ്പെട്ടതാണ്' എന്ന മറുപടിയോട് നിങ്ങളുടെ പ്രതികരണമെന്തായിരിക്കും?

തീർത്തും നിർജീവമായ ചരൽക്കാട്ടിൽ ഇത്തരമൊരു ആവാസ വ്യവസ്ഥ നിലനിൽക്കണമെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കുകയും അത് കൃത്യമായി ആസൂത്രണം ചെയ്യുകയും സംവിധാനിക്കുകയും ചെയ്ത ഒരാൾ, അല്ലെങ്കിൽ ഒരുപറ്റം ആളുകളുണ്ട് എന്നുറപ്പാണ്. ഇത് കാലാന്തരത്തിൽ യാദൃച്ഛികമായി രൂപപ്പെട്ടുവന്ന ഒരു വ്യവസ്ഥയാണ് എന്ന് വാദം കേവലം ഒരു തമാശയായി തള്ളിക്കളയുവാനേ നിർവാഹമുള്ളൂ.

പാറക്കെട്ടുകൾ നിറഞ്ഞ ഒരു ഗ്രഹത്തിലെ ഒരു ചെറിയ ആവാസ വ്യവസ്ഥക്ക് കൃത്യമായ രൂപകൽപനയും സൃഷ്ടിപ്പും വേണമെങ്കിൽ ഈ മഹാപ്രപഞ്ചത്തെ സംബന്ധിച്ച് നമ്മുടെ കാഴ്ചപ്പാട് എന്താകണം? കൃത്യമായ ഭൗതികശാസ്ത്ര നിയമങ്ങൾ പാലിക്കുന്ന, ഈ പ്രവിശാല പ്രപഞ്ചത്തിൽ, തീർത്തും നിർജീവമായ ഒട്ടനേകം നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കുമിടയിൽ ഹരിതാഭവും ജീവസ്സുറ്റതുമായ ഭൂമി എങ്ങനെ നിലവിൽ വന്നു. തീർച്ചയായും യാദൃച്ഛികമായല്ല എന്ന് വ്യക്തം.

പ്രാപഞ്ചിക പ്രതിഭാസങ്ങളെ സംബന്ധിച്ച് ഉറ്റാലോചിക്കുന്നവർക്ക് അവയിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളുണ്ട് എന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്" (ക്വുർആൻ 3:190).

ഭൂമിയിലും ആകാശത്തിലുമുള്ള അത്ഭുതപ്രതിഭാസങ്ങളിലൂടെ കണ്ണോടിക്കുന്നവർക്ക് അവയുടെ കൃത്യമായ സംവിധാനത്തിൽ ആശ്ചര്യപ്പെടാതിരിക്കാനാവില്ല; അവർക്ക് ഒരു സ്രഷ്ടാവിനെ നിഷേധിക്കുവാനും സാധിക്കുകയില്ല.

ഇമാം അബൂഹനീഫ(റഹി) ഒരു നിരീശ്വരവാദിയുമായി നടത്തിയ സംവാദം വളരെ ചിന്തനീയമാണ്. "സംവാദത്തിന് മുമ്പ് ഒരു കാര്യം നിങ്ങളോട് ചോദിക്കുവാനുണ്ട്. യൂഫ്രട്ടീസ് നദിക്കരയിലെ ഒരു തോണി കടത്തുകാരനില്ലാതെ മറു കരയിലേക്ക് സഞ്ചരിച്ച് സ്വയം ഭാരമിറക്കി എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?" ഇതൊരിക്കലും സംഭവ്യമല്ല എന്നായിരുന്നു എതിരാളിയുടെ മറുപടി. "ഒരു ചെറിയ തോണിയുടെ സഞ്ചാരം പോലും തനിയെ സംഭവിക്കില്ലെങ്കിൽ ഈ ബൃഹത്തായ ആകാശഗോളങ്ങൾ തനിയെ സഞ്ചരിക്കുന്നു എന്നാണോ നിങ്ങൾ പറയുന്നത്" എന്ന ഇമാം അബൂ ഹനീഫയുടെ മറുചോദ്യത്തിന് അയാൾക്ക് ഉത്തരമില്ലായിരുന്നു.

പ്രാപഞ്ചിക നിയമങ്ങൾ വളരെ അത്ഭുതകരമായ 'ഫൈൻ ട്യൂണിംഗി'ന് വിധേയമാക്കപ്പെട്ടതാണ് എന്ന് കണ്ടെത്തപ്പെട്ട പതിനെട്ട് പത്തൊമ്പത് നൂറ്റാണ്ടുകൾക്കും ഏറെ മുമ്പാണ് ഈ വാദഗതി ഇമാം അബൂ ഹനീഫ ഉന്നയിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ക്വുർആൻ ദൈവാസ്തിത്വവുമായി ബന്ധപ്പെട്ട് മുന്നോട്ട് വെക്കുന്ന തെളിവുകൾ എത്രമാത്രം നിത്യപ്രസക്തവും കാലാതിവർത്തിയുമാണ് എന്ന് മനസ്സിലാക്കുവാൻ സംഭവം നമ്മെ സഹായിക്കുന്നു.



അശ്റഫ് എകരൂല്‍
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 38



# പെണ്‍മനസ്സിന്റെ ശാക്തീകരണം

**പൗ**രാണികമെന്നോ ആധുനികമെന്നോ വ്യത്യാസമില്ലാതെ ദൈവിക മാര്‍ഗദര്‍ശനത്തിന്റെ കിരണങ്ങളേല്‍ക്കാത്ത ഏതൊരു സമൂഹത്തിലും ദുര്‍ബലത പേറുന്ന ഒരു വിഭാഗമാണ് പെണ്‍കുഞ്ഞുങ്ങള്‍. പൊതുവെ നീതിപൂര്‍വമായ സമീപനം ലഭ്യമാക്കുന്നതില്‍ കുടുംബവും സമൂഹവും വരുത്തുന്ന വീഴ്ച, പെണ്‍കുട്ടികളുടെ മാനസിക വളര്‍ച്ചയില്‍ അസന്തുലനം വരുത്തിവെക്കുന്നു. തന്മൂലം 'ഞാന്‍ അത്രയേ ഉള്ളൂ' (Iam not OK) എന്ന അധമത്വ ബോധം അവളുടെ മനസ്സിനെ അടിമപ്പെടുത്തുന്നു. അതല്ലെങ്കില്‍ ചുറ്റുപാടുകളോടുള്ള പ്രതികാരബോധം എല്ലാ ധാര്‍മിക പരിധികളെയും ലംഘിക്കുവാനുള്ള നിഷേധാത്മക ത്വര (I don't care) അവളെ ഭരിക്കുന്നു. ഇവ രണ്ടും സ്വന്തത്തിനും കുടുംബത്തിനും സമൂഹത്തിനും അപകടമാണല്ലോ. അതുകൊണ്ടു തന്നെ പ്രത്യേക പരിഗണന അര്‍ഹിക്കുന്ന ഇവരുടെ മാനസിക വളര്‍ച്ച സമൂഹത്തിന്റെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമാണ്.

എന്നാല്‍ 'പെണ്ണുടലി'ന്റെ (മാത്രം) വളര്‍ച്ചയ്ക്കും സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും ശാക്തീകരണത്തിനും വേണ്ടി ഒച്ചയുണ്ടാക്കുന്ന ഭൗതികന്മാരുടെ ബഹളത്തിനുള്ളില്‍ സമൂഹം അവഗണിക്കുന്നതോ മറന്നുപോകുന്നതോ ആയ ഒരു തലമാണ് പെണ്ണിന്റെ മാനസിക വളര്‍ച്ചയും ശാക്തീകരണവും. പെണ്‍ പ്രശ്നങ്ങളെ പ്രശ്നവത്കരിക്കുന്നവരുടെ കണ്ണിന്റെയും ക്യാമറയുടെയും ലെന്‍സുകള്‍ അധികവും പെണ്ണിന്റെ ഉടലിനപ്പുറത്തേക്ക് കടന്നു മനസ്സിലേക്ക് എത്തി നോക്കാന്‍ ഇഷ്ടപ്പെടാറില്ല. കാരണം അത് അവരുടെ കപട താല്‍പര്യങ്ങളുടെ മുഖമൂടി തകര്‍ക്കും എന്നത് തന്നെ. ഇവിടെയാണ് പെണ്‍കുഞ്ഞുങ്ങളുടെ മാനസിക വളര്‍ച്ചയെ മറ്റു വളര്‍ച്ചയെ പോലെ പരിഗണിക്കുന്ന ഇസ്‌ലാമിന്റെ അധ്യാപനങ്ങള്‍ വേറിട്ട് നില്‍ക്കുന്നതും അത് അവരുടെ സമ്പൂര്‍ണ വളര്‍ച്ചയെ സാധ്യമാക്കുന്നതും.

പെൺകുഞ്ഞുങ്ങളുടെ മാനസിക വളർച്ചയോടു നീതിപൂർവം സമീപിക്കുവാൻ സമൂഹത്തെ പാകപ്പെടുത്തിയെടുക്കുകയെന്ന പ്രാഥമിക ദൗത്യമാണ് ഇസ്‌ലാം ഈ രംഗത്ത് ആദ്യമായി ചെയ്യുന്നത്. ഈ അർഥത്തിൽ പെൺവിഷയത്തിലെ 'പൊതുബോധ'ത്തെ ചികിൽസിക്കുന്നതിനായി ഇസ്‌ലാം മുന്നോട്ട് വെക്കുന്ന മൂന്ന് അടിസ്ഥാന തത്ത്വങ്ങൾ നമുക്ക് പരിശോധിക്കാം. അതാവട്ടെ പെണ്ണിന്റെ മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്നത് കൂടിയാണ്.

**1. പെൺവർഗത്തോടുള്ള കാഴ്ചപ്പാടിനെ മാറ്റി മറിച്ചു**

അജ്ഞാതകാല സമൂഹങ്ങളിൽ പെൺജനനത്തെ ദുശ്ശകുനമായും അവഹേളനമായും സമൂഹത്തിലെ സ്ഥാനക്കുറവായും കണ്ടിരുന്ന അവസ്ഥയെ മാറ്റി, സന്തോഷവാർത്തയായി അതിനെ കാണുവാൻ അവരെ അല്ലാഹു പഠിപ്പിച്ചെടുത്തു. പെൺജനനം വെറുക്കപ്പെട്ടതായി തോന്നുന്ന കാഴ്ചപ്പാടിനെ വിമർശിച്ചു കൊണ്ട് അല്ലാഹുവിന്റെ വെളിപാട് വന്നെത്തി. സ്ത്രീജീവിതത്തിന്റെ ഇരുണ്ട ഭൂമികയിൽ പുതിയ സൂര്യോദയത്തിന്റെ തുടക്കമായിരുന്നു അത്. അല്ലാഹു പറയുന്നു: "അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ; അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം! പരലോകത്തിൽ വിശ്വസിക്കാത്തവർക്കാകുന്നു ഹീനമായ അവസ്ഥ. അല്ലാഹുവിന്നാകുന്നു അത്യുന്നതമായ അവസ്ഥ. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു"(ക്വുർആൻ 16:58-60).

അവളുടെ അവകാശത്തെ ഉയർത്തിപ്പിടിക്കുകയും വിശ്വാസികളുടെ മനസ്സിനെ വിറകൊള്ളിക്കുകയും ചെയ്യും വിധം വിചാരണ നാളിലെ രംഗം അല്ലാഹു ഓർമപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "(ജീവനോടെ) കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ; താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന്"(ക്വുർആൻ 81:89). പെൺജനനത്തോടുള്ള അവരുടെ അജ്ഞാന കാലത്തെ കാഴ്ചപ്പാടിനെ ഇസ്‌ലാമിൽ എത്തിയ ശേഷവും തുടരുന്നതിനെ നബിﷺ ശക്തമായി താക്കീത് ചെയ്തു. അവിടുന്ന് പറഞ്ഞതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: "മൂന്നു കാര്യങ്ങൾ നിഷിദ്ധമാണ് (ഒരു നിവേദനത്തിൽ അല്ലാഹു നിങ്ങൾക്ക് നിഷിദ്ധമാക്കിയെന്നും മറ്റൊരു നിവേദനത്തിൽ അല്ലാഹുവിന്റെ ദൂതൻ നിഷിദ്ധമാക്കി എന്നുമുണ്ട്). മാതാക്കളെ ധിക്കരിക്കൽ, പെൺകുഞ്ഞിനെ കുഴിച്ചുമൂടൽ, നൽകാനുള്ളത് കൊടുക്കാതിരിക്കലും അനർഹമായത് ചോദിക്കലും."

വിശുദ്ധ ക്വുർആനിലെ സൂറതുശ്ശൂറയിലെ 49,50 വചനങ്ങളിൽ അല്ലാഹു മനുഷ്യർക്കു മക്കളെ നൽകുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഏറെ ചിന്തനീയമായ ആ വാക്യങ്ങൾ കാണുക: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു."

ഈ വചനങ്ങൾ വിവരിച്ചുകൊണ്ട് ഇമാം ഇബ്ൻ ഖയ്യിം(റഹി) പറയുന്നു: "അല്ലാഹു അവൻ ഉദ്ദേശിക്കും വിധം മക്കളെ നൽകുന്നുവെന്ന് പറഞ്ഞപ്പോൾ പെണ്ണിനെയാണ് മുന്തിച്ചത്. പിന്നെയാണ് ആണിനെ പരാമർശിക്കുന്നത്. അത് പെണ്ണിന്റെ ജനനം മോശമായിക്കണ്ട ഒരു സമൂഹത്തെ അതിന്റെ മഹത്ത്വം ബോധിപ്പിക്കുവാനാണ്. നാം പൊതുവെ ആണും പെണ്ണും എന്നാണ് പറയാറുള്ളത്!"

**2. പെൺകുട്ടികളെ പരിപാലിക്കുന്നതിന്റെ മഹത്വവും പ്രതിഫലവും എടുത്തു പറഞ്ഞു**

സമൂഹത്തിന്റെ ചിന്താഗതിയുടെ മാറ്റത്തിൽ ഒതുക്കിയില്ല പെണ്ണിന്റെ വളർച്ചയ്ക്കുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ; മറിച്ച് അവരെ വളർത്തുന്നതിനുള്ള ഉന്നത പ്രതിഫലവും മഹത്വവും പ്രവാ

**ഏതൊരു മനഃശാസ്ത്ര വിദഗ്ധനെയും അമ്പരപ്പിക്കുന്ന സൂക്ഷ്മമായ അധ്യാപനങ്ങളും നിർദേശങ്ങളുമാണ് അല്ലാഹുവിന്റെ പ്രവാചകൻﷺ മനുഷ്യരുടെ മുന്നിൽ വെക്കുന്നത്. ശാസ്ത്രീയവും പ്രായോഗികവുമായ ഈ നിർദേശങ്ങൾ പാലിച്ചു കൊണ്ട് മക്കളെ വളർത്തുന്ന ഏതൊരു രക്ഷിതാവും സമൂഹത്തിനു സമ്മാനിക്കുന്നത്, സ്നേഹ നിധിയായ ഭാര്യയെയും വാത്സല്യത്തിന്റെ നിറകുടമാവാൻ പ്രാപ്തമായ മാതാവിനെയും പ്രതിസന്ധികളിൽ പതറാതെ മുന്നോട്ട് നീങ്ങാൻ ധൈര്യം പകരുന്ന അധ്യാപികയെയുമൊക്കെയാണ്. ഇസ്‌ലാമിക ചരിത്രത്തിൽ വെട്ടിത്തിളങ്ങുന്ന താരകങ്ങളായി ശോഭിച്ച പല മഹാൻമാരെയും പ്രസവിച്ചത് ദൃഢമായ സത്യവിശ്വാസവും ഔന്നത്യബോധവും മനസ്സിലുറച്ച ഇത്തരം സ്ത്രീകളാണ്.**

ചകൻﷺ ഇസ്‌ലാമിക സമൂഹത്തെ പഠിപ്പിച്ചു. ഗൃഹ സംസ്കരണത്തിന്റെ ഏറ്റവും നല്ല മാർഗം സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയെന്നതാണ്. അവരെ അറിവും സംസ്കാരവും ദൈവഭക്തിയും ഔന്നത്യബോധവും ഉള്ളവരാക്കി വളർത്തിയാൽ അതിന്റെ ഗുണഫലം അവരിലൂടെ സമൂഹത്തിനു ലഭിക്കും. അതിന് അനിവാര്യമായത് അവരെ സ്നേഹവും ലാളനയും സുരക്ഷിത ബോധവും നൽകി വളർത്തുകയെന്നതാണ്. മനസിക വളർച്ചയാണ് അവരെ ലക്ഷ്യപ്രാപ്തിയിലേക്ക് കൈപിടിക്കുന്നത്. ആൺകുട്ടികളെക്കാൾ കൂടുതൽ ശ്രദ്ധയും പരിഗണയും അവർക്ക് ലഭിക്കേണ്ടതുണ്ട്. അതിനാൽ പെൺകുട്ടികളുടെ പരിപാലനം ശ്രമകരം തന്നെയാണ്. അത്കൊണ്ട് തന്നെയാണ് അവരുടെ പരിപാലനത്തിന് പ്രത്യേകം പ്രതിഫലവും മഹത്ത്വവും എടുത്തു പറയുന്നത്.

അല്ലാഹുവിന്റെ തിരുദൂതർ പറയുകയുണ്ടായി: "ആരെങ്കിലും രണ്ടു പെൺമക്കളെ പ്രായപൂർത്തിയാകുന്നത് വരെ നല്ല ശിക്ഷണവും വിദ്യാഭ്യാസവും നൽകി (ക്ഷമാപൂർവം) വളർത്തിയാൽ, ഞാനും അവനും ഉയർത്തെഴുന്നേൽപിന്റെ നാളിൽ ഇതുപോലെയായിരിക്കും -എന്ന് പറഞ്ഞിട്ട് അദ്ദേഹം തന്റെ വിരലുകൾ അടുപ്പിച്ചു പിടിച്ചു കാണിച്ചു" (മുസ്‌ലിം).

ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്ത ഹദീഥിൽ ആഇശ, തന്റെ വീട്ടിൽനിന്ന് വല്ലതും കിട്ടുവാൻ വേണ്ടി രണ്ടു പെൺമക്കളെയുമായി വന്ന സ്ത്രീ, തനിക്ക് കിട്ടിയ കാരക്കച്ചുളകൾ രണ്ടു മക്കൾക്ക് വീതിച്ചു കൊടുത്തതിനെ അത്ഭുതത്തോടെ നബിയോട് വിശദീകരിച്ചപ്പോൾ നബിﷺ അവരോടു പ്രതികരിച്ചത് ഇപ്രകാരമാണ്: 'ഇത്തരം പെൺകുഞ്ഞുങ്ങളുടെ കാര്യത്തിൽ ആരെങ്കിലും പരീക്ഷിക്കപ്പെടുകയും എന്നാൽ ആ പെൺകുഞ്ഞുങ്ങളെ നന്നായി നോക്കുകയും ചെയ്താൽ അവർ അവൾക്ക് (മാതാവിന്) നരകത്തിൽ നിന്നുള്ള മറയാവും.'

മുസ്‌ലിമിന്റെ നിവേദനത്തിൽ 'അവർ നിമിത്തം അവൾക്ക് സ്വർഗം നിർബന്ധമാകും അല്ലെങ്കിൽ നരക മോചനം നൽകും' എന്നാണുള്ളത്. പെൺമക്കളോ സഹോദരികളോ ആരാണങ്കിലും ഈ ശ്രദ്ധയും പരിഗണയും നൽകി വളർത്തിയാൽ അത് മൂലം അവർക്ക് സ്വർഗം ലഭിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അബൂസഇദുൽ ഖുദ്‌രി നിവേദനം ചെയ്യുന്നു: "ആർക്കെങ്കിലും മൂന്നു പെൺമക്കളോ അല്ലെങ്കിൽ മൂന്നു സഹോദരികളോ അല്ലെങ്കിൽ രണ്ട് പെൺമക്കളോ, രണ്ടു സഹോദരികളോ ഉണ്ടാവുകയും എന്നിട്ട് അവർക്ക് നല്ല ശിക്ഷണം നൽകി വളർത്തുകയും അവരുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്താൽ അവന്നു തീർച്ചയായും സ്വർഗമുണ്ട്" (അബൂദാവൂദ്, തിർമിദി).

നോക്കുക; ഇസ്‌ലാം എത്രമാത്രം സ്ത്രീകളെ പരിഗണിക്കുന്നു! ഇന്നും ഭൂരിപക്ഷം മനസ്സുകളെയും ഭരിക്കുന്നത് പെൺകുഞ്ഞുങ്ങൾ ഭാരമാണെന്ന ചിന്തയാണ്. പ്രസവ വാർത്ത കേട്ടാൽ 'അതും പെണ്ണാണ്' എന്ന പ്രതികരണത്തിൽ ഈ ചിന്ത ഒളിഞ്ഞിരിപ്പുണ്ട്. എന്നാൽ യഥാർഥ സത്യവിശാസികൾക്ക് പെൺകുഞ്ഞുങ്ങൾ എല്ലാ അർഥത്തിലും അല്ലാഹു പറഞ്ഞത് പോലെ സന്തോഷവാർത്ത തന്നെയാണ്. കൂടുതൽ വാത്സല്യവും കാരുണ്യവും നൽകി രക്ഷിതാക്കൾ അവരെ സംരക്ഷിക്കണമെന്ന് മാത്രം.

### 3. ആൺ, പെൺ മക്കൾക്കിടയിൽ തുല്യത കാണിക്കുക

പെൺമക്കളുടെ മാനസിക ഉയർച്ചയും വളച്ചയും സാധ്യമാക്കാൻ ഇസ്‌ലാം നൽകുന്ന മറ്റൊരു മനഃശാസ്ത്രപരമായ നിർദേശമാണ് അവർക്കിടയിൽ തുല്യത കാണിക്കുകയും ആൺമക്കളെ പെൺമക്കളെ ക്കാൾ ഉയർത്തി വെക്കാതിരിക്കുകയും ചെയ്യുകയെന്നത്. സ്നേഹത്തിലും വാത്സല്യത്തിലും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലും സമ്മാനങ്ങളും മറ്റും നൽകുന്നതിലും അവർക്കിടയിൽ വിവേചനമരുതെന്നാണ് ഇസ്‌ലാമിക സംസ്കാരം പഠിപ്പിക്കുന്നത്. സാധാരണ നമ്മുടെ വീടകങ്ങളിൽ കേൾക്കുന്ന ഒരു പ്രതികരണമാണ് 'നീ പെണ്ണല്ലേ', 'അവനൊരു ആണല്ലേ', നിനക്ക് താണുകൊടുത്തുകൂടേ' തുടങ്ങിയവ. ഇതെല്ലാം പെണ്ണിന്റെ മാനസിക വളർച്ചയിൽ മരവിപ്പ് ഉണ്ടാക്കുന്നതാണ്. ഇതിനെ ഇസ്‌ലാം നിരാകരിക്കുന്നു. നബിﷺ പറയുന്നു: "ആർക്കെങ്കിലും ഒരു പെൺകുഞ്ഞ് ഉണ്ടാവുകയും അവളെ കുഴിച്ചു മൂടാതെയും നിന്ദിക്കാതെയും ആൺകുഞ്ഞിനെ അവളെക്കാൾ മുന്തിക്കാതെയും വളർത്തിയാൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്" (അബൂദാവൂദ്).

ഏതൊരു മനഃശാസ്ത്ര വിദഗ്ധനെയും അമ്പരപ്പിക്കുന്ന സൂക്ഷ്മമായ അധ്യാപനങ്ങളും നിർദേശങ്ങളുമാണ് അല്ലാഹുവിന്റെ പ്രവാചകൻﷺ മനുഷ്യരുടെ മുന്നിൽ വെക്കുന്നത്. ശാസ്ത്രീയവും പ്രായോഗികവുമായ ഈ നിർദേശങ്ങൾ പാലിച്ചുകൊണ്ട് മക്കളെ വളർത്തുന്ന ഏതൊരു രക്ഷിതാവും സമൂഹത്തിനു സമ്മാനിക്കുന്നത്, സ്നേഹ നിധിയായ ഭാര്യയെയും വാത്സല്യത്തിന്റെ നിറകുടമാവാൻ പ്രാപ്തമായ മാതാവിനെയും പ്രതിസന്ധികളിൽ പതറാതെ മുന്നോട്ട് നീങ്ങാൻ ധൈര്യം പകരുന്ന അധ്യാപികയെയും ഒക്കെയാണ്. ഇസ്‌ലാമിക ചരിത്രത്തിൽ വെട്ടിത്തിളങ്ങുന്ന താരകങ്ങളായി ശോഭിച്ച പല മഹാൻമാരെയും പ്രസവിച്ചത് ദൃഢമായ സത്യവിശ്വാസവും ഔന്നത്യബോധവും മനസ്സിലുറച്ച ഇത്തരം സ്ത്രീകളാണ്. നമ്മുടെ പെൺമക്കളിലും ഈ നിലവാരത്തിലുള്ള മാനസിക ശാക്തീകരണം ഉണ്ടാക്കുന്നതാവണം ഇസ്‌ലാമിക് പാരന്റിംഗ്. **(തുടരും)**

# മഖാം ആക്രമണം
## കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം: വിസ്ഡം നേതാക്കൾ

നാടുകാണി ജാറം തകർത്ത കേസിൽ കുറ്റവാളികളെ കണ്ടെത്തിയ പോലീസ് നടപടി അഭിനന്ദനാർഹമാണെന്നും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി കൈക്കൊള്ളണമെന്നും വിസ്ഡം ഗ്ലോബൽ മിഷൻ സംസ്ഥാന ചെയർമാൻ പി.എൻ അബ്ദുല്ലത്തീഫ് മദനി,ജന. കൺവീനർ ടി.കെ അഷ്റഫ്, ഐ.എസ്.എം ജന:സെക്രട്ടറി കെ.സജ്ജാദ്, എം.എസ്.എം ജന:സെക്രട്ടറി എം.ലുബൈബ് എന്നിവർ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി.

ഖബറുകളുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ഖബർ വ്യവസായം തുടങ്ങിയവക്കെതിരെ ശക്തമായ ബോധവൽക്കരണമാണ് നടക്കേണ്ടത്. അതിന് പകരം അക്രമത്തിന്റെ മാർഗം സ്വീകരിക്കുക വഴി നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുകയും ഇസ്ലാമിക പ്രബോധനത്തിന് വിഘാതം സൃഷ്ടിക്കുകയുമാണ് പ്രതികൾ ചെയ്തിരിക്കുന്നത്. അക്രമത്തിന്റെ പാത മതവിരുദ്ധവും രാജ്യവിരുദ്ധവുമാണ്. ഇത്തരം ചെയ്തികളിലൂടെ ഏകദൈവാരാധനയുടെ പ്രചാരണത്തിനുള്ള അവസരമാണ് അക്രമികൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്.

ഇസ്ലാമിൽ മോഷണത്തിനുള്ള ശിക്ഷ കൈ മുറിക്കലാണെന്ന് ക്വുർആൻ 5:38ലും വ്യഭിചാരികളെ നൂറ് അടി വീതം അടിക്കണമെന്നും ക്വുർആൻ 24:2ലും പഠിപ്പിക്കുന്നു. ഇത് പോലെ ഇസ്ലാമിക ഭരണകൂട സംവിധാനത്തിലൂടെ മാത്രം നടപ്പാക്കേണ്ട ശിക്ഷാ നടപടികൾ ഇസ്ലാമിൽ ധാരാളമുണ്ട്. എന്നാൽ അതിന് പകരം പൗരന്മാർ നിയമം കയ്യിലെടുക്കുമ്പോൾ അരക്ഷിതാവസ്ഥയും കുഴപ്പങ്ങളുമുണ്ടാകുന്നു. അതാണ് നാടുകാണിയിലും സംഭവിച്ചത്.

പിടിക്കപ്പെട്ട അക്രമികളെ മുജാഹിദുകളുമായി ബന്ധപ്പെടുത്തി കാമ്പയിൻ നടത്തുന്നതിന് പിന്നിലുള്ള ഗൂഢാലോചന തിരിച്ചറിയണമെന്നും വിസ്ഡം നേതാക്കൾ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഏതാനും വികാരജീവികൾ കാട്ടിക്കൂട്ടുന്ന വിദ്വേഷ പ്രവർത്തനങ്ങളുടെ മറപിടിച്ച് നാട്ടിൽ മുജാഹിദുകൾ സമാധാനപരമായി നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ നിർത്തിവെപ്പിക്കാമെന്ന അജണ്ട ആത്മീയ വ്യാപാരികളുടെ വ്യാമോഹം മാത്രമാണ്.

നവജാത ശിശുവിന് മുലപ്പാൽ കൊടുക്കരുതെന്ന് കൽപിച്ചവരെയും, മരിച്ച ഭർത്താവിന്റെ മൃതദേഹം മാസങ്ങളോളം മറവ് ചെയ്യാതെ സൂക്ഷിക്കാൻ പ്രേരിപ്പിച്ചവരെയും, പുനർവിവാഹത്തിനായി പെട്രോളൊഴിച്ച് ഹോമം നടത്താൻ നേതൃത്വം കൊടുത്തവരുടെയുമൊക്കെ തനിനിറം പൊതുസമൂഹത്തിന് വ്യക്തമാക്കിക്കൊടുത്ത ബോധവൽക്കരണ രീതിയെ അട്ടിമറിക്കാനുള്ള നീക്കങ്ങളെ ഒന്നിച്ചു നേരിടണം.

തലതിരിഞ്ഞ ഓൺലൈൻ വായനയും മുൻഗാമികളുടെ രീതിശാസ്ത്രത്തെ അവഗണിച്ചുള്ള മതപഠനവും വരുത്തുന്ന വിനകളെ സംഘടിത സലഫി സംഘടനകൾക്ക് മേൽ കെട്ടിവെക്കാനുള്ള ശ്രമങ്ങൾ സമൂഹം തിരിച്ചറിയുക തന്നെ ചെയ്യും.

മതത്തെ കച്ചവടവൽക്കരിക്കുന്നവരെയും അക്രമികളെയും ഒരുപോലെ തുറന്ന് കാണിക്കാൻ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുമെന്നും പ്രസ്താവനയിൽ പറഞ്ഞു.

മഖാം തകർക്കുകയല്ല; ഏകദൈവാരാധന വ്യക്തമായി പഠിപ്പിക്കുക വഴി മനസ്സുകളിൽ നിന്ന് വികല വിശ്വാസങ്ങൾ പടിയിറക്കുകയാണ് മുജാഹിദുകളുടെ പ്രവർത്തന രീതി. കേരളത്തിൽ സംഘടിതമായി പ്രവർത്തിക്കുന്ന വിവിധ മുജാഹിദ് വിഭാഗങ്ങളിൽ ആരും മഖാമുകൾ അക്രമിക്കാൻ പഠിപ്പിച്ചിട്ടില്ല. ഖബറുകളിൽ കിടക്കുന്നത് ആരാണെന്നു പോലും അറിയാത്തവർ വരെ പ്രാർഥിക്കപ്പെടുന്ന ദുരവസ്ഥ കേരളത്തിൽ നിലനിൽക്കുന്നു എന്ന യാഥാർഥ്യം പ്രബോധന പ്രവർത്തനങ്ങളുടെ വർധിച്ച പ്രാധാന്യമാണ് വിളിച്ചോതുന്നത്.

മഖാമിൽ പ്രാർഥന നടത്തുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ട്. അതിന്റെ അർഥമില്ലായ്മ ചൂണ്ടികാണിക്കാനും ബോധവത്കരിക്കാനും മറ്റുള്ളവർക്കും അവകാശമുണ്ട്. പക്ഷെ അക്രമവും നിന്ദയും പാടില്ല. അഥവാ വിശ്വാസ സ്വാതന്ത്ര്യത്തിനു നേരെയാണ് നാടുകാണിയിൽ കയ്യേറ്റം നടന്നത്.

മദീനയിൽ ഇസ്ലാമിന് സമ്പൂർണ ഭരണം കിട്ടിയപ്പോഴും ജൂത സമൂഹത്തിന്റെ വിശ്വാസ ആചാര സ്വാതന്ത്ര്യം പ്രവാചകൻ നിഷേധിക്കാതിരുന്നത് ശ്രദ്ധേയമാണ്. എന്നിട്ടാണോ ആശയപ്രചാരണം നടത്താൻ സ്വാതന്ത്ര്യമുള്ള ഒരു രാജ്യത്ത് അപരന്റെ ആരാധനാകേന്ദ്രങ്ങൾ തകർക്കുന്നതെന്ന് ഇസ്ലാമിന്റ മുഖം വികൃതമാക്കാൻ ശ്രമിച്ച അക്രമികൾ ചിന്തിക്കണം.

മുമ്പ് മഖാമുകളെ അംഗീകരിച്ചവരും അതിന്റെ കമ്മറ്റിക്കാരുമടക്കം ധാരാളം പേർ മുജാഹിദ് ആശയത്തിലേക്ക് കടന്നു വന്നിട്ടുണ്ട്. അവർ ആരും നിയമവിരുദ്ധ രീതിയല്ല മറിച്ച്, സുതാര്യമായ പ്രബോധന പ്രവർത്തന ശൈലിയാണ് സ്വീകരിച്ചത്. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

# മുജാഹിദുകളെ നിഷ്‌ക്രിയരാക്കുവാൻ ശ്രമിക്കുന്നവരോട്...

മുജാഹിദുകൾ തീവ്രവാദികളാണെന്നും തീവ്രവാദം പ്രചരിപ്പിക്കുന്നവരാണെന്നും വരുത്തിത്തീർക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ് ചില പുരോഹിതന്മാർ! വാമൊഴിയായും വരമൊഴിയായും അവരത്‌ചെയ്തുകൊണ്ടിരിക്കുന്നു. ആത്മീയ ചൂഷണത്തിന് വിലങ്ങുതടിയായി നിൽക്കുന്നവരെ നിഷ്‌ക്രിയരാക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം എന്ന് വ്യക്തം.

തീവ്രവാദത്തിനും തീവ്രവാദ ചിന്താഗതികൾക്കുമെതിരെ സന്ധിയില്ലാ സമരം നടത്തുന്നവരാണ് മുജാഹിദുകൾ. ഇത് കേരളത്തിലെ ജനസാമാന്യത്തിന് ബോധ്യമുള്ള കാര്യമാണ്. ഇസ്‌ലാമിനെ രാഷ്ട്രീയവൽക്കരിച്ച് മതരാഷ്ട്രവാദവുമായി ചിലർ കടന്നുവന്നപ്പോൾ അതിനെതിരെ ശക്തമായ പ്രചാരണം നടത്തുകയും നാവും തൂലികയും ചലിപ്പിക്കുകയും ചെയത പാരമ്പര്യമാണ് മുജാഹിദുകൾക്കുള്ളത്. വർത്തമാനകാലത്തും ഇത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സയ്യിദ് ഖുത്വുബിന്റെയും ഹസനുൽ ബന്നയുടെയും ഇഖ്‌വാനുൽ മുസ്‌ലിമീന്റെയും ആശയങ്ങൾ പുസ്തകത്താളുകളിലൂടെ ചില മതസംഘടനകൾ പ്രചരിപ്പിച്ചപ്പോഴും വിശുദ്ധ ക്വുർആനിലെ ജിഹാദുമായി ബന്ധപ്പെട്ട വചനങ്ങൾ സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്ത് മുസ്‌ലിം യുവാക്കളുടെ വികാരം ഇളക്കിമറിക്കാനുള്ള ശ്രമം ഉണ്ടായപ്പോഴും വിഷയങ്ങളുടെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് പൊതുസമൂഹത്തിലേക്കിറങ്ങിയതും ജനങ്ങളുടെ തെറ്റിദ്ധാരണ നീക്കിക്കൊടുത്തതും മുജാഹിദ് പ്രസ്ഥാനത്തിലെ പ്രവർത്തകരും പ്രഭാഷകരും തന്നെയായിരുന്നു.

'അസ്‌ലുൽ ഉസ്വൂൽ' (അടിത്തറകളുടെ അടിത്തറ) എന്ന ഓമനപ്പേരിട്ടുകൊണ്ട് ഇസ്‌ലാമിക രാഷ്ട്ര നിർമാണം നിർവഹിച്ചില്ലെങ്കിൽ ഇസ്‌ലാം പൂർത്തിയാവുകയില്ലെന്നും ഇന്ന് ലോകത്തെവിടെയും ഇസ്‌ലാമിക് രാഷ്ട്രം ഇല്ലെന്നും അതിനാൽ ഒരു ഇസ്‌ലാമിക രാഷ്ട്രനിർമാണമാണ് സിറിയയിലും ഇറാഖിലും നാം നടത്തുന്നതെന്നും ഒരു ഖലീഫയെ തിരഞ്ഞെടുത്ത് ബൈഅത്ത് ചെയ്യണമെന്നും അതിനായി എല്ലാവരും ഇറാഖിലേക്കും സിറിയയിലേക്കും വരണമെന്നും പറഞ്ഞ് ക്വുർആൻ വചനങ്ങൾ ദുർവ്യാഖ്യാനിച്ച് മുസ്‌ലിം സമൂഹത്തെ നശിപ്പിക്കുവാനും അവർക്കിടയിൽ ചാവേറുകളായി പൊട്ടാനും പരിശുദ്ധ സ്ഥലങ്ങളിൽ പോലും കൊലപാതകങ്ങൾ നടത്താനുമുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ ഐ.എസ്.ഐ.എസ് ഇസ്‌ലാമല്ല എന്നും അതിന് ഇസ്‌ലാമുമായി ബന്ധമില്ല എന്നും പള്ളിമിമ്പറുകളിലും അങ്ങാടികളിലും ധൈര്യസമേതം വിളിച്ച് പറയാൻ ആദ്യമായി രംഗത്തുണ്ടായതും മുജാഹിദുകൾ തന്നെയായിരുന്നു. ഐ.എസ്.ഐ.എസ് ഇസ്‌ലാമല്ല, അത് ഇസ്‌ലാംവിരുദ്ധ കൂട്ടായ്മയാണ്, തീവ്രവാദമാണ് എന്ന് ജനലക്ഷങ്ങളെ സാക്ഷി നിർത്തി അറഫാദിനത്തിൽ പ്രസംഗിച്ചത് ഇന്ന് സമസ്തക്കാർ 'വഹാബികൾ' എന്ന് പരിഹസിച്ച് പറയുന്ന സൗദി ഭരണകൂടത്തിന്റെ കീഴിലുള്ള പണ്ഡിതസഭയുടെ ഗ്രാന്റ് മുഫ്തിയായ ആലു ശൈഖ് ആയിരുന്നു. മസ്ജിദുൽ ഹറാമിലും മേൽസൂചിപ്പിച്ച രൂപത്തിലുള്ള ഖുതുബ നിർവഹിച്ചത് ശൈഖ് അബ്ദുറഹ്മാൻ അസ്സുദൈസും ശൈഖ് ശുറൈമുമായിരുന്നു.

മുജാഹിദുകൾ എവിടെയും തീവ്രവാദം പഠിപ്പിക്കുന്നില്ല; പഠിപ്പിച്ചിട്ടുമില്ല. ഉസാമ ബിൻലാദന് സൗദി വിട്ട് പോകേണ്ടി വന്നതും പിന്നീട് അയാൾ സൗദിക്കെതിരെ രംഗത്തിറങ്ങിയതും സൗദി പണ്ഡിതന്മാർ അയാൾക്ക് എതിരായിരുന്നു എന്നതു കൊണ്ട് തന്നെയായിരുന്നു. ഭരണകൂടത്തിനെതിരെയു

ള്ള സംസാരവും തീവ്രവാദ ചിന്താഗതികളും പ്രചരിപ്പിക്കുവാൻ ബിൻലാദന് മതപരമായ അനുവാദം നൽകുകയല്ല സൗദിയിലെ സലഫി പണ്ഡിതന്മാർ ചെയ്തത്. മറിച്ച് പ്രബന്ധങ്ങളായും പ്രസംഗങ്ങളായും ഫത്‌വകളായും തീവ്രവാദത്തിന്റെ അടിവേരെടുത്തുകളയുവാനാണ് അവർ ശ്രമിച്ചത്.

ഐ.എസ്.ഐ.എസിനെതിരെ ശക്തമായ നിലപാടുമായി മുജാഹിദുകൾ രംഗത്തുണ്ട്. ഖവാരിജുകളുടെ ആധുനിക പതിപ്പാണ് അവർ എന്ന് മുജാഹിദുകൾ ലോകത്തോട് ധൈര്യസമേതം വിളിച്ചുപറഞ്ഞിട്ടുമുണ്ട്.

വസ്തുത ഇതായിരിക്കെ പുരോഹിതന്മാർ മുജാഹിദ് പ്രസ്ഥാനത്തിനെതിരെ തീവ്രവാദമാരോപിക്കുന്നത് എന്തിന്? താലിബാനെയും ഐ.എസിനെയും സലഫികൾ എന്ന് മുദ്രകുത്തുവാൻ ഇവർ വ്യഗ്രത കാണിക്കുന്നതെന്തിനാണ്? അതിന് ചില കാരണങ്ങളുണ്ട്. മുസ്‌ലിം സമൂഹത്തിന്റെ അറിവില്ലായ്മയെ ചൂഷണം ചെയ്തു ജീവിക്കുന്നവരായിരുന്നു പുരോഹിതന്മാർ. ക്വബ്‌റിന്മേൽ കത്തപ്പുര കെട്ടി അവിടെയിരുന്ന് ക്വുർആൻ ഓതിയും പിഞ്ഞാണമെഴുതികൊടുത്തും വീട്ടുമൗലീദും നാട്ടുമൗലീദും കൂട്ടമൗലീദും ചൊല്ലിപ്പിച്ചും 'യാസീനും' 'റഹ്മാനും' വിറ്റും അനങ്ങുന്നേടത്തെല്ലാം അൽഫാതിഹ വിളിച്ചും മുസ്‌ലിം സമൂഹത്തെ ഞെക്കിപ്പിഴിയുകയായിരുന്നു പണ്ട് പുരോഹിതന്മാർ.

മുജാഹിദ് പ്രസ്ഥാനം ജനങ്ങൾക്ക് പ്രമാണികമായി കാര്യങ്ങൾ വിശദീകരിച്ച് കൊടുത്തു. ജനങ്ങൾ ഉൽബുദ്ധരായി. തൗഹീദ് ഉൾക്കൊണ്ടു. ബിദ്അത്തുകൾ ഒഴിവാക്കി. അതോടെ പുരോഹിതന്മാരുടെ വരുമാനം കുറഞ്ഞു. തങ്ങളുടെ സ്ഥാനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് അവർക്ക് മനസ്സിലായിത്തുടങ്ങി. പ്രമാണം കൊണ്ട് മുജാഹിദുകളെ നേരിടാനും വയ്യ. എന്തുണ്ട് മാർഗം? പുരോഹിതന്മാർ ചിന്തിച്ചു; ചിന്തിച്ചേ പറ്റൂ. കാരണം തൗഹീദിന്റെ ശബ്ദം എങ്ങും മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ക്വബ്ർ പൂജക്കെതിരെ, ക്വബ്‌റുകൾ കെട്ടിപ്പൊക്കുന്നതനെതിരെ, അവിടെ നിലവിളക്ക് കൊളുത്തുന്നതിനെതിരെ, സ്വലാത്ത് കച്ചവടത്തിനെതിരെ... ഇന്നും ശബ്ദമുയർത്തിക്കൊണ്ടേയിരിക്കുന്നു മുജാഹിദുകൾ. അതിനും പുറമെ നാടൊട്ടുക്കും മുഖാമുഖങ്ങൾ! പ്രമാണമില്ലാതെ ചോദ്യം ചോദിച്ച് 'ഉത്തരം മുട്ടിക്കുവാൻ' വന്നവർ 'ചോദ്യം മുട്ടി' തലയും താഴ്ത്തി മടങ്ങിപ്പോകുന്നത് പതിവു കാഴ്ചയായി!

മുഖാമുഖ വേദിയിൽ മുസ്‌ല്യാക്കൾ വന്ന് 'സംവാദത്തിനുണ്ടോ' എന്ന് വെല്ലുവിളിക്കുന്നു. ഇപ്പോൾ തന്നെ ആകാം സംവാദം എന്ന് വേദിയിൽ നിന്നും മറുപടി കിട്ടുമ്പോൾ വ്യവസ്ഥ വേണം എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്നു. ഖണ്ഡന പ്രസംഗങ്ങൾക്കാകട്ടെ അവർക്ക് വൈമനസ്യവും. ഇതൊക്കെ സാധാരണക്കാർ കാണുകയാണ്. അവർ സത്യമാർഗത്തിലേക്ക് വരുന്നു. മാലമൗലീദുകൾ ക്വുർആനിനും പ്രവാചകാധ്യാപനങ്ങൾക്കും (ഹദീഥുകൾ) എതിരാണെന്ന് മുജാഹിദുകൾ വിശദീകരിക്കുന്നു. ഇതിനെല്ലാം മുമ്പിൽ മുസ്‌ല്യാക്കൾക്ക് പിടിച്ച് നിൽക്കാനാവുന്നില്ല. പിന്നെ എന്തുണ്ട് പരിഹാരം? ഈ ചിന്തയിൽ നിന്നാണ് മുജാഹിദുകൾ തീവ്രവാദികളാണ് എന്ന് പ്രചരിപ്പിക്കുക എന്ന കുടില തന്ത്രം ഉരുത്തിരിഞ്ഞത്. അതാണ് അവർ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്.

പിടിക്കപ്പെട്ട ആരെങ്കിലും എന്നെങ്കിലും മുജാഹിദ് പള്ളിയിൽ നമസ്കരിക്കാൻ പോയതായോ, ഏതെങ്കിലും ഇസ്‌ലാഹി സെന്ററിൽ എന്നെങ്കിലും ക്ലാസിൽ പങ്കെടുത്തതായോ അറിഞ്ഞാൽ പിന്നെ പറയുകയും വേണ്ട. ആളുകളെ ഇന്റർവ്യൂ നടത്തിയല്ലല്ലോ ആരും പള്ളികളിലും മറ്റും പ്രവേശിപ്പിക്കുന്നത്. ഏതെങ്കിലും തലതിരിഞ്ഞവൻ തീവ്രവാദത്തിൽ ആകൃഷ്ടനായിട്ടുണ്ടെങ്കിൽ തീവ്രവാദത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുന്ന മുജാഹിദുകൾ എങ്ങനെ അതിന് ഉത്തരവാദികളാകും? ഇസ്‌ലാഹി സെന്ററുകളിൽ തീവ്രവാദം പഠിപ്പിക്കുന്നില്ല. മുജാഹിദുകൾ ഒരു പള്ളിയിലും ഐസിസിൽ ചേരണമെന്നോ താലിബാന്റെ മെമ്പർമാരാകണമെന്നോ ഖുത്വുബയിലൂടെയോ മറ്റോ ആഹ്വാനം ചെയ്തിട്ടില്ല. ഒരു പ്രസിദ്ധീകരണത്തിലും എഴുതിയിട്ടുമില്ല.

ഒന്നുകൂടി വ്യക്തമാക്കാം. തടിയന്റെവിട നസീർ പിടിക്കപ്പെട്ടു. അദ്ദേഹം കണ്ണൂരിൽ സമസ്തയുടെ മദ്‌റസയിൽ പഠിച്ച വ്യക്തിയാണ്. സമസ്തയുടെ പള്ളിയിലായിരുന്നു പോയിരുന്നത്. എന്നാൽ ഇന്നേവരെ ഒരു മുജാഹിദും ഇക്കാരണത്താൽ സമസ്തയുടെ മദ്‌റസയിലും പള്ളിയിലും തീവ്രവാദം പഠിപ്പിക്കുന്നു എന്നോ തീവ്രവാദത്തിലേക്ക് റിക്രൂട്ട്മെന്റ് ചെയ്യുന്നു എന്നോ പറഞ്ഞിട്ടില്ല. സ്ത്രീധനത്തുക ബാക്കി കിട്ടാത്തതിന്റെ പേരിലും മറ്റും മുസ്‌ലിം സമുദായത്തിലെ പലരും സ്വന്തം ഭാര്യയെ മർദിക്കുകയും കൊലപാതകം വരെ നടത്തുകയും ചെയ്തിട്ടുണ്ട്. അവരിൽ പലരും ചെറുപ്പത്തിൽ സമസ്തയുടെ മദ്‌റസയിൽ പഠിച്ചവരായിരിക്കും, സമസ്തയുടെ പള്ളിയിൽ പോകുന്നവരുമാകും. അക്കാരണത്താൽ അവരുടെ കുറ്റം സമസ്തയുടെ തലയിൽ കെട്ടിവെക്കാമോ? ഏത് കുറ്റകൃത്യത്തിന്റെയും കാര്യം ഇങ്ങനെത്തന്നെയാണ്.

മുജാഹിദുകളുടെ നിലനിൽപ് തങ്ങളുടെ ചൂഷണത്തിന് വിഘാതമാണ് എന്നതിനാൽ അവർക്കെതിരിൽ തീവ്രവാദം ആരോപിക്കുന്നവർ ഫാസിസമെന്ന ആകാശം തലയിലേക്ക് ഇടിഞ്ഞ് വീഴുമ്പോൾ അത് മുജാഹിദുകളുടെ തലയിലേക്ക് മാത്രമല്ല തങ്ങളുടെ തലപ്പാവിനു മുകളിലേക്കും വരും എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞാൽ നല്ലത്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# കഴുത്തറുക്കുന്ന കലോത്സവങ്ങൾ

**കേ**രളത്തിന്റെ ബാല്യവും കൗമാരവും കലാവാസനകൾ മാറ്റുരക്കുന്ന സ്‌കൂൾ കലോത്സവങ്ങൾ തകൃതിയായി നടന്നുകൊണ്ടിരിക്കുന്ന സമയമാണിത്. പുതുതലമുറയുടെ ഭാസുരമായ ഭാവി ലക്ഷ്യം വെച്ച് കൊണ്ട് ആവിഷ്‌ക്കരിച്ച ഇത്തരം മത്സരങ്ങളുടെ ഫലപ്രാപ്തിയെ കുറിച്ച് ഗൗരവമായ പരിശോധന നടക്കേണ്ടതുണ്ട്. താഴെ തട്ട് മുതൽ സംസ്ഥാന തലം വരെ നടക്കുന്ന കലാമേളകളിൽ എത്രത്തോളം ഫലപ്രാപ്തിയുണ്ടെന്നതാണ് ഏറെ പ്രസക്തമായ ചോദ്യം.

കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കുക എന്ന ഉദാത്തമായ ലക്ഷ്യം മുന്നിൽ വെച്ച് കൊണ്ടാണ് സർക്കാർ തലത്തിൽ സാഹിത്യ-കലാമത്സങ്ങൾ ആവിഷ്‌ക്കരിച്ചിട്ടുള്ളത്. പാഠ്യപദ്ധതിയിലും സിലബസ്സിലും പലകുറി ഭേദഗതി വരുത്തിയിട്ടും മത്സരങ്ങളോടുള്ള കാഴ്ചപ്പാടും നടപ്പിലാക്കുന്ന രീതിയും കാര്യമായ മാറ്റമില്ലാതെ തുടരുന്നു എന്നുള്ളത് ഏറെ വൈരുധ്യാത്മകമാണ്.

വർധിച്ച മത്സരവീര്യത്തോടെ വീറും വാശിയും അലങ്കാരമാക്കി നടക്കുന്ന മാമാങ്കങ്ങൾ കുട്ടികളുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് തന്നെയാണ് അനുഭവങ്ങൾ വിളിച്ചു പറയുന്നത്. വിദ്യാഭ്യാസ രംഗത്ത് ആഗോളതലത്തിൽ നിലവിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി കാര്യമായ അഴിച്ചു പണി ഇന്ത്യയിലും, വിശിഷ്യാ കേരളത്തിലും നടപ്പിൽ വരുകയുണ്ടായി.

കുട്ടികളിൽ വർധിച്ച് വരുന്ന ടെൻഷൻ, മാനസിക പിരിമുറുക്കം എന്നീ പ്രശ്‌നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന രീതിയിൽ ഏറെ ആശ്വാസകരമായിരുന്നു കാലാ കാലങ്ങളായി നടപ്പിലാക്കിയ ഇത്തരം പരിഷ്‌കാരങ്ങൾ. കേവല യന്ത്ര മനുഷ്യരായി വിദ്യാർഥികളെ വാർത്തെടുക്കുന്നതിന് പകരം അവരുടെ ബുദ്ധിശേഷിയും സർഗാത്മകതയും പരിപോഷിപ്പിക്കുന്നതിൽ ഇത്തരം മാറ്റങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട് എന്നത് യാഥാർഥ്യമാണ്.

വിദ്യാഭ്യാസ രംഗത്തും അധ്യാപന രീതിയിലും നടപ്പിൽ വരുത്തിയ പരിഷ്‌കരണങ്ങളുടെ ഗുണഫലങ്ങൾ മുഴുവൻ നിഷ്ഫലമാക്കുന്ന രൂപത്തിൽ ഒരുപാട് അനാരോഗ്യകരമായ പ്രവണതകൾ കലാ മത്സരങ്ങളുടെ രംഗത്ത് രൂപപ്പെട്ടിട്ടുണ്ട് എന്നത് ഞെട്ടിക്കുന്ന വസ്തുതയാണ്.

തല തിരിഞ്ഞ കരിയർ സ്വപ്നങ്ങൾ മക്കളുടെ മണ്ടയിൽ അടിച്ച് കേറ്റുന്ന രക്ഷിതാക്കൾ സിനിമാ നടിയാകുക എന്നതിനപ്പുറത്ത് ജീവിതത്തിൽ ഒരു നേട്ടവും വരിക്കാനില്ലാ എന്ന രീതിയിലാണ് മക്കളെ പറഞ്ഞ് പറ്റിക്കുന്നത്.

നൃത്ത-നൃത്യങ്ങളിലും അഭിനയ മത്സരങ്ങളിലും നല്ല നിലവാരം പുലർത്തിയാൽ പിന്നെ, വെച്ചടി വെച്ചടി കയറ്റമാണെന്ന് ധരിച്ചുവശായ രക്ഷിതാക്കളും സമൂഹവും വിദ്യാർഥികളെ കൊണ്ട് ചെന്നെത്തിക്കുന്നത് ആത്മഹത്യാ മുനമ്പുകളുടെ മുമ്പിലാണെന്ന കാര്യം ഏറെ അപകടകരമാണ്.

നടക്കാൻ തുടങ്ങുന്നതിന്റെ മുമ്പു തന്നെ പിഞ്ചു കുഞ്ഞുങ്ങളുടെ കാലിൽ ചിലങ്ക കെട്ടിക്കൊടുത്ത് അവരെ തങ്ങളുടെ താളത്തിനൊത്ത് അരങ്ങിലും അണിയറിയിലും തുള്ളിക്കാൻ ശ്രമിക്കുന്ന രക്ഷിതാക്കൾ അറിയാതെ പോകുന്നത് താളം തെറ്റുന്ന മനസ്സിനകത്ത് ശ്വാസം മുട്ടുന്ന ഭാവി സ്വപ്നങ്ങളാണ്.

ലക്ഷക്കണക്കിന് രൂപ അനാവശ്യമായി ചെലവിട്ട് പരിശീലനം തേടുകയും, ഏതാനും നിമിഷങ്ങൾ മാത്രം നടക്കുന്ന മത്സരങ്ങൾക്കായി മണിക്കൂറുകൾ കോടതി വരാന്തയിൽ കാത്ത് നിൽക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ വരി നീണ്ടു നീണ്ടു വരികയാണ്. ഇത്തരം കൊട്ടിഘോഷങ്ങളുടെ മറവിൽ പുഴുത്ത് നാറുന്ന അഴിമതിയുടേയും സാമ്പത്തിക ക്രമക്കേടിന്റെയും കഥകൾ കണക്കില്ലാതെ പെറ്റുപെരുകുകയാണ്. അപകടകരമായ ഒരുപാട് നാടകങ്ങൾ അരങ്ങിന് പുറത്ത് നടക്കുന്നുണ്ടെന്നതറിഞ്ഞിട്ടും കണ്ണു തുറക്കാതെ ഉറക്കം നടിക്കുന്ന അധികാരികൾ, മനോരോഗത്തിലും ആത്മഹത്യയിലും എ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനം നേടുന്ന വിദ്യാർഥികളുള്ള സംസ്ഥാനമായി നമ്മുടെ നാടിനെ എത്തിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.




സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

# ISM ഹദീഥ് സെമിനാർ

WISDOM GLOBAL ISLAMIC MISSION

ISM KERALA

ഒക്ടോബർ–ഡിസംബർ

(ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 02 Dec 2017

Reg NO: KL/CT/225/2016-18
Price: ₹10/-

# മലയാളിയുടെ നേർവായനക്ക് ഒരു വയസ്സ്...

WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം



വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

# നേർപഥം

നേരിന്റെ വരമൊഴി — വാരിക

**വരി ചേരുക, വായിക്കുക...**

**പ്രചാരണ മാസം**
**2017 നവം: 10 - ഡിസം: 10**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com